34th Year of Service 2026

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

January 05, 2026 Vol. XXXIV No. 01


## Rosa Mystica Care Home

Near Caritas Matha Hospital, MC Road, Kottayam, Phone: 8547917898, 8547444579

web:www.rosamysticacarehome.com, You Tube: Rosa mystica Care Home, E-mail:rosamysticacarehome@gmail.com

Branch: Opp.CMS College Main ground, Kottayam-01, Phone: 8547917898, 6238917898,7012783053, 8547916898



Branch all ready started in Kottayam





കുറച്ചു കാലത്തേക്കോ, സ്ഥിരമായിട്ടോ വിശ്രമജീവിതം ആഗ്രഹിക്കുന്നവർക്കായ് ആരോഗ്യവും സന്തോഷവും സമാധാനവും നിറഞ്ഞ ഭവനാന്തരീക്ഷം ഞങ്ങൾ ഒരുക്കുന്നു.

### ഞങ്ങളുടെ സേവനങ്ങൾ





- 24 മണിക്കൂറും യൂറോപ്യൻ നിലവാരമുള്ള നേഴ്സിംഗ് പരിചരണം
- ഫിസിയോ തെറാപ്പി & സ്പീച്ച് തെറാപ്പി
- ഡോക്ടറിന്റെ സേവനം (Doctor Visit)
- വിദഗ്ദ്ധ പാലിയേറ്റിവ് കെയർ വിഭാഗം
- Tracheostemy Care, Suction, Bed Ridden with Bedsore care തുടങ്ങി ഒരു ഹോസ്പിറ്റലിൽ കൊടുക്കുന്ന എല്ലാവിധ നേഴ്സിംഗ് കെയർ.
- Folyes catheter and Ryles tube insertion etc...
- Peg tube Feeding
- Critical care support Exg. Ventilator, Bipap etc..
- Heavy Residents നെ lift ചെയ്യുവാൻ ആധുനിക ഉപകരണം (Sling hoist)
- ആംബുലൻസ് സൗകര്യം
- സോഷ്യൽ വർക്കർമാരുടെ (M.S.W) മേൽനോട്ടം
- കൗൺസിലിംഗ്, മാനസിക ഉല്ലാസം നൽകുന്ന പ്രോഗ്രാമുകൾ
- Homely Food
- എ.സി & നോൺ എ.സി. മുറികൾ
- സ്വയം ചലിക്കുവാൻ സാധിക്കാത്തവർക്കുപോലും പ്രകൃതിയുടെ ഭംഗി ആസ്വദിക്കുവാൻ ഇവിടെ അവസരം ഒരുക്കപ്പെടുന്നു.
- ആവശ്യമെങ്കിൽ Hospital Admission with our Bystander





- പരസഹായം വേണ്ടവർക്ക് അവരുടെ മനസ്സറിഞ്ഞ്, ഹൃദയംതൊട്ട് അവരുടെ കൈ കാലുകളായി റോസാ മിസ്റ്റിക്ക പ്രവർത്തിക്കുന്നു.
- ജോലിയിൽ നിന്ന് വിരമിച്ചവർക്ക് വിശ്രമജീവിതം ആനന്ദകരമാക്കാൻ അവസരം ഒരുക്കുന്നു

BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY

SUNNY
FINANCIAL STRATEGIES, LLC

Tom Sunny, CFP®, CLU®, RICP®
Financial Advisor & Planner
847-414-9116 tom@sunnyfinancial.com

- Comprehensive Financial Planning
- Risk Management & Insurance: Life/Disability/Long Term Care/Health/Medicare
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Professional Investment Management & Guidance
- Business Plans/Employee Benefits/Pension
- Retirement Income/Retirement Savings
- Tax Planning Strategies
- Estate Planning: Trusts/Wills
- Education Funds



www.sunnyfinancial.com

475 N Martingale Rd, Suite 1250, Schaumburg, IL 60173

Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.

SECURE TAX SERVICES

DBA Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone: 630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540

Free Electronic Filing

LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients
Home Visits Available



Steve Crifase
Steve@Crifaselaw.com

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB A+ Rating Better Business Bureau

34th Year of Service 2026

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 റെയിൽവേ പാർക്കിംഗ് കേന്ദ്രത്തിൽ വൻ തീപിടിത്തം
8 300 വീടുകൾ അടുത്ത മാസം കൈമാറും
15 രാജു പള്ളത്ത് ഇന്ത്യാ പ്രസ്ക്ലബ് പ്രസിഡണ്ട്
22 കെസിഎസ് ചിക്കാഗോ പുതുവത്സരം ആഘോഷിച്ചു
25 ഹൂസ്റ്റണിൽ ഫാമിലി ബോണ്ടിങ്

## 34–ന്റെ നിറവിൽ കേരളാ എക്സ്പ്രസ്

ചിക്കാഗോ: അമേരിക്കൻ മലയാളികളുടെ വായനയും ചിന്തകളും സമൃദ്ധമാക്കിയ കേരളാ എക്സ്പ്രസ് മുപ്പത്തിനാലാം വർഷത്തിലേക്കു കടക്കുകയാണ്. നമ്മുടെ സംസ്കാരവും പൈതൃകവും അമേരിക്കൻ മണ്ണിലും നിലനിർത്താൻ നടത്തിയ പരിശ്രമത്തിന്റെ വിജയവഴികളാണ് കഴിഞ്ഞ മുപ്പത്തിമൂന്ന് വർഷങ്ങൾ. 1992–ൽ പ്രവർത്തനമാരംഭിച്ച ഈ പ്രസിദ്ധീകരണം മാതൃഭാഷയ്ക്ക് നല്കിയ വെളിച്ചം കൂടിയായിരുന്നു നാളിതുവരെയുള്ള മാധ്യമസേവനം.



കെ.എം. ഈപ്പൻ



ജോസ് കണിയാലി

ഇതിന്റെ തുടക്കം മുതൽ പത്രം പ്രിന്റ്ചെയ്ത് തപാൽ മാർഗ്ഗം അയച്ചുകൊണ്ടിരുന്ന രീതിയിൽ നിന്നുമുള്ള ഒരു വലിയ മാറ്റമായിരുന്നു കഴിഞ്ഞവർഷം ജൂലൈ മുതൽ നടപ്പിലാക്കിയത്. ഇപ്പോൾ പരിപൂർണ്ണമായും ഒരു ഓൺലൈൻ പത്രമായി കേരളാ എക്സ്പ്രസ് പ്രവർത്തിക്കുകയാണ്. എല്ലാ തിങ്കളാഴ്ചയും ആധുനിക സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കൂടുതൽ വായനക്കാരിലേക്ക് കേരളാ എക്സ്പ്രസ് എത്തിക്കൊണ്ടിരിക്കുന്നു. കാലത്തിനനുസരിച്ചുള്ള കാലോചിതമായ ഈ മാറ്റത്തെ രണ്ട് കൈയും നീട്ടി സ്വീകരിച്ച പ്രിയപ്പെട്ട വായനക്കാർക്ക് പ്രത്യേകം നന്ദി പറയുന്നു.


വാർത്തകൾ വിരൽത്തുമ്പിൽ എത്തിനിൽക്കുന്ന ഇക്കാലത്ത് അതിവേഗം, ബഹുദൂരം സഞ്ചരിക്കാൻ ഇരുപത്തിനാല് മണിക്കൂറും കേരളാ എക്സ്പ്രസ് പ്രതിജ്ഞാബദ്ധമാണ്. കേരളാ എക്സ്പ്രസ് ഡോട്ട് കോം ഇപ്പോൾ അമേരിക്കൻ മലയാളികളുടെ ദൈനംദിന വാർത്തകളുടെ നേർചിത്രമായി മാറിക്കഴിഞ്ഞു. മനുഷ്യജീവിതത്തിന്റെ നേർചിത്രങ്ങൾക്കും അമേരിക്കൻ മലയാളികളുടെ വാർത്തകൾക്കും പ്രാധാന്യം നല്കുന്ന കേരളാ എക്സ്പ്രസ് പുതുവത്സരത്തിലേക്ക് കടക്കുമ്പോൾ 2026 ഞങ്ങൾക്ക് കൂടുതൽ പ്രതീക്ഷകൾ നല്കുന്നു.

കേരളാ എക്സ്പ്രസിന്റെ വഴികളിൽ താങ്ങും തണലുമായി നിന്ന എല്ലാ അമേരിക്കൻ മലയാളികൾക്കും സംഘടനാ സുഹൃത്തുക്കൾക്കും പ്രത്യേകിച്ച് വായനക്കാർ, പരസ്യദാതാക്കൾ, എഴുത്തുകാർ തുടങ്ങിയ എല്ലാവർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി. തുടർന്നും എല്ലാവരുടെയും പിന്തുണയും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് എല്ലാ വായനക്കാർക്കും ഐശ്വര്യപൂർണ്ണമായ ഒരു പുതുവത്സരം ആശംസിക്കുന്നു.

**കെ.എം. ഈപ്പൻ (ചീഫ് എഡിറ്റർ)**

**ജോസ് കണിയാലി (എക്സിക്യൂട്ടീവ് എഡിറ്റർ)**

## പുനർജനി: വി.ഡി. സതീശനെതിരെ സിബിഐ അന്വേഷണത്തിന് ശിപാർശ



തിരുവനന്തപുരം: മഹാ പ്രളയത്തിൽ തകർന്ന പറവൂരിന്റെ പുനർനിർമാണ പ്രവർത്തനത്തിനായി പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ നടപ്പാക്കിയ പുനർജനി പദ്ധതിക്കായി വിദേശത്തുനിന്ന് ഫണ്ട് പിരിച്ചതിലെ ക്രമക്കേട് സിബിഐ അന്വേഷിക്കണമെന്ന് വിജിലൻസ് ശിപാർശ. ഒരു വർഷം മുൻപ് വിജിലൻസ് ഡയറക്ടർ മുഖ്യമന്ത്രിക്കു നൽകിയ ശിപാർശയാണ് നിയമസഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കേ പുറത്തുവിട്ടത്. മുഖ്യമന്ത്രിയുടെ പരിഗണനയിലുള്ള ശിപാർശയിൽ മന്ത്രിസഭായോഗം ചേർന്നാണ് സിബിഐക്കു വിടുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുക.

പുനർജനി പദ്ധതിയുടെ പേരിൽ എഫ്സിആർഎ നിയമത്തിന്റെ ലംഘനം, സ്വകാര്യ സന്ദർശനത്തിനായി കേന്ദ്ര സർക്കാരിൽനിന്ന് അനുമതി നേടിയ ശേഷം വിദേശത്ത് പോയി ഫണ്ട് സ്വരൂപിച്ചത്, അത് കേരളത്തിലെ അക്കൗണ്ടിലേക്ക് (ശേഷം 28–ാം പേജിൽ)

## ആന്റണി രാജുവിന് മൂന്നു വർഷം തടവ്; നിയമസഭാംഗത്വത്തിൽനിന്ന് അയോഗ്യനായി

നെടുമങ്ങാട്: തൊണ്ടിമുതൽ തിരിമറിക്കേസിൽ മുൻ മന്ത്രി ആന്റണി രാജു എംഎൽഎയ്ക്കും സഹായി കെ.എസ്. ജോസിനും മൂന്നു വർഷം തടവും പതിനായിരം രൂപ പിഴയും വിധിച്ച് നെടുമങ്ങാട് ജുഡീഷൽ ഫസ്റ്റ് ക്ലാസ് കോടതി. വ്യാജരേഖ ചമയ്ക്കലിനു രണ്ടുവർഷവും തെളിവുനശിപ്പിക്കലിനു മൂന്നു വർഷവുമാണു ശിക്ഷ. ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് റൂബി ഇസ്മയിൽ ആണ് ശിക്ഷ വിധിച്ചത്. വിധി വന്നതിനു പിന്നാലെ അഭിഭാഷകൻ ശാസ്തമംഗലം അജിത് മുഖേന ആന്റണി രാജു



സമർപ്പിച്ച ജാമ്യാപേക്ഷ കോടതി അംഗീകരിച്ചു. കേസിൽ താൻ നിരപരാധിയാണെന്നും കീഴ്ക്കോടതി വിധിക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ പോകുമെന്നും പിന്നീട് ആന്റണി രാജു മാധ്യമങ്ങളോടു പറഞ്ഞു.

1990 ഏപ്രിൽ നാലിന് അടിവസ്ത്രത്തിൽ ഒളിപ്പിച്ച രണ്ടു പാക്കറ്റ് ഹാഷിഷ് ലഹരിമരുന്നുമായി തിരുവനന്തപുരം വിമാനത്താവളത്തിൽ പിടിയിലായ ഓസ്ട്രേലിയൻ പൗരൻ ആൻഡ്രു സാൽവദോറിനെ രക്ഷിക്കാൻ തൊണ്ടിമുതലായ അടിവസ്ത്രം മാറ്റിയെന്നാണ് കേസ്. തിരുവനന്തപുരം വഞ്ചിയൂർ കോടതിയിലെ അഭിഭാഷകനായിരുന്ന ആന്റണി രാജു (ശേഷം 34–ാം പേജിൽ)

## ഡോ. എം.വി. പിള്ള: കൈനിക്കരയിലെ വിശ്വപൗരൻ പുസ്തകം പ്രകാശിപ്പിച്ചു



തിരുവനന്തപുരം: രമേശ് ബാബു എഴുതിയ ഡോ. എം.വി. പിള്ള കൈനിക്കരയിലെ വിശ്വപൗരൻ പുസ്തകം പ്രകാശിപ്പിച്ചു. തൈകാട് ഗവ. മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ പ്രിൻസിപ്പാൾ കെ.വി. പ്രമോദ് പുസ്തകം പ്രകാശിപ്പിച്ചു. എം.വി. പിള്ളയുടെ പേരക്കുട്ടികളായ ഓറിയോൺ പിള്ള, അഡ്രിയൻ പിള്ള, മാക്സിമസ് പിള്ള എന്നിവർ പുസ്തകം ഏറ്റുവാങ്ങി.

രമേശ് ബാബു പുസ്തകം പരിചയപ്പെടുത്തി. സൂര്യ കൃഷ്ണമൂർത്തി മുഖ്യ പ്രഭാഷണം നടത്തി. ഡോക്ടർ എം.വി. പിള്ള, ഡോ. എസ്. വേണുഗോപാൽ, ഡോക്ടർ എം. ബാലചന്ദ്രൻ നായർ, ചന്ദ്രിക മേനോൻ, നടി മല്ലിക സുകുമാരൻ, പി.ആർ. ഷിജു, പത്മജ പിള്ള, വിനു പിള്ള, ലതിക കർത്ത, ഡോ. കെ.പി. ഹരിദാസ്, മാധവൻ ബി. നായർ, എ. സമ്പത്ത്, സിജു വി. ജോർജ് തുടങ്ങിയവർ സംസാരിച്ചു.

# തൃശൂർ റെയിൽവേ പാർക്കിംഗ് കേന്ദ്രത്തിൽ വൻ തീപിടിത്തം: മുന്നൂറിലേറെ വാഹനങ്ങൾ കത്തിനശിച്ചു

തൃശൂർ: റെയിൽവേ സ്റ്റേഷൻ രണ്ടാംഗേറ്റിനു സമീപത്തെ ബൈക്ക് പാർക്കിംഗ് കേന്ദ്രത്തിൽ വൻ തീപിടിത്തം. മുന്നൂറിലേറെ ഇരുചക്രവാഹനങ്ങൾ കത്തിനശിച്ചു. ആളപായമില്ല. കോടികളുടെ നഷ്ടം കണക്കാക്കുന്നു. റെയിൽവേ ടിക്കറ്റ് കൗണ്ടർ, സിഗ്നൽ റൂം എന്നിവ ഉൾപ്പെടുന്ന ഭാഗത്തെ ഒരേക്കറോളം വരുന്ന സ്ഥലത്തു നിർമിച്ച ഇരുമ്പുഷീറ്റിട്ട പാർക്കിംഗ് കേന്ദ്രത്തിൽ ഡിസംബർ നാലിന് രാവിലെ ആറരയോടെയാണു തീപടർന്നത്. ആദ്യം രണ്ടു ബൈക്കുകളിൽ പിടിച്ച തീ പിന്നീടു വഞ്ചിക്കുളം റോഡ് മുതൽ റെയിൽവേ ട്രാക്ക് വരെയുള്ള ഭാഗത്തെ വാഹനങ്ങളിലേക്കും പടർന്നു. ബൈക്കുകളിലെ പെട്രോൾ ടാങ്കുകൾ ഒന്നൊന്നായി പൊട്ടിത്തെറിച്ചതോടെ വൻ സ്ഫോടനങ്ങളുണ്ടായി.

രണ്ടാംഗേറ്റിലെ ടിക്കറ്റ് കൗണ്ടർ പൂർണമായും, സ്റ്റേഷനിൽ നിർത്തിയിട്ട തിരുവനന്തപുരം ഡിവിഷന്റെ എഞ്ചിൻ ഭാഗികമായും കത്തിനശിച്ചു. കണ്ണൂരിലേക്കു പോകാൻ നിർത്തിയിട്ടിരുന്ന പാസഞ്ചർ ട്രെയിൻ പിന്നിലേക്കു നീക്കിയിട്ടു.

സ്റ്റേഷനിലേക്കു പുക വരുന്നതുകണ്ടു യാത്രക്കാർ ശ്രദ്ധിച്ചപ്പോഴാണു തീ കണ്ടത്. അവരും തീയണയ്ക്കാൻ ചെറിയ ശ്രമം നടത്തി. റെയിൽവേ പോലീസും നാട്ടുകാരും അറിയിച്ചതോടെ ഫയർഫോഴ്സ് പാഞ്ഞെത്തി. രണ്ടു യൂണിറ്റുകളിൽനിന്നു വെള്ളം പമ്പ് ചെയ്തിട്ടും ഫലപ്രദമാകാതെ വന്നതോടെ കൂടുതൽ യൂണിറ്റുകൾ എത്തി. ഏകദേശം 30,000 ലിറ്റർ വെള്ളം പമ്പ് ചെയ്തെന്ന് ഫയർഫോഴ്സ് അറിയിച്ചു. ഓട്ടോമാറ്റിക് സിഗ്നൽ റൂമിലേക്കും



ഇരുപത്തഞ്ചോളം ബൈക്കുകളിലും തീപടരാതെ നോക്കാൻ കഴിഞ്ഞു. സംഭവം ട്രെയിൻ ഗതാഗതത്തെ ബാധിച്ചില്ല.

ഉയർന്നശേഷിയിൽ വൈദ്യുതി പ്രവഹിക്കുന്ന റെയിൽവേ ലൈനിന്റെ മുകളിൽനിന്നു ബൈക്കിലേക്കു തീപ്പൊരി വീണതാണു കാരണമായി സംശയിക്കുന്നത്. ഷീറ്റിട്ടു മൂടിയ ബൈക്കിന്റെ മുകളിലാണു തീ വീണതെന്നു പാർക്കിംഗിൽ ടിക്കറ്റ് നൽകിയിരുന്ന ജീവനക്കാരി മല്ലിക പറഞ്ഞു. പെട്ടെന്നു പുക ഉയർന്നു. വെള്ളം ഒഴിച്ചെങ്കിലും അണഞ്ഞില്ല.

യാത്രക്കാരെ സഹായത്തിനു വിളിച്ചെങ്കിലും ബൈക്കിന്റെ ടാങ്ക് പൊട്ടി തീപടർന്നതോടെ പുറത്തേക്കോടി. സ്കൂട്ടർ പാർക്ക് ചെയ്തശേഷം ടിക്കറ്റ് എടുക്കാൻ പോയപ്പോഴാണു തീപിടിച്ചതെന്നും സ്കൂട്ടർ എടുക്കാൻ ചെന്നപ്പോൾ ആളിപ്പടർന്നെന്നും ഒരു യാത്രക്കാരൻ പറഞ്ഞു. പാർക്കിംഗ് കേന്ദ്രത്തിൽ ടിക്കറ്റ് നൽകാനുണ്ടായിരുന്ന മറ്റു രണ്ടുപേരും ഓടിരക്ഷപ്പെട്ടു.

അശ്വതി എന്റർപ്രൈസസ് എന്ന കരാർ കമ്പനിക്കാണ് പാർക്കിംഗ് ഫീസ് പിരിക്കാനുള്ള കരാർ. മുന്നൂറോളം വാഹനങ്ങൾ പാർക്ക് ചെയ്യാനാണു സ്ഥലമുള്ളതെന്നും 275 വാഹനങ്ങൾക്കു തീപിടിക്കാനാണു സാധ്യതയെന്നും വാഹനങ്ങളുടെ സുരക്ഷയിൽ ഉത്തരവാദിത്വമില്ലെന്നും കരാറുകാരൻ പറഞ്ഞു. 265 ബൈക്കുകൾ പാർക്ക് ചെയ്തെന്നാണ് ഔദ്യോഗിക കണക്ക്.

ഷെഡിന്റെ ഇരുമ്പുഷീറ്റുകൾ നീക്കിയാൽ മാത്രമേ കൃത്യമായ കണക്കു ലഭിക്കൂ. ഷീറ്റുകൾ മാറ്റുന്നതിന്റെ ജോലികൾ വൈകുന്നേരത്തോടെ ആരംഭിച്ചു. സിറ്റി പോലീസ് കമ്മീഷണർ നകുൽ രാജേന്ദ്ര ദേശ്മുഖിന്റെ നേതൃത്വത്തിൽ തൃശൂർ വെസ്റ്റ് പോലീസിനാണ് അന്വേഷണ ചുമതല. സംഭവത്തെക്കുറിച്ചു റെയിൽവേ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.


## ആധാറിനു സമാനമായ തിരിച്ചറിയൽ നമ്പർ നൽകാൻ ഗതാഗത മന്ത്രാലയം

പരവൂർ: ഇവി ബാറ്ററികളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിന് ആധാറിന് സമാനമായ തിരിച്ചറിയൽ നമ്പർ നൽകാൻ ഗതാഗത മന്ത്രാലയത്തിന്റെ നിർദേശം. ബാറ്ററി നിർമാതാവോ ഇറക്കുമതിക്കാരനോ ബാറ്ററികൾക്ക് 21 കാരക്ടർ ബാറ്ററി പായ്ക്ക് ആധാർ നമ്പർ (ബിപിഎഎൻ) നിർബന്ധമായും നൽകണമെന്നും മന്ത്രാലയം പുറപ്പെടുവിച്ച കരട് മാർഗനിർദേശങ്ങളിൽ പറയുന്നു.

ബിപിഎഎനിന്റെ ഔദ്യോഗിക പോർട്ടലിൽ ബാറ്ററി പായ്ക്ക് ഡൈനാമിക് ഡാറ്റയും അപ്‌ലോഡ് ചെയ്യേണ്ടിവരും. 'ബാറ്ററി നിർമാതാവോ ഇറക്കുമതിക്കാരനോ വിപണിയിൽ അവതരിപ്പിക്കുന്ന ഓരോ ബാറ്ററിക്കും അവർ ഉപയോഗിക്കുന്ന ബാറ്ററിക്കും ഒരു ബാറ്ററി പായ്ക്ക് ആധാർ നമ്പർ നൽകണം. ഇത് വ്യക്തമായി കാണാവുന്ന സ്ഥാനത്തായിരിക്കണം. ഈ നമ്പർ നഷ്ടപ്പെടാൻ പാടില്ലെന്നും മാർഗനിർദേശങ്ങളിൽ പറയുന്നു.

ബാറ്ററി പായ്ക്ക് ആധാർ സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ അനുസരിച്ച്, അസംസ്കൃത വസ്തുക്കൾ വേർതിരിച്ചെടുക്കൽ, നിർമാണം മുതൽ അതിന്റെ ഉപയോഗം, പുനരുപയോഗം നിർമാർജനം വരെയുള്ള സുപ്രധാന വിവരങ്ങൾ ബിപിഎഎനിലൂടെ അറിയാം. സെക്കൻഡ്-ലൈഫ് ഉപയോഗം, കാര്യക്ഷമമായ പുനരുപയോഗം എന്നിവ പ്രാപ്തമാക്കുന്നതിൽ ബിപിഎഎൻ നിർണായക പങ്ക് വഹിക്കുമെന്നാണ് മന്ത്രാലയത്തിന്റ പ്രതീക്ഷ.

## എൻഎസ്എസ് നേതൃത്വത്തിനെതിരെ ബംഗാൾ ഗവർണർ ആനന്ദബോസ്



തിരുവനന്തപുരം: എൻഎസ്എസ് നേതൃത്വത്തിനെതിരെ തുറന്നടിച്ച് ബംഗാൾ ഗവർണർ സി.വി. ആനന്ദബോസ്. മന്നം സമാധിയിൽ പുഷ്പാർച്ചന അനുവദിച്ചില്ലെന്ന് അദ്ദേഹം പറഞ്ഞു. ഗവർണറായി ചുമതലയേൽക്കുന്നതിന് മുൻപ് പെരുന്നയിൽ എത്തിയപ്പോൾ അവഗണിച്ചുവെന്നും അദ്ദേഹം വ്യക്തമാക്കി.

എല്ലാ നായന്മാർക്കും അവകാശപ്പെട്ടതാണ് മന്നം സ്മാരകം. ഒരാൾക്കു മാത്രമാണോ കുത്തകാവകാശം. പെരുന്നയിലുണ്ടായത് സങ്കടകരമായ അനുഭവമാണെന്നും അദ്ദേഹം പറഞ്ഞു.

ഗേറ്റ് കീപ്പറെ കാണാനല്ല പെരുന്നയിൽ എത്തുന്നത്. ന്യൂഡൽഹിയിൽ മന്നത്തിന്റെ സ്മാരകം നിർമിക്കണമെന്നും അതിനായി ഒരു മാസത്തെ ശമ്പളം സംഭാവന ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി. ഒരു പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കവെയാണ് അദ്ദേഹം എൻഎസ്എസ് നേതൃത്വത്തിന്റെ ഭാഗത്തുനിന്നു തനിക്കുണ്ടായ ദുരനുഭവത്തെക്കുറിച്ച് വെളിപ്പെടുത്തിയത്.

ആനന്ദബോസിന്റെ ആരോപണം തെറ്റെന്ന് സുകുമാരൻ നായർ പറഞ്ഞു. പുഷ്പാർച്ചന തടഞ്ഞ സംഭവം ഉണ്ടായിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ഡൽഹി കലാപ ഗൂഢാലോചന കേസ്: ഉമർ ഖാലിദും ഷർജീലും ജയിലിൽ തുടരും

ന്യൂഡൽഹി: ഡൽഹി കലാപ ഗൂഢാലോചന കേസിൽ ഉമർ ഖാലിദിനും ഷർജിൽ ഇമാമിനും ജാമ്യമില്ല. ഇരുവർക്കും എതിരെ ശക്തമായ തെളിവുകളുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് സുപ്രീം കോടതി ജാമ്യം നിഷേധിച്ചത്. ജസ്റ്റിസുമാരായ അരവിന്ദ് കുമാർ, എൻ.വി. അഞ്ജാരിയ എന്നിവരടങ്ങിയ ബെഞ്ചാണ് കേസ് പരിഗണിച്ചത്. കേസിൽ ഗുൽഫിഷ ഫാത്തിമ, മീരാൻ ഹൈദർ, ഷിഫ ഉർ റഹ്മാൻ, ഷദാബ് അഹമ്മദ്, മുഹമ്മദ് സലീം ഖാൻ എന്നിവർക്ക് ജാമ്യം അനുവദിച്ചു.

പ്രതികൾക്കെതിരെയുള്ള ആരോപണങ്ങൾ പ്രഥമ ദൃഷ്ട്യാ ഗൗരവമുള്ളതാണെന്നും യുഎപിഎ നിയമപ്രകാരമുള്ള കർശന വ്യവസ്ഥകൾ ഈ സാഹചര്യത്തിൽ നിലനിൽക്കുമെന്നും കോടതി നിരീക്ഷിച്ചു. അഞ്ചു വർഷത്തിലേറെയായി ഉമർ ഖാലിദ് ജയിലിൽ തുടരുകയാണ്. വിചാരണ വൈകുന്നത് പരിഗണിച്ച് ജാമ്യം നൽകണമെന്ന വാദമാണ് കോടതി തള്ളിയത്.

ഡൽഹി ഹൈക്കോടതി ജാമ്യം നിഷേധിച്ചതിനെതിരെ ഉമർ ഖാലിദ് നൽകിയ അപ്പീലിലാണ് സുപ്രീം കോടതിയുടെ നിർണായക ഉത്തരവ്. നേരത്തെ, ഡിസംബറിൽ സഹോദരിയുടെ വിവാഹത്തിൽ പങ്കെടുക്കുന്നതിനായി ഉമർ ഖാലിദിന് 14 ദിവസത്തെ ഇടക്കാല ജാമ്യം അനുവദിച്ചിരുന്നു.

2020-ൽ പൗരത്വ ഭേദഗതി നിയമത്തിനെതിരായ പ്രതിഷേധങ്ങൾക്കു പിന്നാലെ നടന്ന കലാപത്തിൽ ഗൂഢാലോചന നടത്തിയെന്ന കുറ്റം ചുമത്തിയാണ് ഡൽഹി പോലീസ് ഉമർ ഖാലിദിനെയും ഷർജീൽ ഇമാമിനെയും അറസ്റ്റ് ചെയ്ത് യുഎപിഎ ചുമത്തിയത്. ഇരുവരുടെയും ജാമ്യാപേക്ഷ 2022 മുതൽ കോടതിയിലാണ്. ഡൽഹി കലാപത്തിൽ 50 പേർ കൊല്ലപ്പെടുകയും 700-ലേറെ പേർക്കു പരുക്കേൽക്കുകയും ചെയ്തിരുന്നു. അറസ്റ്റിലായ പ്രതികൾ കലാപത്തിന്റെ മുഖ്യ ആസൂത്രകരാണെന്നാണു പോലീസ് ആരോപിക്കുന്നത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 01
January 05, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

ബുദ്ധിമാൻ തനിച്ചിരുന്നാലും ഏകനല്ല.

**ജോനാഥൻ**

നിസ്സഹായനെ ഉപേക്ഷിച്ച് ദൈവത്തെ അന്വഷിക്കുന്നത് വെറുതെയാണ്.

**സ്വാമിവിവേകാന്ദൻ**

# 149–ാമത് മന്നം ജയന്തി ആഘോഷിച്ചു

ചങ്ങനാശേരി: ഇന്ത്യയെങ്ങും ഇപ്പോൾ സംഘടിതമായ ഗാന്ധിനിന്ദ നടക്കുകയാണെന്നു ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ അംഗം ഡോ. സിറിയക് തോമസ്.

ജനുവരി നാലിന്‌വരെ ഒളിഞ്ഞുനിന്നിരുന്ന ഗാന്ധി തമസ്കരണം ഇപ്പോൾ തെളിഞ്ഞുവരുന്നു. ഗാന്ധി മാർഗത്തിൽ വിശ്വസിക്കുന്ന സർവദേശഭക്തരും ഒന്നിച്ച ഗാന്ധിജിയെ ഇന്ത്യയുടെ രാഷ്ട്രീയ പ്രതിഷ്ഠയായി നിലനിർത്തണം. ഈ ബാധ്യത കോൺഗ്രസിന്റെ മാത്രമല്ല. ഇടതുപക്ഷവും ഇതിനോട് മുഖം തിരിക്കരുത്. ഗാന്ധി നിന്ദയെ ചെറുക്കാനുള്ള കർമസമരത്തിനു നേതൃത്വം നൽകാൻ എൻഎസ്എസ് മുന്നോട്ടു വരണം - ഡോ. സിറിയക് തോമസ് പറഞ്ഞു. 149-ാമത് മന്നം ജയന്തി ആഘോഷം പെരുന്നയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.




പെരുന്നയിൽ നടന്ന 149-ാമത് മന്നം ജയന്തി ആഘോഷം ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ അംഗം ഡോ. സിറിയക് തോമസ് ഉദ്ഘാടനം ചെയ്യുന്നു.

മറ്റു സമുദായങ്ങൾക്കു ക്ഷതം ഏൽപ്പിക്കാതെ നായർ സമുദായത്തിന്റെ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കണമെന്ന് എൻഎസ്എസ് പ്രതിജ്ഞാവാചകത്തിൽ എഴുതിച്ചേർത്തത് ഭംഗിക്കുവേണ്ടിയല്ല. ഹൃദയത്തിലെ ദേശീയ ചിന്തയുടെയും സർവ സമുദായ മൈത്രിയുടെയും അണയാത്ത സത്യമാണ്. അതു തമസ്കരിക്കാൻ പാടില്ല. ഗുരുവായൂർ സത്യാഗ്രഹത്തിൽ കെ. കേളപ്പനും വൈക്കം സത്യാഗ്രഹത്തിൽ മന്നത്ത് പത്മനാഭനും നേതാക്കളായി വന്നത് അവരുടെ ഹൃദയ ക്ഷേത്രത്തിൽ കെടാതെ കൊണ്ടുനടന്നിരുന്ന ദേശീയതയുടെയും ദേശാഭിമാനത്തിന്റെയും തീജ്വാലയുടെ ഫലമായാണ്.

അവസാന ശ്വാസംവരെ അവർ ഗാന്ധി ഭക്തന്മാരും ദേശീയവാദികളുമായിരുന്നു. യഥാർത്ഥത്തിൽ ഇന്ത്യയെ കണ്ടെത്തിയത് ഗാന്ധിജിയാണ്. ആധുനിക ഇന്ത്യയുടെ രാഷ്ട്രീയ തേജസും ആത്മീയ തേജസും ഗാന്ധിജിയാണ്. ആചാരലംഘനത്തിനെതിരെ നാമജപ ഘോഷയാത്ര നടത്തിയാണ് എൻഎസ്എസ് പ്രതികരിച്ചത്.

# റോഡപകടങ്ങളിൽപെടുന്നവരെ സഹായിച്ചാൽ 25,000 രൂപയും പ്രശസ്തിപത്രവും


കോഴിക്കോട്: റോഡ് അപകടങ്ങളിൽപ്പെടുന്നവരെ സഹായിച്ചാൽ ഇനി നൂലാമാലകളിൽ പെടില്ല. 'ഗോൾഡൻ അവറിൽ' (അപകടം നടന്ന ആദ്യത്തെ ഒരു മണിക്കൂർ) സഹായമെത്തിക്കുന്നവരെ സംരക്ഷിക്കുന്നതിനായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം 'രാഹ്-വീർ' (നല്ല ശമരിയാക്കാരൻ) പദ്ധതി പ്രഖ്യാപിച്ചു. അപകടത്തിൽപ്പെട്ട ഒരാളെ ഭയമില്ലാതെ ആശുപത്രിയിലെത്തിക്കുന്നവരെ നിയമപരമായ കുരുക്കുകളിൽനിന്നും പോലീസ് പീഡനങ്ങളിൽനിന്നും സംരക്ഷിക്കുന്നതാണ് ഈ പദ്ധതി. ഗോൾഡൻ അവറിൽ പരുക്കേറ്റയാളെ ആശുപത്രിയിലെത്തിക്കുന്നവർക്ക് 25,000 രൂപയും പ്രശംസാപത്രവും നൽകും.

ഒരു വ്യക്തിക്ക് വർഷത്തിൽ അഞ്ചു തവണവരെ ഇത്തരത്തിൽ പ്രതിഫലം നേടാൻ അർഹതയുണ്ട്. അപകടത്തിൽപ്പെട്ടവരെ സഹായിക്കുന്നവരെ വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താനോ അനാവശ്യമായി പോലീസ് സ്റ്റേഷനിലോ ആശുപത്രിയിലോ തടഞ്ഞുവെക്കാനോ പാടില്ലെന്ന് 2019-ലെ മോട്ടോർ വാഹന നിയമത്തിലെ 134എ വകുപ്പ് വ്യക്തമാക്കുന്നു. സദുദ്ദേശ്യത്തോടെ സഹായിക്കുന്നവർക്ക് സിവിൽ, ക്രിമിനൽ നടപടികളിൽനിന്ന് പൂർണ നിയമ പരിരക്ഷ ഉണ്ടായിരിക്കും. ആശുപത്രിയിൽ പരുക്കേറ്റയാളെ എത്തിച്ചാലുടൻ സഹായിക്ക് മടങ്ങിപ്പോകാൻ കഴിയും.

സഹായിക്കുന്നയാൾക്ക് സ്വന്തം പേരോ മറ്റു വിവരങ്ങളോ വെളിപ്പെടുത്താതിരിക്കാൻ അവകാശമുണ്ട്. അപകടത്തിൽപ്പെട്ടയാളുടെ അടിയന്തര ചികിത്സയ്ക്കായി സഹായിയിൽനിന്ന് പണം ആവശ്യപ്പെടാൻ ആശുപത്രികൾക്ക് അധികാരമില്ല. സഹായിക്ക് സാക്ഷിയാകാൻ താത്പര്യമുണ്ടെങ്കിൽ മാത്രം ഒരു തവണ മൊഴിനൽകിയാൽ മതി. ഇതിനായി സഹായിക്ക് സൗകര്യപ്രദമായ സ്ഥലവും സമയവും തെരഞ്ഞെടുക്കാം. ഇന്ത്യയിൽ റോഡ് അപകടങ്ങൾ മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഇന്ത്യയുടെ ജിഡിപിയുടെ ഏകദേശം മൂന്നു ശതമാനമാണെന്നാണ് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം വ്യക്തമാക്കുന്നത്.

പലപ്പോഴും നിയമപരമായ നൂലാമാലകൾ ഭയന്നാണ് ആളുകൾ സഹായിക്കാൻ മടിക്കുന്നത്. ഈ സാഹചര്യം ഒഴിവാക്കി കൂടുതൽ ജീവനുകൾ രക്ഷിക്കാനാണ് 'രാഹ്-വീർ' പദ്ധതി ലക്ഷ്യമിടുന്നത്. മുമ്പ് കേന്ദ്രമന്ത്രാലയം പ്രഖ്യാപിച്ച സമാനമായ പദ്ധതിയിൽ 5000 രൂപയും പ്രശസ്തി പത്രവും മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്.

# എളമരം കരീം സിഐടിയു ജനറൽ സെക്രട്ടറി



കോഴിക്കോട്: സിഐടിയു ദേശീയ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട എളമരം കരീം തൊഴിലാളികളുടെ വിയർപ്പിന്റെ ശക്തി അറിഞ്ഞ നേതാവാണ്. സാധാരണക്കാരനായ തൊഴിലാളിയിൽനിന്നാണ് ഇന്ത്യയിലെ ഏറ്റവും ശക്തമായ തൊഴിലാളി പ്രസ്ഥാനത്തിന്റെ അമരത്തേക്ക് എളമരം കരീം എത്തുന്നത്.

മലപ്പുറം സ്വദേശിയായ അബ്ദുൽ കരീം കോഴിക്കോട്ടെ പ്രീഡിഗ്രി പഠനശേഷമാണ് മാവൂർ ഗ്വാളിയർ റയോൺസിലെ തൊഴിലാളിയായത്. ഗ്വാളിയർ റയോൺസ് അവകാശപോരാട്ടങ്ങളിലൂടെയാണു പൊതുപ്രവർത്തന രംഗത്തു സജീവമായത്. മികച്ച ട്രേഡ് യൂണിയൻ നേതാവിനൊപ്പം മികച്ച സംഘാടകൻ കൂടിയായി.

1970-ൽ സിപിഎം അംഗമായ അദ്ദേഹം 2005-ൽ സംസ്ഥാന കമ്മിറ്റി അംഗമായും 2012-ൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായും 2018-ൽ കേന്ദ്ര കമ്മിറ്റിയംഗമായും തെരഞ്ഞെടുക്കപ്പെട്ടു. 2012 മുതൽ സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറിയാണ്. 1996, 2006, 2011 വർഷങ്ങളിൽ ബേപ്പൂരിൽനിന്നു നിയമസഭയിലെത്തിയ കരീം 2006-ലെ വി.എസ്. സർക്കാരിൽ വ്യവസായ മന്ത്രിയായിരുന്നു. 2018–24 കാലയളവിൽ രാജ്യസഭാംഗമായിരുന്നു. 2018 മുതൽ സിപിഎം കേന്ദ്ര കമ്മിറ്റിയംഗമാണ്.

# രോഗികൾ മരിച്ച സംഭവത്തിൽ ഹരിപ്പാട് താലൂക്ക് ആശുപത്രിക്കെതിരെ കേസ്

ആലപ്പുഴ: ഡയാലിസിസ് ചെയ്ത രോഗികൾ മരിച്ച സംഭവത്തിൽ ഹരിപ്പാട് താലൂക്ക് ആശുപത്രിക്കെതിരെ പോലീസ് കേസെടുത്തു. ആശുപത്രി അധികൃതർക്കെതിരെ ചികിത്സാ പിഴവിനാണ് കേസെടുത്തിരിക്കുന്നത്. ബിഎൻഎസ് 125, 106 (1) എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ്. ആശുപത്രി സൂപ്രണ്ട്, ഡയാലിസിസ് യൂണിറ്റ് ജീവനക്കാർ എന്നിവർ പ്രതികളാകും. മരിച്ച രാമചന്ദ്രന്റെ ബന്ധുക്കളും രോഗിയായ രാജേഷ്കുമാറിന്റെ കുടുംബവും നല്കിയ പരാതിയിലാണ് കേസ്.

കഴിഞ്ഞമാസം 29-ന് ഡയാലിസിസിനെ തുടർന്ന് ആറു പേർക്കാണ് ദേഹാസാസ്ഥ്യം ഉണ്ടായത്. ഇതിൽ മൂന്നു പേരുടെ സ്ഥിതി മോശമായിരുന്നതിനാൽ മറ്റ് ആശുപത്രികളിൽ ചികിത്സ തേടുകയും അതിൽ രണ്ടുപേർ മരിക്കുകയും ചെയ്തു. പുതുക്കാട് വടക്കതിൽ മജീദ് (53), ഹരിപ്പാട് വെട്ടുവേനി ചാക്കനാട്ട് രാമചന്ദ്രൻ (60) എന്നിവരാണ് മരിച്ചത്. മൂന്നാമത്തെ ആളായ ഹരിപ്പാട് വെട്ടുവേനി ദേവകൃപയിൽ രാജേഷ് കുമാറിന്റെ കുടുംബമാണ് താലൂക്ക് ആശുപത്രിക്കെതിരെ പരാതി ഉന്നയിച്ചത്.

ഡയാലിസിസ് ചെയ്യാനെത്തുമ്പോൾ മജീദിനെയും രാമചന്ദ്രനെയും കാണാറുള്ളതാണെന്നു രാജേഷിന്റെ ഭാര്യ ശ്രീലേഖ പറഞ്ഞു. അന്ന് ഡയാലിസിസിനിടെ മജീദിന്റെ സ്ഥിതിയാണ് ആദ്യം മോശമായത്. പിന്നാലെ രാജേഷിനും ഛർദ്ദിയും വിറയലും തുടങ്ങി. രക്തസമ്മർദ്ദം താഴ്ന്നു. എന്നിട്ടും ഡയാലിസിസ് യൂണിറ്റിലെ ഡോക്ടർമാർ ഒന്നും പറഞ്ഞില്ല.

അപകടം തോന്നി സ്വന്തം നിലയിലാണ് താലൂക്ക് ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിലെത്തിച്ചത്. അവിടെ ഡ്രിപ്പ് ഇടുകയും കുത്തിവെക്കുകയും ചെയ്തു. വൈകിട്ടോടെ ആന്റിബയോട്ടിക് മരുന്നുകൾ കുറിച്ചു വീട്ടിലേക്കു വിട്ടു. വീട്ടിലെത്തിയിട്ടും സ്ഥിതി മെച്ചപ്പെട്ടില്ല. തുടർന്ന് മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു കൊണ്ടുപോയി. അവിടെ ശ്വസനസഹായം നല്കിയതോടെ നില മെച്ചപ്പെട്ടു.


പിന്നാലെ രാമചന്ദ്രനെയും അവിടെ കൊണ്ടുവന്നു. പക്ഷേ, ഐസിയു കിടക്ക ഒഴിവില്ലാത്തതിനാൽ സ്വകാര്യ ആശുപത്രിയിലേക്കു മാറ്റി. അദ്ദേഹം മരിച്ചെന്നാണ് പിന്നീട് അറിഞ്ഞത്. അതേസമയം ഭക്ഷ്യവിഷബാധ കാരണമാണ് രാജേഷിന്റെ സ്ഥിതി മോശമായതെന്നാണ് ആശുപത്രി അധികൃതർ പറയുന്നത്.

# ഫിലിപ്പ് ചെറിയാന്റെ ഇളയ സഹോദരൻ ന്യൂയോർക്കിൽ അന്തരിച്ച ഏബ്രഹാം ചെറിയാന്റെ (രാജൻ–71) സംസ്കാരച്ചടങ്ങുകൾ ജനുവരി 6, 7 തീയതികളിൽ

ന്യൂയോർക്ക്: ഫിലിപ്പ് ചെറിയാന്റെ ഇളയസഹോദരൻ ന്യൂയോർക്കിലെ റോക്ക്ലാന്റിൽ അന്തരിച്ച ഏബ്രഹാം ചെറിയാന്റെ (രാജൻ-71) സംസ്കാരച്ചടങ്ങുകൾ ജനുവരി 6, 7 (ചൊവ്വ, ബുധൻ) തീയതികളിൽ നടത്തപ്പെടും. റോക്ക്ലാന്റ് സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് വികാരി ഡോ. രാജു വർഗീസ് മുഖ്യ കാർമ്മികത്വം വഹിക്കും. ജനുവരി 6-ാം തീയതി (ചൊവ്വാഴ്ച) വൈകുന്നേരം 6 മണി മുതൽ 8.30 വരെ റോക്ക്ലാന്റ് സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയിൽ പൊതുദർശനം. ജനുവരി 7-ന് ബുധനാഴ്ച രാവിലെ 9 മണി മുതൽ 11 മണി വരെ ഇതേ പള്ളിയിൽ സംസ്കാര ശുശ്രൂഷകൾ നടക്കും. തുടർന്ന് Germonds Cemetery-യിൽ (39 Germonds Road, New City, New York) സംസ്കാരം നടത്തപ്പെടും.

ചെങ്ങന്നൂർ, പെരിശ്ശേരി മുതയിൽ പുത്തൻവീട്ടിൽ പി.എം. ചെറിയാൻ-കരിങ്ങാട്ടിൽ കുഞ്ഞമ്മ ചെറിയാൻ ദമ്പതികളുടെ മകനാണ് പരേതൻ. 38 വർഷങ്ങൾക്കു മുമ്പ് അമേരിക്കയിലെത്തിയ അദ്ദേഹം വർഷങ്ങളായി ചികിത്സയിൽ കഴിയുകയായിരുന്നു. മാവേലിക്കര തട്ടാരമ്പലം കൊച്ചുതെക്കേത്ത് പുത്തൻവീട്ടിൽ അച്ചാമ്മ (അച്ചു) ആണ് ഭാര്യ. ഏകമകൾ ടാനിയ.

സഹോദരങ്ങൾ: റോക്ക്ലാൻഡ് മലയാളി അസോസിയേഷൻ (റോമ) പ്രസിഡണ്ട് ഫിലിപ്പ് ചെറിയാൻ (സാം), ഫോമാ നേതാവ് റോയ് ചെങ്ങന്നൂർ, ശാന്തമ്മ, കുഞ്ഞൂഞ്ഞമ്മ, ബെക്കി, ലൈസ. പരേതനായ കെ.എം. സാമുവേൽ, കുരിയൻ കോശി, ജോർജ് താമരവേലിൽ, റജി മാത്യു എന്നിവർ സഹോദരി ഭർത്താക്കന്മാരും ആനി ഫിലിപ്പ് (സജു) സഹോദര ഭാര്യയുമാണ്. വിവരങ്ങൾക്ക്: ഫിലിപ്പ് ചെറിയാൻ 846 859 3724, റോയ് ചെങ്ങന്നൂർ 845 659 2874.



Live: Sojimedia usa Live
Abraham Cherian

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ജനാധിപത്യം കശാപ്പുചെയ്യപ്പെടുന്നു

പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ, പാർലമെന്റിന്റെ പ്രഥമവും പ്രധാനവുമായ ചുമതല നിയമനിർമാണമാണ്. എന്നാൽ, നിയമനിർമാണപ്രക്രിയയിൽ സർക്കാർ സ്വീകരിക്കുന്ന കുറ്റകരമായ അനാസ്ഥ ജനാധിപത്യത്തിന്റെ അടിസ്ഥാനമൂല്യങ്ങൾക്ക് വിരുദ്ധമാണ്. എൻഡിഎ സർക്കാർ അധികാരത്തിൽവന്നതുമുതൽ പാർലമെന്റിന്റെ നടപടിക്രമങ്ങളിലും നിയമനിർമാണപ്രക്രിയയിലും വെള്ളംചേർത്തുതുടങ്ങി. നിയമനിർമാണം പാർലമെന്റിന്റെ ചുമതലയാണെന്ന അടിസ്ഥാനപ്രമാണങ്ങൾക്ക് മാറ്റംവന്നിരിക്കുന്നു. സർക്കാർ അവതരിപ്പിക്കുന്ന ബില്ലുകൾ ചർച്ചകൂടാതെ പാസാക്കാനാണ് വ്യഗ്രത. ജനങ്ങളെ പ്രത്യക്ഷമായും പരോക്ഷമായു ബാധിക്കുന്നതാണ് നിയമങ്ങൾ. നിയമനിർമാണപ്രക്രിയയിൽ ജനങ്ങൾക്കാകമാനം നേരിട്ടു പങ്കെടുക്കാൻ കഴിയാത്തതുകൊണ്ടാണ് അവരുടെ പ്രതിനിധികളായി ലോക്സഭയിലെയും രാജ്യസഭയിലെയും അംഗങ്ങൾ ബില്ലുകൾ ചർച്ചചെയ്യുന്നത്. സഭകളിൽ ബില്ലുകളുടെ ചർച്ച ഇല്ലെങ്കിൽ അതിനർഥം ഇന്ത്യയിൽ നിയമനിർമാണപക്രിയയിൽ ജനങ്ങൾക്കുള്ള അവകാശം നിഷേധിക്കുന്നു എന്നാണ്. ചർച്ചയില്ലാതെ ബില്ലുകൾ പാസാക്കുന്നു, നിയമമാക്കുന്നു. ഈ പ്രക്രിയയിൽ ജനങ്ങളുടെ പങ്കെന്താണ്? ജനാധിപത്യത്തിന്റെ സ്ഥാനമെന്താണ്? ഇക്കഴിഞ്ഞ പാർലമെന്റിന്റെ ശൈത്യകാലസമ്മേളനത്തിൽ ജനാധിപത്യവിരുദ്ധത അതിന്റെ ഉച്ചസ്ഥാനത്തെത്തി.

19 ദിവസത്തെ സമ്മേളനകാലയളവിൽ ധനാഭ്യർഥന, തെരഞ്ഞെടുപ്പു പരിഷ്കരണം എന്നിവയെ സംബന്ധിച്ചുള്ള ചർച്ചകൾ, ചോദ്യോത്തരം, ശൂന്യവേള തുടങ്ങി പാർലമെന്റിന്റെ പല ചർച്ചകളും നടപടിക്രമങ്ങളും മാറ്റിവെച്ചാൽ നിയമനിർമാണത്തിനായി ലഭിച്ചത് മണിക്കൂറുകൾമാത്രം. ഏതാനും മണിക്കൂറുകൾകൊണ്ട് അപ്പം ചുട്ടെടുക്കുന്നതുപോലെ ധൃതിയിൽ പാസാക്കിയെടുക്കേണ്ടതാണോ ബില്ലുകൾ? പ്രതിപക്ഷത്തിനുമാത്രമല്ല, ഭരണപക്ഷത്തെ അംഗങ്ങൾക്കും ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കാനും ക്രിയാത്മകമായ നിർദേശങ്ങളും ഭേദഗതികളും മുന്നോട്ടുവെക്കാനും ബില്ലിലെ വ്യവസ്ഥകൾ ജനോപകാരപ്രദമാക്കി മാറ്റാനും കഴിയും. എന്നാൽ, നിയമനിർമാണപ്രക്രിയയിൽ സർക്കാർ സ്വീകരിച്ചിരിക്കുന്ന നയം ജനാധിപത്യപരമല്ല. ബില്ലുകൾ ചർച്ചചെയ്യാൻ അവസരം നിഷേധിക്കുന്നു. നിയമനിർമാണം പാർലമെന്റിന്റെ പരമാധികാരമാണ്. എന്നാൽ, ഭരിക്കുന്ന പാർട്ടിയുടെ സഭയിലെ ഭൂരിപക്ഷം എന്ന സാങ്കേതികത്വം ഉപയോഗിച്ച് നിയമനിർമാണ അവകാശം പാർലമെന്റിൽനിന്ന് എക്സിക്യുട്ടീവ് കവർന്നെടുത്തിരിക്കുന്നു. ഇത് ഭരണഘടനാമൂല്യങ്ങൾക്കും ഇന്ത്യ പിന്തുടർന്നുവരുന്ന അടിസ്ഥാനതത്ത്വങ്ങൾക്കും വിരുദ്ധമാണ്. ഇന്ത്യൻ ജനാധിപത്യം അപകടകരമായ അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. സാധാരണക്കാരന്റെ നിത്യജീവിതത്തെ നേരിട്ട് ബാധിക്കുന്നതും രാഷ്ട്രപിതാവിനെപ്പോലും തമസ്കരിക്കുന്നതുമായ പുതിയ തൊഴിലുറപ്പുനിയമംപോലും കാര്യമായ ചർച്ചയ്ക്ക് വിധേയമാക്കിയില്ല. അംഗങ്ങൾ ചർച്ചയിൽ കാര്യക്ഷമമായി പങ്കെടുക്കണമെങ്കിൽ ബില്ലുകൾ നേരത്തേ വിതരണംചെയ്യണം, വായിക്കാനും പഠിക്കാനും ഉള്ള സമയം അനുവദിക്കണം, സജീവമായ ചർച്ചയ്ക്കുള്ള സമയം സഭയിൽ ഉണ്ടാകണം. എന്നാൽ, നിലവിൽ ബില്ലുകൾ സഭയിൽ ഗൗരവപൂർവമായ ചർച്ചയ്ക്ക് വിധേയമാക്കുന്നില്ല. സ്ഥിരംസമിതിക്ക് വിടുന്നില്ല. പൊതുജനാഭിപ്രായമോ വിദഗ്ധാഭിപ്രായമോ തേടുന്നില്ല. ഉദ്യോഗസ്ഥ മേധാവികൾ തയ്യാറാക്കുന്ന കരടുകൾ സഭയിൽ അവതരിപ്പിച്ച് സർക്കാരിന്റെ താത്പര്യപ്രകാരം പാസാക്കുന്നു. നിയമമാകുന്നു.

തെരഞ്ഞെടുപ്പിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അധികാരക്കച്ചവടത്തിന്റെ ലേലത്തറകളായി മാറുന്ന കാഴ്ചയാണ് കേരളത്തിൽ ചിലയിടങ്ങളിൽ കണ്ടുകൊണ്ടിരിക്കുന്നത്. വോട്ടർമാർ തങ്ങളിൽ അർപ്പിച്ച വിശ്വാസവും, തങ്ങൾ പ്രതിനിധീകരിക്കുന്ന പ്രസ്ഥാനങ്ങളുടെ രാഷ്ട്രീയത്തെയും കാറ്റിൽ പറത്തിക്കൊണ്ട് ജനപ്രതിനിധികൾ കൂറുമാറുന്ന പ്രവണത ജനാധിപത്യ സംവിധാനത്തോടുള്ള പരസ്യമായവെല്ലുവിളിയാണ്. തൃശൂരിലെ മറ്റത്തൂർ മുതൽ തിരുവനന്തപുരത്തെ നാവായിക്കുളം വരെയും ആലപ്പുഴയിലെ പുളിങ്കുന്ന് വരെയും നീളുന്ന ഈ കൂറുമാറ്റ പരമ്പരകൾ നൽകുന്ന സൂചന അത്യന്തം അപകടകരമാണ്. ജനവിധി എന്നത് സാങ്കേതികമായി മാത്രം നിലനിൽക്കുന്ന ഒന്നാണെന്നും, ജയിച്ചുകഴിഞ്ഞാൽ പിന്നെ അധികാരം നേടാൻ എന്തു കുറുക്കുവഴിയും സ്വീകരിക്കാമെന്നുമുള്ള തെറ്റായ ധാരണ രാഷ്ട്രീയ പാർട്ടികൾക്കും ജനപ്രതിനിധികൾക്കും ഇടയിൽ വർധിച്ചുവരുന്നു.

പാർട്ടികൾ നൽകുന്ന വിപ്പുകൾ ലംഘിക്കപ്പെടുന്നതും, നേതൃത്വത്തിന്റെ അറിവോടെയോ അല്ലാതെയോ പ്രാദേശിക തലത്തിൽ സഖ്യങ്ങൾ രൂപപ്പെടുന്നതും രാഷ്ട്രീയ പാർട്ടികൾക്കിടയിലെ അച്ചടക്കമില്ലായ്മയെയാണ് തുറന്നുകാട്ടുന്നത്. വിപ്പ് നൽകിയില്ല എന്ന സാങ്കേതിക ന്യായങ്ങൾ നിരത്തി കൂറുമാറുന്നത് ന്യായീകരിക്കുന്നത് പരിഹാസ്യമാണ്. തങ്ങളെ തെരഞ്ഞെടുപ്പിൽ മത്സരിപ്പിച്ച പാർട്ടിയോടും, ആ പാർട്ടി മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയത്തോടും പ്രാഥമികമായ കൂറുപുലർത്താൻ കഴിയാത്തവർ എങ്ങനെയാണ് പൊതുജനങ്ങളോട് നീതി പുലർത്തുക? സിപിഎം, ബിജെപി, എസ്ഡിപിഐ,, തുടങ്ങിയ കക്ഷികളുമായി സഖ്യം പാടില്ലെന്ന കോൺഗ്രസിന്റെ പ്രഖ്യാപിത നിലപാടും, വർഗീയ കക്ഷികളുമായി കൂട്ടുകൂടില്ലെന്ന സിപിഎമ്മിന്റെ അവകാശവാദങ്ങളും പ്രാദേശിക തലത്തിൽ അധികാരത്തിനു വേണ്ടി സൗകര്യപൂർവം മറക്കുകയാണ്.

# ദേശീയ കായിക ഭരണ നിയമത്തിന് ഭാഗിക പ്രാബല്യം

ന്യൂഡൽഹി: പാർലമെന്റ് പാസാക്കിയ ദേശീയ കായിക ഭരണ നിയമത്തിലെ ചില വ്യവസ്ഥകൾ പ്രാബല്യത്തിലായതായി കേന്ദ്ര കായികമന്ത്രാലയം പ്രസ്താവനയിലൂടെ അറിയിച്ചു. ഖോ ഖോ മുതൽ ഫുട്ബോൾ വരെയുള്ള എല്ലാ കായിക മേഖലയിലെയും ബിസിസിഐ മുതൽ ഹോക്കി ഇന്ത്യ വരെയുള്ള മുഴവൻ ദേശീയ സ്പോർട്സ് ഫെഡറേഷനുകളെയും തങ്ങളുടെ ഭരണനിർവഹണത്തിനു കീഴിലാക്കുന്ന ദേശീയ സ്പോർട്സ് ബോർഡിന്റെയും (എൻഎസ്ബി) കായികത്തർക്കങ്ങൾ തീർക്കാനുള്ള ദേശീയ സ്പോർട്സ് ട്രൈബ്യൂണലിന്റെയും രൂപീകരണത്തിനു വഴിതെളിച്ചാണ് നിയമം ഭാഗികമായി പ്രാബല്യത്തിലായത്.

നിയമത്തിലെ പല വ്യവസ്ഥകളും പല തീയതികളിലായാണ് പ്രാബല്യത്തിലാകുകയെന്ന് കേന്ദ്ര കായികമന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ദേശീയ സ്പോർട്സ് ബോർഡിന്റെയും ദേശീയ കായിക ട്രൈബ്യൂണലിന്റെയും രൂപീകരണം ദേശീയ ഒളിമ്പിക് സമിതി, ദേശീയ പാരാലിമ്പിക് സമിതി, ദേശീയ കായിക ഫെഡറേഷനുകൾ, പ്രാദേശിക കായിക ഫെഡറേഷനുകൾ എന്നിങ്ങനെയുള്ള കായികസ്ഥാപനങ്ങളുടെ രൂപീകരണവും ഭരണനിർവഹണത്തെയും സംബന്ധിക്കുന്ന നിയമച്ചട്ടക്കൂട്, അംഗീകൃത സ്പോർട്സ് ഓർഗനൈസേഷനുകൾ പ്രാബല്യത്തിലാകാനുള്ള നിബന്ധനകൾ, അംഗീകൃത സ്പോർട്സ് ഓർഗനൈസേഷനുകളുടെ പ്രത്യേക അവകാശങ്ങളും ചുമതലകളും, കേന്ദ്ര സർക്കാരിന്റെ നിയമനിർമാണ അധികാരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുള്ളതാണ് വ്യവസ്ഥകൾ.

കായികമേഖലയിൽ കേന്ദ്രത്തിനു കൂടുതൽ അധികാരങ്ങൾ നല്കുന്നതാണ് ഉടൻ പൂർണമായി പ്രാബല്യത്തിലാകുന്ന കായിക ഭരണ നിയമം. രാജ്യത്തിന്റെ വ്യാപാരമേഖലയിലും സ്റ്റോക് എക്സ്ചേഞ്ചുകളിലും നിരീക്ഷണം നടത്തുന്ന സ്ഥാപനമായ സെബിയെപ്പോലെ (സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ) എല്ലാ കായികമേഖലയിലും നിരീക്ഷണവും നിയന്ത്രണവും സാധ്യമാക്കുന്നതാണ് നിയമംവഴി രൂപീകൃതമാകുന്ന ദേശീയ സ്പോർട്സ് ബോർഡുകൾ. ദേശീയ കായിക ഫെഡറേഷനുകളുടെ അഫിലിയേഷനുകൾക്കു പുറമെ അവയുടെ സാമ്പത്തിക ഇടപാടുകൾ നിരീക്ഷിക്കാനും അധികാരമുള്ള എൻഎസ്ബിയിലെ നിയമനങ്ങളിൽ കേന്ദ്ര സർക്കാരിനു നേരിട്ടു പങ്കുണ്ട്. പുതിയ നിയമം പൂർണമായി പ്രാബല്യത്തിലായിക്കഴിഞ്ഞാൽ ഫെഡറേഷനുകളെ ഏതെങ്കിലും നിയമലംഘനത്തിനു പിഴ ചുമത്താനും എൻഎസ്ബിക്കു കഴിയും.

ഇതിനു പുറമെ കായികരംഗത്തെ തർക്കങ്ങൾ കീഴ്ക്കോടതികളിൽ നിന്നും ഹൈക്കോടതികളിൽ നിന്നും മാറ്റാനായി രൂപീകരിക്കപ്പെടുന്ന ദേശീയ സ്പോർട്സ് ട്രൈബ്യൂണലിന്റെ രൂപീകരണത്തിനും പ്രാബല്യത്തിലായ പുതിയ നിയമവ്യവസ്ഥകൾ ഉത്തേജകമായിട്ടുണ്ട്. കായിക മേഖലയിലെ സർക്കാരിന്റെ അമിതമായ കൈകടത്തലുകൾ കായിക ഫെഡറേഷനുകളുടെ സ്വയംഭരണാധികാരത്തെ ദുർബലപ്പെടുത്തുമെന്നും സിവിൽ കോടതികളുടെ അധികാരങ്ങളുള്ള കേന്ദ്രസർക്കാർ നിയമനങ്ങൾ നടത്തുന്ന സ്പോർട്സ് ട്രൈബ്യൂണലുകളുടെ രൂപീകരണം കായികതാരങ്ങൾക്കും ഫെഡറേഷൻ തലവന്മാർക്കും കോടതികളെ സമീപിക്കാനുള്ള അധികാരമില്ലാതാക്കുമെന്ന വിമർശനത്തിനിടയിലാണ് ദേശീയ കായിക ഭരണ നിയമം ഭാഗികമായി പ്രാബല്യത്തിലാകുന്നത്.

## നിയമസഭാ തെരഞ്ഞെടുപ്പിൽ സ്ഥാനാർഥിത്വം സ്വയം പ്രഖ്യാപിക്കരുതെന്ന് എഐസിസി

കണ്ണൂർ: നിയമസഭാ തെരഞ്ഞെടുപ്പിൽ സ്ഥാനാർഥിത്വം സ്വയം പ്രഖ്യാപിക്കരുതെന്ന് മുന്നറിയിപ്പുമായി എഐസിസി. കേരളത്തിലെ മുതിർന്ന നേതാക്കളെയടക്കം ഇക്കാര്യം ഓർമിപ്പിക്കണമെന്നും എഐസിസി കെപിസിസിക്ക് നിർദേശം നൽകി. തദ്ദേശതെരഞ്ഞെടുപ്പിലെ യുഡിഎഫിലെ മികച്ച വിജയത്തിനുശേഷം കോൺഗ്രസിലെ ചില മുതിർന്ന നേതാക്കൾ മത്സരിക്കാൻ തയ്യാറാണെന്നു മത്സരിക്കുന്ന മണ്ഡലങ്ങൾ ഉൾപ്പെടെ ചൂണ്ടിക്കാട്ടി മാധ്യമങ്ങൾക്കു മുൻപിൽ പ്രത്യക്ഷപ്പെട്ടിരുന്നു. മുതിർന്ന നേതാക്കളുടെ പരസ്യ പ്രതികരണത്തിനെതിരെ സംസ്ഥാന യൂത്ത് കോൺഗ്രസ് എഐസിസി നേതൃത്വത്തെ സമീപിക്കുകയും ചെയ്തിരുന്നു. ഇതിനിടയിലാണ് സ്ഥാനാർഥി നിർണയത്തിൽ എഐസിസി തീരുമാനമെടുക്കുന്ന നിലപാട് കെപിസിസിയെ അറിയിച്ചത്. നിലവിൽ, സ്ഥാനാർഥി നിർണയത്തിനുള്ള സ്ക്രീനിങ് കമ്മിറ്റി എഐസിസിയാണ് പ്രഖ്യാപിക്കുന്നത്. കഴിഞ്ഞതവണ 93 സീറ്റുകളിലാണ് കോൺഗ്രസ് മത്സരിച്ചത്. ജയിച്ചത് 21 സീറ്റുകളിലും. നിയമസഭാ മണ്ഡലം അടിസ്ഥാനത്തിൽ രൂപീകരിച്ച കോർ കമ്മിറ്റികൾ നൽകുന്നപേരുകൾ പരിഗണിച്ചാണ് സ്ഥാനാർഥി നിർണയം നടത്തുന്നത്. കഴിഞ്ഞ നിയമസഭാതെരഞ്ഞെടുപ്പിൽ വിജയസാധ്യത മുന്നിൽക്കണ്ട് കോൺഗ്രസ് കാബിനറ്റ് ഉൾപ്പടെ രൂപീകരിച്ചിരുന്നു. എന്നാൽ, മികച്ചവിജയത്തോടെ ഇടതുസർക്കാർ വീണ്ടും അധികാരത്തിലേറുകയായിരുന്നു.

# അതിദാരിദ്ര്യ നിർമാർജനം: പദ്ധതിയുടെ രണ്ടാം പതിപ്പ് ഒരുക്കുന്നു

തിരുവനന്തപുരം: സമ്പൂർണ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചതിന്റെ പേരിൽ വിമർശനങ്ങൾ ഏറ്റുവാങ്ങിയ സർക്കാർ, പദ്ധതിക്കു രണ്ടാം പതിപ്പ് ഒരുക്കുന്നു.

ആദ്യഘട്ടത്തെക്കുറിച്ചുള്ള പരാതികൾ പരിഹരിക്കാൻ, ജനപങ്കാളിത്തത്തോടെ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്ന സംവിധാനങ്ങൾ ഉൾപ്പെടുത്തിയാകും രണ്ടാം പതിപ്പ്. ഇതിനായി ഹെൽപ് ലൈൻ നമ്പറും സമൂഹമാധ്യമ പേജും നിലവിൽ വരും.

തദ്ദേശതെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് തൊട്ടുമുൻപ് നവംബർ ഒന്നിന് പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചും നടൻ മമ്മൂട്ടി ഉൾപ്പെടെയുള്ള പ്രമുഖരെ പങ്കെടുപ്പിച്ച് പൊതുപരിപാടി നടത്തിയുമായിരുന്നു സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനം.

ഇതിനു പിന്നാലെ ദരിദ്ര സാഹചര്യങ്ങളിൽ കഴിയുന്നവരുടെ ചിത്രമടക്കമുള്ള വിവരങ്ങൾ മാധ്യമങ്ങളിൽ വാർത്തയായതും പൊതുസമൂഹത്തിൽ ചർച്ചയായതും സർക്കാരിനു തിരിച്ചടിയായിരുന്നു. പ്രതിപക്ഷവും അക്കാദമിക് വിദഗ്ധരുമടക്കം വിമർശനവുമായി എത്തി. തദ്ദേശ തെരഞ്ഞെടുപ്പിലും ഇതുകൊണ്ടു വിചാരിച്ച നേട്ടമുണ്ടായില്ല. ഈ സാഹചര്യത്തിലാണ് രണ്ടാം പതിപ്പ്. രണ്ടാം പതിപ്പിന്റെ (ഇപിപി 2.0) ഉദ്ഘാടനം ഫെബ്രുവരി 19-ന് കണ്ണൂരിൽ തദ്ദേശ ദിനാചരണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. പദ്ധതിയുടെ ഭാഗമായ കുടുംബങ്ങൾക്കുള്ള സുസ്ഥിരത ഉറപ്പാക്കുക, 2021-നുശേഷം അതിദാരിദ്ര്യ അവസ്ഥയിലായ കുടുംബങ്ങളെ കണ്ടെത്തുക എന്നീ ലക്ഷ്യങ്ങളും കൂടി ഉൾപ്പെടുന്നതാണു രണ്ടാം പതിപ്പ്. ആദ്യ ആലോചനായോഗം 7-ന് തിരുവനന്തപുരത്ത് ചേരും.


## ഗൾഫിലെ വാഹനാപകടം; ഒൻപത് മലയാളികൾ മരിച്ചു


മലപ്പുറം: ഗൾഫിലുണ്ടായ രണ്ടു വാഹനാപകടങ്ങളിൽ രണ്ടു കുടുംബങ്ങളിലെ ഒൻപതുപേർ മരിച്ചു. സൗദിയിലും അബുദാബിയിലുമായാണ് അപകടങ്ങളുണ്ടായത്. മലപ്പുറം സ്വദേശികളാണ് മരിച്ചവരെല്ലാം. ജനുവരി നാലിന് ഞായറാഴ്ച അബുദാബിയിലുണ്ടായ വാഹനാപകടത്തിൽ നാലുകുട്ടികളും വീട്ടുജോലിക്കാരിയുമാണ് മരിച്ചത്.

മലപ്പുറം കിഴിശ്ശേരി പുളിയക്കോട് സ്വദേശി അബ്ദുൽ ലത്തീഫ്, വടകര കുന്നുമ്മക്കര സ്വദേശിനി റുക്സാന ദമ്പതിമാരുടെ മക്കളായ അഷസ് (14), അമ്മാർ (12), അയാഷ് (അഞ്ച്), മറ്റൊരു കുട്ടിയും വീട്ടുജോലിക്കാരി മലപ്പുറം ചമ്രവട്ടം സ്വദേശിനി ബുഷറയുമാണ് മരിച്ചത്. സൗദിയിലെ മദീനയിൽ മൂന്നിന് ശനിയാഴ്ച വൈകുന്നേരമുണ്ടായ വാഹനാപകടത്തിൽ മലപ്പുറം തിരൂർക്കാട് തോണിക്കര നടുവത്ത് കളത്തിൽ ഇസ്മയിലിന്റെ മകൻ അബ്ദുൾജലീൽ (52), ഭാര്യ തസ്നി തോടേങ്ങൽ (40), മകൻ ആദിൽ (13), ജലീലിന്റെ മാതാവ് മൈമൂനത്ത് കക്കേങ്ങൽ എന്നിവരാണു മരിച്ചത്.


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


DOULOS BIBLICAL SEMINARY VECHOOCHIRA, RANNI
DOULOS INT. MINISTRIES,INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG
'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി
DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.
zoom
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA
Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)
FOUNDER PRESIDENT
PRINCIPAL
VICE. PRINCIPAL
PR. DR. V. P. JOSE
PR. DR. JOHN. K. MATHEW
PR. ANIL KODITHOTTAM
DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath
26 YEARS IN CHRISTIAN MINISTRY
CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289


PROSPEROUS
THERAPY
Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL
Offering telehealth therapy for adults in Illinois and Texas.
Our services
• Individual Therapy
• Couples Therapy
• Anxiety & Stress Management
• Depression & Mood Concerns
• Self-Esteem & Confidence
• Life Transitions
• Family Concerns
• Identity Exploration
• Interpersonal Functioning
• And more...
Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com

# മുണ്ടക്കൈ – ചൂരൽമല ദുരന്തം: 300 വീടുകൾ അടുത്ത മാസം കൈമാറും

തിരുവനന്തപുരം: വയനാട് മുണ്ടക്കൈ ചൂരൽമല ദുരന്തത്തിൽ വീടുകൾ നഷ്ടമായവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഫെബ്രുവരിയിൽ 300 വീടുകളും അനുബന്ധ സൗകര്യങ്ങളും പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിന് കൽപ്പറ്റ ബൈപാസിനു സമീപം ഏറ്റെടുത്ത എൽസ്റ്റൺ എസ്റ്റേറ്റ് ഭൂമിയിൽ ടൗൺഷിപ്പ് നിർമാണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. 410 വീടുകളും അനുബന്ധസൗകര്യങ്ങളും ഉൾക്കൊള്ളുന്നതാണ് ടൗൺഷിപ്പ്.


പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കുന്ന തരത്തിൽ അത്യാധുനിക സൗകര്യങ്ങളോടെ പ്രകൃതിയോട് ഇണങ്ങുന്ന രീതിയിൽ, 35 ക്ലസ്റ്ററുകളിലായാണ് ടൗൺഷിപ്പ് വിഭാവനം ചെയ്തിരിക്കുന്നത്. ഓരോ ക്ലസ്റ്ററിലും കുട്ടികൾക്ക് കളിക്കുന്നതിനും മുതിർന്നവർക്ക് ഒത്തുകൂടുന്നതിനും ആവശ്യമായ പൊതു ഇടങ്ങൾ ഉൾക്കൊള്ളുന്നു. 11.4 കിലോമീറ്റർ റോഡ്, ഭൂഗർഭ വൈദ്യുതി വിതരണ ശൃംഖല, 9.5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള കുടിവെള്ള ടാങ്ക്, ഓരോ വീട്ടിലും 1000 ലിറ്റർ കുടിവെള്ള ടാങ്ക്, ഫുട്ബോൾ ഗ്രൗണ്ട്, മാർക്കറ്റ്, അങ്കണവാടി, കമ്യൂണിറ്റി ഹാൾ, മാലിന്യസംസ്കരണ കേന്ദ്രങ്ങൾ, പൊതുജനാരോഗ്യ കേന്ദ്രം, മെമ്മോറിയൽ, ഓരോ വീട്ടിലും സൗരോർജ പ്ലാന്റ് തുടങ്ങിയ സൗകര്യങ്ങൾ ടൗൺഷിപ്പിലുണ്ടാകും. 207 വീടുകളുടെ വാർപ്പ് പൂർത്തിയായി. ബാക്കി വീടുകളുടെ ജോലികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. 3.9 കിലോമീറ്റർ നീളത്തിൽ റോഡിന്റെ പ്രാരംഭ നിർമാണം പൂർത്തിയായി. കുടിവെള്ള ടാങ്കിന്റെ റാഫ്റ്റ് വർക്ക് കഴിഞ്ഞു. 1500–ഓളം തൊഴിലാളികൾ തുടർച്ചയായി ജോലി ചെയ്യുകയാണ്. 58 ഘട്ടങ്ങളിലായി ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്തിയാണ് അടുത്ത ഘട്ടത്തിലേക്ക് കടക്കുന്നതിന് അനുമതി നൽകുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. മുഴുവൻ നിർമാണങ്ങൾക്കും അഞ്ചു വർഷത്തേക്ക് കേടുപാടുകളിൽനിന്നും കരാറുകൾ സംരക്ഷണം നൽകും.

'ബിൽഡ് ബാക്ക് ബെറ്റർ' എന്ന തത്വം ഉൾക്കൊണ്ട് ഓരോ ദുരന്തബാധിതനും കൂടുതൽ മെച്ചപ്പെട്ട ജീവിതം ഉറപ്പുവരുത്തുന്നതിനായുള്ള സമഗ്ര പുനരധിവാസമാണ് ടൗൺഷിപ്പിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

## പ്രളയ് മിസൈൽ പരീക്ഷണം വിജയകരം

ന്യൂഡൽഹി: ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച അർധ ബാലിസ്റ്റിക് മിസൈലുകളായ രണ്ട് പ്രളയ് മിസൈലുകൾ പ്രതിരോധ ഗവേഷണ വികസനകേന്ദ്രം (ഡിആർഡിഒ) ഒഡീഷ തീരത്ത് വിജയകരമായി പരീക്ഷിച്ചു. അങ്ങേയറ്റത്തെ കൃത്യത ഉറപ്പാക്കുന്ന നാവിഗേഷൻ സംവിധാനമാണ് പ്രളയ് മിസൈലിന്റേത്. ക്ഷമതാപരിശോധനകളുടെ ഭാഗമായിട്ടായിരുന്നു പരീക്ഷണമെന്ന് പ്രതിരോധമന്ത്രാലയം അറിയിച്ചു. രണ്ട് മിസൈലുകളും ലക്ഷ്യസ്ഥാനം കണ്ടതായി ട്രാക്കിങ് സെൻസറുകൾ സ്ഥിരീകരിച്ചെന്ന് മന്ത്രാലയം വ്യക്തമാക്കി.

# മുൻ എംഎൽഎ പി.എം. മാത്യു അന്തരിച്ചു



കടുത്തുരുത്തി: മുൻ എംഎൽഎയും കേരള കോൺഗ്രസ് ജേക്കബ് വിഭാഗം മുൻ ചെയർമാനും കേരള കോൺഗ്രസ് നേതാവുമായിരുന്നു പി.എം. മാത്യു (75) അന്തരിച്ചു. ദീപിക, മലബാർ മെയിൽ, പൗരധ്വനി പത്രങ്ങളുടെ പത്രാധിപരായിരുന്ന കാപ്പുന്തല പാറപ്പുറത്ത് പാലുവേലിൽ പരേതരായ പി.ജെ. മാത്യുവിന്റെയും കാഞ്ഞിരപ്പള്ളി ആനത്താനം മാളിയേക്കൽ ത്രേസ്യാമ്മയുടെയും മകനാണ്.

മൂന്നാഴ്ച മുമ്പ് ഉദരസംബന്ധമായ രോഗത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. ഡിസംബർ 30–ന് പുലർച്ചെ 3.15 –നായിരുന്നു അന്ത്യം. 1991–96 കാലത്ത് കടുത്തുരുത്തി എംഎൽഎയായിരുന്നു. എക്സ് എംഎൽഎ ഫോറം സംസ്ഥാന വർക്കിംഗ് ചെയർമാനായിരുന്നു. ഭാര്യ: കുസുമം (റിട്ട. സബ് രജിസ്ട്രാർ). മക്കൾ: അനു പി. മാത്യു (അസോസിയേറ്റ് പ്രഫസർ ദേവമാതാ കോളജ്, കുറവിലങ്ങാട്), അഞ്ജു മാത്യു (സിംഗപ്പൂർ), അരുൺ മാത്യു (മലേഷ്യ). മരുമക്കൾ: ചാൾസ് തോമസ് കൊച്ചുകിഴക്കേതിൽ കളത്തൂർ, അനീഷ് പ്രസാദ്, ജസ്വിനി രാംചന്ദ്.

# ഡ്രൈവറുടെ ഉറക്കക്ഷീണം നേരത്തേ കണ്ടെത്താം എം.ജി. സർവകലാശാലയ്ക്ക് പേറ്റന്റ്

കോട്ടയം: ഉറക്കംതൂങ്ങി വണ്ടി ഓടിച്ച് അപകടത്തിൽ പെടുന്നതു കുറയ്ക്കാൻ എം.ജി. സർവകലാശാലയിൽ നിന്ന് ഒരു എഐ മന്ത്രം. ഡ്രൈവർമാരുടെ ഉറക്കക്ഷീണം മുൻകൂട്ടി കണ്ടെത്തുന്നതുവഴി റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള 'എ ഡ്രൗസിനസ് ഡിറ്റക്ഷൻ സിസ്റ്റ'ത്തിനു പേറ്റന്റ് ലഭിച്ചു. എം.ജി. സർവകലാശാലാ സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസസിലെ ഡോ. കെ.പി. പുഷ്പലത, ഗവേഷണ വിദ്യാർത്ഥിനി ഡോ. വിനീത വിജയൻ എന്നിവർക്കാണു പേറ്റന്റ് ലഭിച്ചത്.



ഡോ. കെ.പി. പുഷ്പലത



ഡോ. വിനീത വിജയൻ



എംജിയിലെ ഗവേഷകർ വികസിപ്പിച്ച യന്ത്രം.

മുഖഭാവങ്ങളിലെയും കണ്ണുകളുടെ ചലനങ്ങളിലെയും സൂക്ഷ്മ മാറ്റങ്ങൾ ഉൾപ്പെടെയുള്ള ദൃശ്യ സവിശേഷതകൾ വിശകലനം ചെയ്ത് ഡ്രൈവർമാരിലെ ഉറക്കക്ഷീണത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ മുതൽ കണ്ടെത്താൻ ഈ സംവിധാനം സഹായിക്കും.

മനുഷ്യനും വാഹനവും തമ്മിലുള്ള സഹകരണം കൂടുതൽ ശക്തമാക്കുന്ന അഡാപ്റ്റീവ് മൊഡ്യൂൾ വികസിപ്പിക്കുകയാണു ഗവേഷണത്തിന്റെ അടുത്ത ഘട്ടം. ഇതിലൂടെ ഡ്രൈവറുടെ അവസ്ഥയ്ക്കും സാഹചര്യത്തിനും അനുസരിച്ചുള്ള ഇടപെടൽ നടത്താനാകും.

കേരള സ്റ്റാർട്ടപ് മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന റിസർച് ഇന്നവേഷൻ നെറ്റ്‌വർക് കേരള നൽകുന്ന സീഡ് ഫണ്ടിങ്ങിന്റെ പിന്തുണയും ഗവേഷണത്തിനു ലഭിച്ചിരുന്നു.

# പുതുവർഷത്തിൽ യാത്രികരുടെ എണ്ണത്തിൽ റെക്കോർഡിട്ട് മെട്രോ

കൊച്ചി: കൊച്ചി മെട്രോ ട്രെയിൻ, ഇലക്ട്രിക് ഫീഡർ ബസ്, കൊച്ചി വാട്ടർ മെട്രോ എന്നിവയിൽ പുതുവർഷത്തലേന്നും പുലർച്ചയിലും സഞ്ചരിച്ചത് 1,61,683 പേർ.

പുലർച്ചെ രണ്ടുവരെ സർവീസ് നടത്തിയ കൊച്ചി മെട്രോ ട്രെയിനിൽ 1,39,766 പേരാണ് യാത്ര ചെയ്തത്. പുലർച്ചെ നാലുവരെ സർവീസ് നടത്തിയ ഇല്ട്രിക് ഫീഡർ ബസിൽ 6817 പേരും വാട്ടർ മെട്രോയിൽ 15,000 പേരും യാത്ര ചെയ്തു റെക്കോർഡ് നേട്ടമാണ് മെട്രോ കൈവരിച്ചത്. കഴിഞ്ഞ 31–ന് 44,67,688 രൂപയുടെ വരുമാനം നേടി പ്രതിദിന വരുമാനത്തിലും കൊച്ചി മെട്രോ റെക്കോർഡ് സൃഷ്ടിച്ചു.

കൂട്ടായ പരിശ്രമത്തിലൂടെയാണ് മെട്രോ ഈ നേട്ടം കൈവരിച്ചതെന്നു കെഎംആർഎൽ മാനേജിങ് ഡയറക്ടർ ലോക്നാഥ് ബെഹ്റ പറഞ്ഞു. 15 ഇലക്ട്രിക് ബസുകൾ വിവിധ റൂട്ടുകളിൽ മെട്രോ സ്റ്റേഷനുകളെയും വാട്ടർ മെട്രോ സ്റ്റേഷനുകളെയും ബന്ധിപ്പിച്ചു സർവീസ് നടത്തിയതും നേട്ടമായെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി.

2017– ൽ സർവീസ് തുടങ്ങിയ മെട്രോയിൽ ഇതുവരെ 17.52 കോടിപ്പേർ യാത്ര ചെയ്തു. കഴിഞ്ഞ വർഷത്തെ യാത്രക്കാരുടെ എണ്ണം 36586194 ആയി വർധിച്ചു. ഡിസംബറിൽ മാത്രം 32,68,063 പേരാണ് യാത്ര ചെയ്തത്. പതിവു സർവീസിനു പുറമെ പുലർച്ചെ 5.10 വരെ മട്ടാഞ്ചേരി–ഹൈക്കോർട്ട്, വൈപ്പിൻ–ഹൈക്കോർട്ട് റൂട്ടിൽ വാട്ടർമെട്രോ അധിക സർവീസ് നടത്തിയിരുന്നു. ഇതിലൂടെ റെക്കോർഡ് നേട്ടമാണ് കൈവരിച്ചത്.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers
24 Hour Emergency Service

• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion



George Kurian
Mortgage Specialist
NMLS ID 220917

1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

#1 SERVICE



BROKER / REALTOR®

# Ann Varkey

Certified Luxury Home Specialist
RE/MAX Properties S.W., Inc.
(407) 352-5800 Ext. 645
WWW.ANNVARKEY.COM
AnnVarkeyRealtor@gmail.com

#1 RE/MAX ORLANDO FLORIDA

REALTOR 37 YEARS

Lifetime Achievement Award - Chairman's Club Award – Hall of Fame – YMCA Leaders Club Honor

**WISHING YOU THE BEST OF EVERYTHING IN 2026! IT IS THE YEAR FOR MIRACLES IN EVERYONE'S LIFE. BACK TO WORK AFTER HOSPITAL STAY.**




9245 SOUTHERN BREEZE DR.
$4.7 MILLION




8824 ELLIOTTS CT.
CLOSE TO $1.3 MILLION




9049 SOUTHERN BREEZE DR
$4,750,000




9138 BAY POINT DRIVE
$5.9 MILLION




9018 SOUTHERN BREEZE DR.
$1.650 MILLION




9062 DANCY TREE CT.
$1.195 MILLION




**8955 Heritage Bay**
**$1,196,000**




8335 LAKE SERENE DR.
VACANT LOT
$595,000

www.AnnVarkey.com
See Testimonials on Ann's Website
Ann gives back to the community

*WHEN YOU ARE LOOKING FOR RESULTS, YOU CALL THE BEST. WHEN YOU WANT THE BEST, YOU CALL ANN. 407-489-4225*

# ഉയർന്ന കടബാധ്യതാ അനുപാതം: 13 സംസ്ഥാനങ്ങളിൽ കേരളം പത്താമത്

ന്യൂഡൽഹി: 2023-24-ൽ കേരളമടക്കം 13 സംസ്ഥാനങ്ങളിലെ കടബാധ്യതാ അനുപാതം അനുവദനീയ പരിധിക്കും മുകളിലായിരുന്നുവെന്ന് കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) പഠന റിപ്പോർട്ട്. എന്നാൽ, ഈ 13 സംസ്ഥാനങ്ങളിൽ താരതമ്യേന മെച്ചപ്പെട്ട നിലയിലാണ് കേരളം. 13 സംസ്ഥാനങ്ങളിൽ പത്താമതാണ് കേരളം.

2023-24 സാമ്പത്തികവർഷത്തെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങളുടെ ധനസ്ഥിതിയുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച റിപ്പോർട്ടിലാണ് ഇക്കാര്യം പരാമർശിക്കുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ വ്യവസ്ഥയനുസരിച്ച് 2023-24-ൽ സംസ്ഥാനങ്ങൾ അവരുടെ കടബാധ്യത സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ (ജിഎസ്ഡിപി) 33.1 ശതമാനത്തിനു താഴെ നിർത്തണം. എന്നാൽ കേരളത്തിലിത് 36.57 ശതമാനമായിരുന്നുവെന്ന് റിപ്പോർട്ട് പറയുന്നു. ഏറ്റവും ഉയർന്ന അനുപാതം അരുണാചൽ പ്രദേശിലാണ്, 50.85 ശതമാനം. ഏറ്റവും കുറവ് ഒഡീഷയിലും, 16.66 ശതമാനം. ഈ അനുപാതം കൂടുന്നതിനനുസരിച്ചു സംസ്ഥാനങ്ങളുടെ തിരിച്ചടവ് ബാധ്യത കൂടുകയും ക്ഷേമപ്രവർത്തനങ്ങൾക്ക് തുക കണ്ടെത്തുന്നതിന് പ്രയാസമുണ്ടാകുകയും ചെയ്യും.

2018-നുശേഷം ജിഎസ്ടിയിൽ നിന്നുള്ള ശരാശരി വാർഷിക വരുമാന വളർച്ച തനത് നികുതി വരുമാനവളർച്ചയെക്കാൾ കൂടുതലായിരുന്നെങ്കിലും കേരളമടക്കം ഏഴ് സംസ്ഥാനങ്ങളിൽ ഇതുണ്ടായില്ല. കേരളത്തിന്റെ നികുതിയേതര വരുമാനത്തിൽ 77 ശതമാനവും (12,531 കോടി രൂപ) ലോട്ടറി വരുമാനത്തിൽ നിന്നാണ്. മിക്ക സംസ്ഥാനങ്ങളിലും ശമ്പളം കഴിഞ്ഞാൽ പെൻഷൻ ചെലവുകളാണ് ഏറ്റവും കൂടുതൽ. കേരളമടക്കം 12 സംസ്ഥാനങ്ങളിൽ പെൻഷൻ ചെലവിനേക്കാൾ ഉയർന്നതാണ് വായ്പാ പലിശ തിരിച്ചടവ്. കേരളമടക്കം 13 സംസ്ഥാനങ്ങൾ ബജറ്റ് ചെലവിന്റെ 20 ശതമാനത്തിലേറെ ശമ്പളച്ചെലവുകൾക്കായാണ് മാറ്റിവെക്കുന്നത്. ഗുജറാത്ത്, കർണാടക, ബംഗാൾ, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ ശമ്പളച്ചെലവ് 10 ശതമാനത്തിൽ താഴെയാണ്. കേരളത്തിലിത് 24.18 ശതമാനമാണ്. സംസ്ഥാനങ്ങളിൽ 9-ാം സ്ഥാനം. കേരളം ഉൾപ്പെടെ ഏഴ് സംസ്ഥാനങ്ങളിൽ പെൻഷൻ ചെലവ് 15 ശതമാനത്തിനു മുകളിലാണ്. കേരളത്തിലിത് 16.08 ശതമാനം ആണ്.

ഗാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിച്ചില്ലെന്നതിന്റെ പേരിൽ കേരളത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്ന് കുറവുവരുത്തിയത് 3,323 കോടി രൂപയാണ്. കേരളം ബിഹാർ, ഹിമാചൽ പ്രദേശ്, ജാർഖണ്ഡ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ മാത്രമാണ് ഫണ്ട് രൂപീകരിക്കാത്തതെന്ന് സിഎജിയുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി. ഈ അഞ്ച് സംസ്ഥാനങ്ങളും ചേർത്ത് നൽകിയ ആകെ ഗാരന്റി 1.2 ലക്ഷം കോടി രൂപയുടേതാണ്.

# താലിയും പുടവയുമില്ല; ഭരണഘടന കൂട്ട്



ഭരണഘടന കൈമാറി വിവാഹിതരായ ആർ. ജിതിൻ കൃഷ്ണനും പി.എസ്. ശീതളും.

പാലക്കാട്: താലിയും മോതിരവുമില്ല, പുടവയുമില്ല. രാജ്യത്തിന്റെ ഭരണഘടന കൈമാറി പ്രതിജ്ഞചെയ്ത് ശീതളും ജിതിനും ഒരുമിച്ചു യാത്ര തുടങ്ങി. ഇരുവരും ഒരേ സ്വരത്തിൽ ചൊല്ലി, "നമ്മൾ ഇന്ത്യയിലെ രണ്ട് പൗരർ എന്ന നിലയിൽ, വ്യക്തിപരമായ പരമാധികാര ബോധ്യത്തോടെയും പരസ്പര സമ്മതത്തോടെയും ദാമ്പത്യബന്ധം തുടങ്ങുന്നു. ജനുവരി ഒന്നിന് ഈ ബന്ധത്തെ അംഗീകരിക്കുകയും ഭരണഘടനാ മൂല്യങ്ങളെ നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു."

നെമ്മാറ സബ് രജിസ്ട്രാർ ഓഫീസിൽ കൊല്ലം കരുനാഗപ്പള്ളി സ്വദേശിയായ പി.എസ്. ശീതളും അയിലൂർ സ്വദേശിയായ ആർ. ജിതിൻ കൃഷ്ണനും തമ്മിലുള്ള വിവാഹത്തിന് ബന്ധുക്കൾക്കൊപ്പം ഭരണഘടനയും സാക്ഷിയായി.

പാലക്കാട് കണ്ണാടി ഹയർ സെക്കൻഡറി സ്കൂൾ അധ്യാപികയായ ശീതൾ ഭരണഘടനാ സാക്ഷരതാരംഗത്ത് പ്രവർത്തിക്കുന്ന, കോൺസ്റ്റിറ്റ്യൂഷൻ ലിറ്ററസ് കൗൺസിൽ എന്ന എൻജിഒയുടെ പ്രവർത്തകയാണ്. ജിതിൻ പാലക്കാട് തേങ്കുറിശ്ശിയിൽ വില്ലേജ് അസിസ്റ്റാണ്. ഭരണഘടനാമൂല്യങ്ങളുടെ പ്രചാരണത്തിന് വിവാഹം തന്നെ സന്ദേശമാകട്ടെ എന്ന ചിന്തയാണ് ഈ മാതൃകയ്ക്കു പിന്നിലെന്ന് ഇരുവരും പറയുന്നു.

# ജസ്റ്റിസ് സൗമെൻ സെൻ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്



കൊച്ചി: കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി മേഘാലയ ഹൈക്കോടതി ചീഫ് ജസ്റ്റിസ് സൗമെൻ സെന്നിനെ നിയമിക്കാനുള്ള സുപ്രീംകോടതി കൊളീജിയം ശിപാർശ കേന്ദ്രസർക്കാർ അംഗീകരിച്ചു. ഈ മാസം ഒമ്പതിനായിരിക്കും ചീഫ് ജസ്റ്റിസായി സൗമെൻ സെൻ ചുമതലയേൽക്കുക. അദ്ദേഹത്തിന് 2027 ജൂലൈ 27 വരെ കാലാവധിയുണ്ടാകും.

നിലവിലെ ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ വിരമിക്കുന്ന ഒഴിവിലേക്കാണ് സെൻ എത്തുന്നത്. ഡിസംബർ 18-നാണ് ജസ്റ്റിസ് സൗമെൻ സെന്നിനെ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിയമിക്കാൻ സുപ്രീംകോടതി കൊളീജിയം ശിപാർശ നൽകിയത്. ഇക്കഴിഞ്ഞ സെപ്റ്റംബർ 26-നാണ് മേഘാലയ ചീഫ് ജസ്റ്റിസായി നിയമിക്കപ്പെട്ടത്.

# ഇന്ത്യയുടെ ആദ്യ ബുള്ളറ്റ് ട്രെയിൻ അടുത്ത വർഷം

ന്യൂഡൽഹി: ഇന്ത്യയുടെ ആദ്യ ബുള്ളറ്റ് ട്രെയിൻ അടുത്ത വർഷം ഓഗസ്റ്റ് 15-ന് ഓടുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. അതിവേഗ റെയിൽ പദ്ധതിയുടെ പുരോഗതിയെക്കുറിച്ച് സംസാരിക്കവെയാണ് അടുത്ത വർഷം ഇന്ത്യയിൽ ആദ്യത്തെ ബുള്ളറ്റ് ട്രെയിൻ ട്രാക്കുകളിൽ ഓടുമെന്ന് അദ്ദേഹം പ്രതികരിച്ചത്.

"2027-ലെ സ്വാതന്ത്ര്യദിനത്തിൽ ഒരു ബുള്ളറ്റ് ട്രെയിൻ ടിക്കറ്റ് വാങ്ങുക, ഇന്ത്യക്ക് ആദ്യത്തെ ബുള്ളറ്റ് ട്രെയിൻ ലഭിക്കും" - അദ്ദേഹം പറഞ്ഞു. വന്ദേ ഭാരത് എക്സ്പ്രസിന്റെ വർധിച്ചുവരുന്ന ജനപ്രീതിയും മന്ത്രി എടുത്തുപറഞ്ഞു. ഇന്ത്യയുടെ റെയിൽവേ ആധുനികവൽക്കരണ നീക്കത്തിൽ ഇത് പുതിയ ആത്മവിശ്വാസം വളർത്തിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. "വന്ദേ ഭാരത് ചെയർ കാർ ഇന്ത്യയെമ്പാടും ഒരു പുതിയ ആത്മവിശ്വാസം സൃഷ്ടിച്ചു. ജനം ഇത് വളരെയധികം അഭിനന്ദിക്കുകയാണ്. വന്ദേ ഭാരത് ട്രെയിനിനായുള്ള അഭ്യർത്ഥനകൾ ഇപ്പോൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നു വരുന്നുണ്ട്" - അദ്ദേഹം കൂട്ടിച്ചേർത്തു. വരാനിരിക്കുന്ന വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനുകൾ സുഖസൗകര്യങ്ങൾ, സുരക്ഷ, സേവനം എന്നിവയുടെ അതേ നിലവാരം വാഗ്ദാനം ചെയ്യുന്നതിനൊപ്പം പുതിയൊരു രാത്രി യാത്രാനുഭവം അവതരിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.






# കേസ് പരിഗണിക്കുന്നതിൽ മുൻഗണന നിശ്ചയിച്ച് സുപ്രീം കോടതി

കൊച്ചി: സുപ്രീം കോടതിയുടെ എല്ലാ ബെഞ്ചിലെയും പ്രതിദിന കേസ് ലിസ്റ്റിൽ മുൻഗണനാക്രമം നിശ്ചയിച്ച് സുപ്രീം കോടതി രജിസ്ട്രി. ചീഫ് ജസ്റ്റിസ് സൂര്യകാന്തിന്റെ നിർദേശപ്രകാരം കേസ് ലിസ്റ്റിങ്ങിലെ ഏകീകരണം ലക്ഷ്യമിട്ടാണു നടപടി. അംഗപരിമിതരെയും ആസിഡ് ആക്രമണ ഇരകളെയും സംബന്ധിച്ച കേസുകൾ, 80 വയസിനു മുകളിലുള്ളവരുടെ കേസുകൾ, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ കേസുകൾ, നിയമസഹായം ആവശ്യപ്പെടുന്ന അപേക്ഷകൾ എന്നിവയ്ക്ക് മുൻഗണന നൽകാനാണു നിർദേശം. പതിനാറ് ഇനം മുൻഗണനാപട്ടികയാണു സുപ്രീം കോടതി മുന്നോട്ടുവെച്ചിരിക്കുന്നത്.

1. വാദംകേട്ട അഡ്മിഷൻ കേസുകൾ, 2. പുതിയ കേസുകൾ, 3. ജാമ്യ ഹർജികൾ, 4. നോട്ടീസ് നൽകിയ ശേഷമുള്ള ഇടക്കാല സ്റ്റേ അപേക്ഷകൾ, 5. പുതുതായി മാറ്റിവെച്ച കേസുകൾ, 6. വ്യക്തിപരമായ ഹാജർ കേസുകൾ/ സെറ്റിൽമെന്റ് കേസുകൾ. 7. അംഗപരിമിതർ, ആസിഡ് ആക്രമണ ഇരകൾ എന്നിവരുമായി ബന്ധപ്പെട്ട കേസുകൾ, 8. 80 വയസിനുമേലുള്ളവരുമായി ബന്ധപ്പെട്ട കേസുകൾ, 9. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ ഉൾപ്പെടുന്ന കേസുകൾ, 10. നിയമസഹായ കേസുകൾ, 11. ട്രാൻസ്ഫർ ഹർജികൾ, 12. ഉത്തരവുകൾ, 13. പൊതുതാൽപര്യ ഹർജികൾ, 14. ഭാഗികമായി വാദംകേട്ട കേസുകൾ, 15. നോട്ടീസിനു ശേഷമുള്ള ബാക്കി കാര്യങ്ങൾ: ക്രിമിനൽ, സിവിൽ, 16. ഡയറക്ഷൻ വിഷയങ്ങൾ എന്നീ വിഷയങ്ങളാണു മുൻഗണനാ പട്ടികയിലുള്ളത്. നിലവിൽ 96,000 കേസുകളാണു സുപ്രീം കോടതിയിൽ കെട്ടിക്കിടക്കുന്നത്. സമയബന്ധിതമായി കേസുകൾ തീർപ്പാക്കുക ലക്ഷ്യമിട്ടാണു പുതിയ ക്രമീകരണമെന്നും സർക്കുലറിൽ പറയുന്നു.

മുൻഗണനാ പട്ടികയിലുള്ളതെങ്കിൽ, ഫയൽ ചെയ്യുമ്പോൾതന്നെ ആ കാര്യം പ്രത്യേകം വ്യക്തമാക്കാൻ ഓപ്ഷൻ ഉണ്ട്. അത്തരം കേസുകൾ പെട്ടെന്നു കേൾക്കും. ഇത്തരം കേസുകൾ വേഗം പരിഗണിച്ചു തീർപ്പാക്കണം. സീനിയർ അഭിഭാഷകരെ നിയോഗിക്കുമ്പോൾ അവർക്കു വാദിക്കാൻ എത്രസമയം വേണമെന്നു കേസ് ലിസ്റ്റ് ചെയ്തു കുറഞ്ഞത് മൂന്നുദിവസം മുമ്പായി രജിസ്ട്രിയെ അറിയിക്കണം. ഒപ്പം അവർ വാദിക്കാൻ ഉദ്ദേശിക്കുന്ന വാദമുഖങ്ങളുടെ അഞ്ച് പേജിൽ കൂടാത്ത ലഘുകുറിപ്പും രജിസ്ട്രിയുടെ ഔദ്യോഗിക ഇ-മെയിലിലേക്ക് അയയ്ക്കണം. അനുവദിച്ച സമയം കഴിഞ്ഞാൽപിന്നെ വാദം നടത്താനാകില്ല. ഇതുവഴി അത്യാവശ്യം പരിഗണിക്കേണ്ട കേസുകൾ ജഡ്ജിമാർക്കു വേഗം തിരിച്ചറിയാനും തീർപ്പാക്കാനുമാകും. സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് നടപടിക്രമം ഉണ്ടായിരിക്കും. അത് ഉടനടി പ്രാബല്യത്തിൽ വരും.

നിലവിൽ, മുതിർന്ന അഭിഭാഷകൻ ദിവസം മുഴുവനും ഒരു കേസുതന്നെ വാദിച്ചു നീട്ടുകയാണ്. അതിനാൽ, അന്നു പരിഗണിക്കേണ്ട മറ്റു കേസുകൾ മാറ്റിവെക്കേണ്ടിവരും. എല്ലാ അഭിഭാഷകരും നിശ്ചയിച്ചിട്ടുള്ള സമയപരിധികൾ പാലിക്കണമെന്നും കോടതി നിർദേശിച്ചു.

# നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഉമാ തോമസിന്റെ വക്കീൽ നോട്ടീസ്



കൊച്ചി: ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിന്റെ ഗാലറിയിൽ നിന്നു വീണ് പരുക്കേറ്റ സംഭവത്തിൽ രണ്ട് കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഉമാ തോമസ് എംഎൽഎ വക്കീൽ നോട്ടീസയച്ചു. മൃദംഗ നാദം സംഗീത സന്ധ്യയ്ക്കിടെ ഗാലറിയിൽ ഒരുക്കിയ താല്ക്കാലിക ഉദ്ഘാടന വേദിയിൽ നിന്നു വീണുണ്ടായ അപകടത്തിന്റെ ആഘാതം ഇപ്പോഴും തുടരുന്നതടക്കം ചൂണ്ടിക്കാട്ടിയാണ് സ്റ്റേഡിയം ഉടമകളായ ജിസിഡിഎയ്ക്ക് നോട്ടീസ് അയച്ചത്. നഷ്ടപരിഹാരം നല്കിയില്ലെങ്കിൽ നിയമപരമായ തുടർനടപടികൾ സ്വീകരിക്കുമെന്നാണ് അഡ്വ. പോൾ ജേക്കബ് മുഖേന നല്കിയ നോട്ടീസിൽ പറയുന്നത്.

സംഘാടകരായ മൃദംഗ വിഷൻ ആൻഡ് ഓസ്കർ ഇവന്റ് മാനേജ്മെന്റിന്റെ വിശ്വാസ്യത പോലും പരിശോധിക്കാതെയാണ് ജിസിഡിഎ സ്റ്റേഡിയം അനുവദിച്ചതെന്ന് നോട്ടീസിൽ ആരോപിക്കുന്നു. തറനിരപ്പിൽ നിന്ന് 10.5 മീറ്റർ ഉയരത്തിൽ ഗാലറിയുടെ മുകളിൽ താൽക്കാലികമായി തയ്യാറാക്കിയ വേദിക്ക് യാതൊരു സുരക്ഷയും ഉണ്ടായിരുന്നില്ല. കൈവരി ഉണ്ടായിരുന്നില്ല. മുൻനിര സീറ്റിനു മുൻഭാഗത്ത് ഉണ്ടായിരുന്നത് 50 സെന്റിമീറ്റർ സ്ഥലമാണ്. ഇതിലൂടെ നടക്കുമ്പോഴാണ് തലയടിച്ചു താഴെവീണത്. സ്ട്രെച്ചർ പോലും അവിടെ ഉണ്ടായിരുന്നില്ല. അപകടശേഷം സ്റ്റേഡിയത്തിനു പുറത്ത് എത്തിക്കാൻ പത്തു മിനിറ്റെടുത്തു. ഒമ്പത് ദിവസത്തിനു ശേഷമാണ് ബോധം വീണ്ടെടുക്കാനായത്. സ്വതന്ത്രമായി നടക്കാൻ മാസങ്ങളെടുത്തു. ഇപ്പോഴും പൂർണമായും ആരോഗ്യം വീണ്ടെടുക്കാനായിട്ടില്ലെന്നും നോട്ടീസിൽ പറയുന്നു.

# മകൻ യുഡിഎഫിനായി പ്രവർത്തിച്ചു; സിപിഎം ബാങ്ക് അമ്മയെ പിരിച്ചുവിട്ടു

തൊടുപുഴ: തദ്ദേശ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിക്കുവേണ്ടി 16 വയസുള്ള മകൻ പ്രവർത്തിച്ചതിന് അമ്മയെ ജോലിയിൽനിന്നു പിരിച്ചുവിട്ടു. സിപിഎം ഭരിക്കുന്ന കാരിക്കോട് സഹകരണ ബാങ്കിലെ താൽക്കാലിക സ്വീപ്പറായ നിസ ഷിയാസിനാണ് (42) ജോലി നഷ്ടപ്പെട്ടത്. 11 വർഷം മുൻപു നിസയുടെ ഭർത്താവ് മരിച്ചതാണ്. ആറ് വർഷമായി നിസ ഇവിടെ ജോലി ചെയ്യുന്നു. രണ്ട് മാസം മുൻപാണ് ശമ്പളം 500 രൂപ കൂടി ഉയർത്തി 5000 രൂപയാക്കിയത്. ശമ്പളവും പുതുവർഷ ബോണസായി 1000 രൂപയും കൂടി നൽകിയ ശേഷമാണു നിസയെ പിരിച്ചുവിട്ടത്. ബോണസായി നൽകിയ 1000 രൂപ തിരികെക്കൊടുത്തശേഷം നിസ ജോലി വിട്ടിറങ്ങി.

തൊടുപുഴ നഗരസഭയിലെ 21-ാം വാർഡായ കീരികോടിലെ കോൺഗ്രസ് സ്ഥാനാർത്ഥിയായ വിഷ്ണു കോട്ടപ്പുറത്തിനായി മകൻ തെരഞ്ഞെടുപ്പു പ്രവർത്തനത്തിന് ഇറങ്ങിയിരുന്നെന്നും സൗഹൃദത്തിന്റെ പേരിൽ പ്രവർത്തിച്ചതിനാൽ തടഞ്ഞില്ലെന്നും നിസ പറയുന്നു. എൽഡിഎഫ് സ്വാധീന മേഖലയായ വാർഡിൽ 319 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിഷ്ണു വിജയിച്ചതാണ് സിപിഎമ്മിനെ പ്രകോപിപ്പിച്ചത്. ബാങ്കിൽ ജോലി നൽകിയ അന്നത്തെ പ്രസിഡണ്ടിനെയും സിപിഎം ജില്ലാ സെക്രട്ടേറിയറ്റംഗത്തെയും നിസ കണ്ടിരുന്നു. അവർ അനുകൂല നിലപാട് സ്വീകരിച്ചെങ്കിലും പ്രാദേശിക നേതൃത്വത്തിന്റെ സമ്മർദത്തിൽ ബാങ്ക് ഭരണസമിതി പിരിച്ചു വിടുകയായിരുന്നു. നിസയെ ജോലിയിൽ തുടരാൻ അനുവദിച്ചാൽ പാർട്ടി വിടുമെന്ന് സമൂഹമാധ്യമത്തിലൂടെ പ്രാദേശിക പ്രവർത്തകൻ ഭീഷണിയും മുഴക്കിയിരുന്നു. ബാങ്ക് അധികൃതർ പ്രതികരിക്കാൻ തയാറായില്ല.

# നൈസയുടെ കട തുറന്നു

വയനാട്: കുത്തിയൊലിച്ചെത്തിയ മഴവെള്ളഴത്തിൽ ഒഴുകിപ്പോകുമ്പോഴും മകൾ നൈസയെ മാറോടു ചേർത്തുപിടിച്ച ജസീല പുതുവർഷത്തിൽ പ്രതീക്ഷകളുടെ കട തുറന്നു. നാല് വയസുകാരി മകൾ നൈസയുടെ പേരിൽ 'നൈസ ലിറ്റിൽ ലക്സ്' എന്ന കട മേപ്പാടിയിലാണ് തുടങ്ങിയത്. കുഞ്ഞുടുപ്പുകൾ. ചെരിപ്പുകൾ, കളിപ്പാട്ടങ്ങൾ, സമ്മാനങ്ങൾ തുടങ്ങിയവയാണ് കടയിലുള്ളത്.

ജസീല, ഭർത്താവ് ഷാജഹാൻ, മക്കളായ ഹിന, ഹൈസ, നൈസ, ഷാജഹാന്റെ മാതാപിതാക്കളായ മുഹമ്മദ്കുട്ടി, ജമീല, മുഹമ്മദുകുട്ടിയുടെ ജ്യേഷ്ഠൻ ഹംസ രണ്ട് പേരക്കുട്ടികൾ എന്നിവരാണ് മുണ്ടക്കൈ ചൂരമല ഉരുൾപൊട്ടൽ രാത്രി വീട്ടിലുണ്ടായിരുന്നത്. ഇവരിൽ ജസീലയും നൈസയും മാത്രമാണ് രക്ഷപ്പെട്ടത്. മേപ്പാടിയിലെ സ്വകാര്യ മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്നതിനിടെ നൈസയെ പ്രധാനമന്ത്രി നരേന്ദ്ര മോദി താലോലിക്കുന്ന ചിത്രം ശ്രദ്ധിക്കപ്പെട്ടിരുന്നു.




മേപ്പാടിയിൽ തുടങ്ങിയ നൈസ ലിറ്റിൽ ലക്സ് എന്ന കട നടൻ വിനോദ് കോവൂർ ഉദ്ഘാടനം ചെയ്തപ്പോൾ.

കാപ്പകൊല്ലിയിലെ വാടകവീട്ടിലാണ് ഇപ്പോൾ നൈസയും ജസീലയും കഴിയുന്നത്.

കുടുംബശ്രീ മൈക്രോ പ്ലാനിലൂടെ തുടങ്ങിയ കട നടൻ വിനോദ് കോവൂർ ഉദ്ഘാടനം ചെയ്തു.

Sunny E. Thomas
Licensed Agent - New York Life Insurance Company
847-370-9279 | thomasse@ft.nyl.com
www.newyorklife.com/agent/thomasse
• 30+ Years of Industry Experience
• Protection & Insurance Solutions
◦ Life Insurance
◦ Long Term Care Insurance
◦ Disability Income Insurance
• Fixed Immediate & Deferred Annuities



Proud to Offer
NEW YORK LIFE
"Helping you plan better, retire comfortably, protect your family, and create a legacy"
475 N Martingale Rd, Suite 1250, Schaumburg, IL 60173
Contact Us -
Virtual Meetings Available
Free Consultation



SUNNY FINANCIAL STRATEGIES, LLC
Tom Sunny, CFP®, CLU®, RICP®
Financial Adviser & Planner
847-414-9116 | tom@sunnyfinancial.com
• Comprehensive Financial Planning
• 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
• Professional Investment Management & Guidance
• Retirement Income/Retirement Savings
• Risk Management & Insurance
• Tax Planning Strategies
• Education Funds
• Estate Planning
• Business Plans/Employee Benefits/Medicare/Pension
www.sunnyfinancial.com
Financial Adviser for Eagle Strategies LLC, a Registered Investment Adviser.
Registered Representative offering securities through NYLIFE Securities LLC (member FINRA/SIPC), A Licensed Insurance Agency.
Eagle Strategies LLC and NYLIFE Securities LLC are New York Life Companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.

# ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷൻ മാർ ജോയി ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു

ന്യൂയോർക്ക്: കാൽ നൂറ്റാണ്ടുകാലത്തിലധികം അമേരിക്കയിലെ സീറോമലബാർ വിശ്വാസികൾക്കായി സേവനം ചെയ്ത റവ.ഫാ. ജോസ് കണ്ടത്തിക്കുടിയുടെ ധന്യമായ ഓർമ്മയും പൈതൃകവും വരുംതലമുറയ്ക്ക് പ്രചോദനമാകുംവിധം നിലനിർത്തുന്നതിനു വേണ്ടി ജോസച്ചന്റെ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും ചേർന്ന് രൂപീകരിച്ച ചാരിറ്റി ഓർഗനൈസേഷനായ ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷന്റെ ഔപചാരികമായ ഉദ്ഘാടനം ചിക്കാഗോ സീറോമലബാർ രൂപത ബിഷപ് മാർ ജോയി ആലപ്പാട്ട് നിർവഹിച്ചു.

ഫാ. ജോസ് കണ്ടത്തിക്കുടിയുടെ ഒന്നാം ചരമവാർഷികാചരണത്തോടനുബന്ധിച്ച് ഡിസംബർ 27-ന് ശനിയാഴ്ച ബ്രോങ്ക്സ് സെയിന്റ് തോമസ് സീറോമലബാർ ദേവാലയ പാരിഷ്ഹാളിൽ നടന്ന അനുസ്മരണ ചടങ്ങിൽ വച്ചായിരുന്നു ഉദ്ഘാടനം. അനുസ്മരണ ബലിയിൽ മാർ ജോയി ആലപ്പാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു. വികാരി റവ.ഫാ. കുര്യാക്കോസ് വടാന, റവ.ഫാ. റോയ്സൺ മേനോലിക്കൽ, റവ.ഫാ. ഫ്രാൻസിസ് നമ്പ്യാപറമ്പിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

നാട്ടിലും അമേരിക്കയിലും സീറോമലബാർ വിശ്വാസി സമൂഹത്തിന്റെ വളർച്ചക്കായി സ്വന്തം ജീവിതം ഉഴിഞ്ഞുവെച്ച ജോസച്ചന്റെ സ്മരണ നിലനിർത്താൻ രൂപീകരിച്ച ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നതായി മാർ ജോയി ആലപ്പാട്ട് പറഞ്ഞു. നിരവധി വൈദിക വിദ്യാർത്ഥികൾക്ക് ജോസച്ചന്റെ ജീവിതം പ്രചോദനമായിട്ടുണ്ടെന്നും മാർ ജോയി ആലപ്പാട്ട് അനുസ്മരിച്ചു. അതുപോലെ ഈ ഫൗണ്ടേഷൻ നടത്താൻ പോകുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ സമൂഹത്തിലെ പാവങ്ങൾക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സഹായവും ആശ്വാസവും ആയിത്തീരട്ടെയെന്നും മാർ ജോയി ആലപ്പാട്ട് ആശംസിച്ചു.

**ഷോളി കുമ്പിളുവേലി**

ബ്രോങ്ക്സ് ഇടവക വികാരി റവ.ഫാ. കുര്യാക്കോസ് വടാന, റവ.ഫാ. റോയ്സൺ മേനോലിക്കൽ, റവ.ഫാ. ഫ്രാൻസിസ് നമ്പ്യാപറമ്പിൽ, ഫൗണ്ടേഷൻ ചെയർമാൻ ഷോളി കുമ്പിളുവേലി, സെക്രട്ടറി ബിജു കാപ്പുകാട്ട്, ട്രഷറർ ജോസഫ് കാഞ്ഞമല സിപിഎ, ഡയറക്ടർ ബോർഡ് അംഗങ്ങളായ ബാബു ജോസഫ് സിപിഎ, പൈലപ്പൻ കണ്ണൂക്കാടൻ, ജേക്കബ് ചൂരവടി, ഷേർലി അടാട്ട്, ഫാ. ജോസ് കണ്ടത്തിക്കുടിയുടെ സഹോദരി ഫിലോമിന ഐസക് തുടങ്ങിയവർ ചടങ്ങിൽ





സംബന്ധിച്ചു.

നോൺ പ്രോഫിറ്റ് ഓർഗനൈസേഷനായി ഡിപ്പാർട്ടുമെന്റ് ഓഫ് സ്റ്റേറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷന് 501 (സി) (3) സ്റ്റാറ്റ്സ് ഉടൻ ലഭിക്കും. ദൈവവിളികൾ പ്രോത്സാഹിപ്പിക്കുക, വൈദിക വിദ്യാർത്ഥികളെ സഹായിക്കുക, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനസഹായം എത്തിക്കുക, അതുപോലെ വൃക്കരോഗികൾക്ക് ചികിത്സാ സഹായം നല്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഫൗണ്ടേഷൻ ലക്ഷ്യമിടുന്നു. കൂടാതെ വർഷം തോറും ജോസച്ചന്റെ ഓർമയാചരണവും ഈ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടത്തുന്നതായിരിക്കും.

ഫാ. ജോസ് കണ്ടത്തിക്കുടി ഫൗണ്ടേഷനെപ്പറ്റി കൂടുതൽ അറിയുവാനും അതുമായി സഹകരിക്കുവാനും താല്പര്യമുള്ളവർ താഴെപ്പറയുന്നവരെ ബന്ധപ്പെടുക: ഷോളി കുമ്പിളുവേലി 914 330 6340, ബിജു കാപ്പുകാട്ട് 804 550 8494, ജോസഫ് കാഞ്ഞമല 917 596 2119.



FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

വഴിത്താരകൾ

കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട്
പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# 8th Death Anniversary
## 1-10-2026



## JAMES KOLADIYIL
### CHICAGO

*Inserted By*
*Sorrowing Family*



KERALA EXPRESS


പ്രവാസി താളുകൾ

# മുൻ എംഎൽഎ പി.എം. മാത്യു രാഷ്ട്രീയ രംഗത്ത് മികച്ച സംഘാടകനും പ്രഗത്ഭനായ വാഗ്മിയും: മോൻസ് ജോസഫ് എംഎൽഎ

കടുത്തുരുത്തി: നിയോജകമണ്ഡലത്തിന്റെ എംഎൽഎ സ്ഥാനത്ത് പ്രവർത്തിക്കുകയും പൊതുരംഗത്ത് നേതൃത്വപരമായ പങ്ക് വഹിക്കുകയും ചെയ്ത പി.എം. മാത്യു എക്സ് എംഎൽഎയുടെ നിര്യാണത്തിൽ മോൻസ് ജോസഫ് എംഎൽഎ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തി.

കേരള കോൺഗ്രസ് പാർട്ടിയുടെ യുവജന-വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെ വളർന്നുവന്ന പി.എം. മാത്യു രാഷ്ട്രീയരംഗത്ത് മികച്ച സംഘാടകനും പ്രഗത്ഭനായ വാഗ്മിയുമായാണ് അറിയപ്പെട്ടിരുന്നത്. രാഷ്ട്രീയ പ്രസംഗവേദികളിൽ ചെറുപ്പത്തിൽ തന്നെ വളരെ ശ്രദ്ധേയനായി മാറാൻ പി.എം. മാത്യുവിന് കഴിഞ്ഞിരുന്നു. കുറവിലങ്ങാട് സെ. മേരീസ് വിദ്യാലയത്തിൽ സ്കൂൾ ലീഡറായി തുടക്കം കുറിച്ച്, കുറവിലങ്ങാട് ദേവമാതാ കോളജിലെ കെ.എസ്.സി നേതാവായി സജീവരാഷ്ട്രീയത്തിലേക്ക് കടന്നുവന്ന പി.എം. മാത്യു പിന്നീട് കെ.എസ്.സിയുടെ സംസ്ഥാന പ്രസിഡണ്ടായി. അതിനുശേഷം യൂത്ത്ഫ്രണ്ട് സംസ്ഥാന പ്രസിഡണ്ടായും പ്രവർത്തിക്കുകയുണ്ടായി. ഈ കാലഘട്ടങ്ങളിലെല്ലാം കേരള കോൺഗ്രസ് പാർട്ടിയെ വളർച്ചയിലേക്ക് നയിക്കാൻ പി.എം. മാത്യുവിന്റെ നേതൃത്വത്തിനു കഴിഞ്ഞിട്ടുണ്ട്. പിന്നീട് കേരള കോൺഗ്രസ് പാർട്ടിയുടെ സംസ്ഥാന നേതൃത്വത്തിലേക്ക് കടന്നുവന്ന പി.എം. മാത്യു കേരള കോൺഗ്രസ് പാർട്ടിയുടെ പോരാളിയായിട്ടാണ് പിന്നീട് നിലകൊണ്ടത്.

നിയമസഭാ തെരഞ്ഞെടുപ്പിൽ കേരള കോൺഗ്രസ് സ്ഥാനാർത്ഥിയായി കൊടകര അസംബ്ലി മണ്ഡലത്തിൽ ആദ്യം മത്സരിക്കുമ്പോൾ നിസ്സാര വോട്ടുകൾക്ക് പരാജയപ്പെട്ടെങ്കിലും പിന്നീട് കടുത്തുരുത്തി അസംബ്ലി മണ്ഡലത്തിൽ തിളക്കമാർന്ന വിജയം കരസ്ഥമാക്കാൻ കഴിഞ്ഞു. കേരള കോൺഗ്രസിന്റെ പ്രഗത്ഭരായ എല്ലാ ഉന്നത നേതാക്കളോടും വ്യക്തിപരമായി നല്ല സൗഹൃദമാണ് പി.എം. മാത്യു കാത്തുസൂക്ഷിച്ചിരുന്നത്. കേരള കോൺഗ്രസിന്റെ സമുന്നത നേതാക്കളായ കെ.എം. മാണി സാറിനോടും പി.ജെ. ജോസഫ് സാറിനോടും ആർ. ബാലകൃഷ്ണപിള്ള, ടി.എം. ജേക്കബ് തുടങ്ങിയ നേതാക്കളോടും വിവിധ കാലഘട്ടങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാൻ പി.എം. മാത്യുവിന് സാധിച്ചിട്ടുണ്ട്. കേരള യൂത്ത് ഫ്രണ്ടിന്റെ സംസ്ഥാന പ്രസിഡണ്ടായി പി.ജെ. ജോസഫ് എംഎൽഎ പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽ യൂത്ത്ഫ്രണ്ടിന്റെ സംസ്ഥാന ഭാരവാഹിയായി പി.എം. മാത്യു പ്രവർത്തിച്ചിട്ടുള്ളത് യുവാക്കൾക്ക് പ്രചോദനമാകുന്ന രീതിയിലാണ്.



പി.എം. മാത്യു എക്സ് എംഎൽഎ

കേരള നിയമസഭയിലെ അംഗങ്ങളായിരുന്ന മുൻ എംഎൽഎമാരെ ഉൾപ്പെടുത്തി രൂപീകരിച്ചിരിക്കുന്ന കൂട്ടായ്മയുടെ നേതൃത്വത്തിലും പി.എം. മാത്യു പ്രവർത്തിച്ചു വരികയായിരുന്നു. ആരോഗ്യപരമായ കാരണങ്ങളാൽ സജീവ രാഷ്ട്രീയപ്രവർത്തനം കുറച്ചുകൊണ്ടുവന്നെങ്കിലും കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ കാലഘട്ടത്തിൽ യുഡിഎഫ് സ്ഥാനാർത്ഥികൾക്ക് അനുകൂലമായി നിലപാട് പ്രഖ്യാപിക്കാൻ അദ്ദേഹം തയ്യാറായി. കോട്ടയം പാർലമെന്റ് മണ്ഡലത്തിൽ യുഡിഎഫ് സ്ഥാനാർത്ഥിയായി മത്സരിച്ച അഡ്വ. കെ. ഫ്രാൻസിസ് ജോർജിനു വേണ്ടി തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ആവശ്യമായ സഹായ സഹകരണങ്ങൾ നല്കാൻ പി.എം. മാത്യു മുന്നോട്ടുവരികയുണ്ടായി. ആരോഗ്യപരമായ ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് സജീവരാഷ്ട്രീയം ഉദ്ദേശിക്കുന്നില്ലെങ്കിലും കേരള കോൺഗ്രസിന്റെ സഹയാത്രികനായി മരണംവരെ മുന്നോട്ടു പോകാനാണ് ആഗ്രഹിക്കുന്നതെന്ന് ഞങ്ങൾ ഏതാനും പേരോട് നടത്തിയ സുഹൃദ് സംഭാഷണത്തിൽ പി.എം. മാത്യു വ്യക്തമാക്കിയിരുന്നു.

കേരള രാഷ്ട്രീയത്തിൽ ദീർഘകാലം സജീവമായി നിലകൊണ്ടിരുന്ന പി.എം. മാത്യുവിന്റെ വേർപാട് എല്ലാവരെയും വേദനിപ്പിക്കുന്നതാണ്. പൊതുരംഗത്ത് ആവശ്യമായി വരുന്ന വിവിധ ഘട്ടങ്ങളിൽ സഹായഹസ്തവുമായി കടന്നുവരാൻ പി.എം. മാത്യു സ്നേഹപൂർവം മനസ്സ് കാണിച്ചിട്ടുള്ളത് നന്ദിപൂർവം അനുസ്മരിക്കുന്നു. സഹോദരതുല്യമായ സ്നേഹത്തോടെ പൊതുരംഗത്ത് ചേർത്തുപിടിക്കാനും സഹായ സഹകരണങ്ങൾ നല്കാനും പി.എം. മാത്യു കാണിച്ചിട്ടുള്ള സഹകരണ മനോഭാവം വ്യക്തിപരമായ കടപ്പാടോടെ രേഖപ്പെടുത്തുന്നു. കേരള കോൺഗ്രസിന്റെ മുൻനിര പോരാളിയായി പ്രമുഖ രാഷ്ട്രീയ നേതാവ് എന്ന നിലയിലും നിയമസഭാംഗം എന്ന പ്രവർത്തന മേഖലയിലും സജീവതയോടെ നേതൃത്വം നല്കിയ പി.എം. മാത്യുവിന്റെ നിര്യാണത്തിൽ കേരള കോൺഗ്രസ് സംസ്ഥാന കമ്മിറ്റിക്കു വേണ്ടിയും കടുത്തുരുത്തി നിയോജകമണ്ഡലം പൗരാവലിക്കു വേണ്ടിയും അനുശോചനം രേഖപ്പെടുത്തുന്നു.



മോൻസ് ജോസഫ് എംഎൽഎ

## ന്യൂയോർക്കിൽ മംദാനി മേയറായി അധികാരമേറ്റു

ന്യൂയോർക്ക്: ന്യൂയോർക്കിന്റെ 112-ാമത് മേയറായി ആദ്യ ഇന്ത്യൻ വംശജനും ആദ്യ മുസ്ലിമുമായ സൊഹ്റാൻ മംദാനി (34) പുതുവർഷ ദിനത്തിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

മൻഹാട്ടണിലെ ചരിത്രപ്രസിദ്ധമായ സിറ്റി ഹാൾ സബ് വേ സ്റ്റേഷനിലെ ലളിതമായ ചടങ്ങിൽ ഖുർആൻ തൊട്ടാണ് സത്യവാചകം ചൊല്ലിയത്. സ്റ്റേറ്റ് അറ്റോർണി ജനറൽ ലെറ്റീഷ്യാ ജെയിംസ് സത്യവാചകം ചൊല്ലിക്കൊടുത്തു. ഭാര്യ റാമ ദുവാജിയും അടുത്ത സുഹൃത്തുക്കളും സന്നിഹിതരായിരുന്നു.

വിപുലമായ ആഘോഷത്തോടെ ആയിരങ്ങൾ പങ്കെടുത്ത രണ്ടാം സത്യപ്രതിജ്ഞാ ചടങ്ങ് ന്യൂയോർക്ക് നഗരഭരണകൂടത്തിന്റെ ആസ്ഥാനമായ സിറ്റി ഹാളിനു പുറത്താണ് നടന്നത്. മുതിർന്ന സെനറ്റർ ബേണി സാൻഡേഴ്സ് സത്യവാചകം ചൊല്ലിക്കൊടുത്തു.

ന്യൂയോർക്ക് മേയർ സ്ഥാനമേൽക്കുക പുതുവർഷത്തിൽ രണ്ട് സത്യപ്രതിജ്ഞാ ചടങ്ങുകളോടെയാണ്. നാലു വർഷമാണ് മേയർ കാലാവധി. കൊളംബിയ സർവകലാശാലാ പ്രഫസർ മഹ്മൂദ് മംദാനിയുടെയും ചലച്ചിത്ര സംവിധായിക മീര നായരുടെയും മകനാണ് യുഗാണ്ടയിൽ ജനിച്ച മംദാനി. ഏഴാം വയസിൽ കുടുംബത്തോടൊപ്പം ന്യൂയോർക്കിലേക്ക് കുടിയേറി 2018-ൽ യുഎസ് പൗരത്വം ലഭിച്ചു. ട്രംപിന്റെ കുടിയേറ്റ വിരുദ്ധ നയങ്ങളെ ശക്തമായി ചെറുക്കുന്ന മംദാനി ഡെമോക്രാറ്റിക് പാർട്ടിയുടെ സ്ഥാനാർത്ഥിയായാണ് നവംബറിലെ തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. ന്യൂയോർക്കിലെ കനത്ത വീട്ടുവാടക അടക്കമുള്ള വർദ്ധിക്കുന്ന ജീവിതച്ചെലവുകൾ വിഷയമാക്കിയാണ് മംദാനി തെരഞ്ഞെടുപ്പ് നേരിട്ടത്. കോർപ്പറേറ്റ് നികുതി ഉയർത്തി സാധാരണജനങ്ങളുടെ നികുതിഭാരം കുറയ്ക്കുമെന്നതാണ് മംദാനിയുടെ പ്രധാന വാഗ്ദാനങ്ങളിലൊന്ന്.



ന്യൂയോർക്ക് മേയറായി അധികാരമേറ്റ സൊഹ്റാൻ മംദാനിക്ക് സ്റ്റേറ്റ് അറ്റോർണി ജനറൽ ലെറ്റീഷ്യാ ജെയിംസ് സത്യവാചകം ചൊല്ലിക്കൊടുക്കുന്നു.

## എസ്ബി-അസംപ്ഷൻ അലുംമ്നി അസോസിയേഷൻ ക്രിസ്മസ് ആഘോഷിച്ചു

തോമസ് ഡിക്രൂസ്

ചിക്കാഗോ: എസ്ബി ആൻഡ് അസംപ്ഷൻ കോളജ് അലുംമ്നി അസോസിയേഷന്റെ ചിക്കാഗോ ചാപ്റ്റർ ഈ വർഷത്തെ ക്രിസ്മസ് നവവത്സര ഫാമിലി മീറ്റ് ബെൽവുഡ് മാർത്തോമ്മാ ശ്ലീഹാ കത്തീഡ്രൽ ചാവറ ഹാളിൽ ഡിസംബർ 27-ന് ശനിയാഴ്ച ആഘോഷിച്ചു. രാവിലെ 11-ന് ഗ്രേയ്സ് നേര്യംപറമ്പിൽ ആലപിച്ച പ്രാർത്ഥനാഗാനത്തോടെ ആഘോഷപരിപാടികൾ ആരംഭിച്ചു. തുടർന്ന് പ്രസിഡണ്ട് ഡോ. മനോജ് നേര്യംപറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മിഷനറീസ് ഓഫ് കംപാഷൻ സന്യാസ സഭാംഗം റവ.ഫാ. ജോജോ തോമസ് പുൽപയിൽ കലാലയ ജീവിതത്തിന്റെ മധുരസ്മരണകളെ തൊട്ടുണർത്തിക്കൊണ്ട് മനോഹരമായ ക്രിസ്മസ് സന്ദേശം നല്കി. അസോസിയേഷൻ പ്രഥമ പ്രസിഡണ്ട് പ്രഫ. ജെയിംസ് ഓലിക്കര സദസ്സിന് സ്വാഗതം പറഞ്ഞു. ചിക്കാഗോയിലും സമീപസ്ഥലങ്ങളിലുമുള്ള എസ്ബി-അസംപ്ഷൻ പൂർവ്വവിദ്യാർത്ഥികളെ ഏകോപിപ്പിച്ചു നടത്തിയ സംഘടനാ പ്രവർത്തനങ്ങൾ അദ്ദേഹം വിശദീകരിച്ചു. തുടർന്ന് ജോർജ് ഇല്ലിക്കലിന്റെ നേതൃത്വത്തിൽ എസ്.ബി-അസംപ്ഷൻ അലുംമ്നി ഗായകസംഘം കരോൾ ഗാനങ്ങൾ ആലപിച്ചു.

2026 ജൂലൈ 9-ന് സംഘടനയുടെ ചിക്കാഗോ ചാപ്റ്റർ ആതിഥ്യം വഹിക്കുന്ന നോർത്ത് അമേരിക്ക കൺവൻഷനോടനുബന്ധിച്ച് പുറത്തിറക്കിയ ഫ്ളയറിന്റെ പ്രകാശനകർമ്മം നാഷണൽ കൺവൻഷൻ ചെയർമാൻ മാത്യു ദാനിയേൽ മുൻ പ്രസിഡണ്ട് ഷിബു അഗസ്റ്റിന് കോപ്പി നല്കിക്കൊണ്ട് നിർവഹിച്ചു. തുടർന്ന് രജിസ്ട്രേഷൻ കിക്കോഫ് നടത്തി കൺവൻഷന്റെ ഒരുക്കങ്ങൾക്ക് ആവേശകരമായ തുടക്കം കുറിച്ചു.



എക്സിക്യൂട്ടീവ് അംഗങ്ങളായ ബോബൻ കളത്തിൽ, ജോളി കുഞ്ചെറിയ, ബിജി കൊല്ലാപുരം, ഷിജി ചിറയിൽ, ജോൺ നടക്കപ്പാടം, ജോസഫ് കാളാശേരി, പ്രകാശ് മേനോൻ, രഞ്ജിത്ത് പിള്ള, ആന്റണി പന്തപ്ലാക്കൽ, ജോജോ വെങ്ങാന്തറ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. സൂസൻ ഇല്ലിക്കൽ, ജാൻസി കോയിക്കൽ, സെബാസ്റ്റ്യൻ വാഴേപറമ്പിൽ, മനോജ് തോമസ്, റെറ്റി കൊല്ലാപുരം എന്നിവർ കരോൾ സർവീസിന് നേതൃത്വം നല്കി.

റ്റിയ ചിറയിലിന്റെ നൃത്തപരിപാടിയെ തുടർന്ന് സ്നേഹവിരുന്നോടുകൂടി ആഘോഷങ്ങൾ സമാപിച്ചു. അസോസിയേഷൻ സെക്രട്ടറി തോമസ് ഡിക്രൂസ് സദസ്സിനു നന്ദി പറഞ്ഞു. സോഫിയ അമ്പലത്തുങ്കൽ എംസി ആയിരുന്നു.

# രാജു പള്ളത്ത് ഇന്ത്യാ പ്രസ്ക്ലബ് പ്രസിഡണ്ട്; അനിൽ ആറന്മുള സെക്രട്ടറി, ജയൻ ജോസഫ് ട്രഷറർ

ന്യൂജേഴ്സി: ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐപിസിഎൻഎ) യുടെ 2026-27 വർഷങ്ങളിലേക്കുള്ള പ്രവർത്തക സമിതിയെ തെരഞ്ഞെടുത്തു. രാജു പള്ളത്ത് (ന്യൂജേഴ്സി) ആയിരിക്കും അടുത്ത രണ്ടു വർഷങ്ങളിൽ പ്രസിഡണ്ട് സ്ഥാനം അലങ്കരിക്കുക. അനിൽ ആറന്മുള (ഹൂസ്റ്റൺ) ജനറൽ സെക്രട്ടറി, ജയൻ ജോസഫ് (ന്യൂജേഴ്സി) ട്രഷറർ, അനിൽ ജേക്കബ് മറ്റത്തിക്കുന്നേൽ (ചിക്കാഗോ) വൈസ് പ്രസിഡണ്ട്, ഡോ. സിമി ജെസ്റ്റോ (ചിക്കാഗോ) ജോയിന്റ് സെക്രട്ടറി, കവിത മേനോൻ (കാനഡ) ജോയിന്റ് ട്രഷറർ എന്നിവരായിരിക്കും മറ്റ് ഭാരവാഹികൾ.

ഡിസംബർ 26-ന് ചേർന്ന അഡ്വൈസറി ബോർഡാണ് പുതിയ ഭരണസമിതിക്കു രൂപം നല്കിയത്. മുൻ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ അഡ്വൈസറി ബോർഡ് ചെയർമാൻ, മുൻ സെക്രട്ടറി ഷിജോ പൗലോസ്, പ്രസിഡണ്ട് ഇലക്ട് എന്നീ പദവികൾ വഹിക്കും.

ഇന്ത്യാ പ്രസ്ക്ലബിന്റെ രൂപീകരണം മുതൽ സജീവ അംഗമായ രാജു പള്ളത്ത് ന്യൂയോർക്ക് ചാപ്റ്ററിന്റെ മുൻ സെക്രട്ടറി, മുൻ ദേശീയ സെക്രട്ടറി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ പ്രസിഡണ്ട് ഇലക്ട് ആയി പ്രവർത്തിച്ചു വരികയായിരുന്നു. കഴിഞ്ഞ നാല്പതു വർഷമായി ന്യൂജേഴ്സിയിൽ താമസിക്കുന്ന രാജു പള്ളത്ത് ഏഷ്യാനെറ്റ് ടിവി പ്രൊഡക്ഷനിലൂടെയാണ് മാധ്യമരംഗത്തെത്തുന്നത്. പാനാസോണിക് കമ്പനിയുടെ സർവീസ് എൻജിനീയർ ആയിരുന്ന രാജു സിംഗപ്പൂരിൽ നിന്നുമാണ് അമേരിക്കയിലെത്തിയത്. അമേരിക്കയിൽ ഇരുപത്തിയഞ്ച് വർഷം പൂർത്തിയാക്കിയ ഏഷ്യാനെറ്റ് ജനപ്രിയ പരിപാടിയായിരുന്ന യുഎസ് വീക്കിലി റൗണ്ടപ്പിന്റെ പ്രോഗ്രാം ഡിറക്ടറും പ്രൊഡ്യൂസറും ആയി വിജയകരമായി പ്രവർത്തിച്ചിരുന്നു. ഏഷ്യാനെറ്റ് ന്യൂസിൽ പ്രക്ഷേപണം ചെയ്തിരുന്ന അമേരിക്കൻ കാഴ്ചകൾ, അമേരിക്കൻ കിച്ചൻ മുതൽ നാല് സെഗ്മെന്റുകളുടെ പ്രൊഡ്യൂസർ ആയിരുന്നു രാജു. ഇപ്പോൾ ഡിഷ് നെറ്റ്വർക്ക്, സ്ലിങ് ടിവി എന്നിവയുടെ നാഷണൽ റീട്ടെയിലറാണ്. ന്യൂജേഴ്സിയിലെ സാംസ്കാരിക സംഘടനയായ കാഞ്ചിന്റെ അഡ്വൈസറി ബോർഡ് മെംബറായും പ്രവർത്തിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ മാവേലിക്കരയാണ് സ്വദേശം.

ജനറൽ സെക്രട്ടറി അനിൽ ആറന്മുള 2010 മുതൽ ഇന്ത്യാ പ്രസ്ക്ലബിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഐപിസിഎൻഎ വൈസ് പ്രസിഡണ്ട്, ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഹൂസ്റ്റൺ ചാപ്റ്റർ രൂപീകരണത്തിന് മുൻകൈ എടുത്തവരിൽ ഒരാളാണ്. ചാപ്റ്ററിന്റെ ആദ്യസെക്രട്ടറി, പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

39 വർഷമായി ഹൂസ്റ്റണിൽ താമസിക്കുന്ന അനിൽ 1990 മുതൽ മലയാളം പത്രത്തിലൂടെ അമേരിക്കൻ മലയാളികൾക്കിടയിൽ സുപരിചിതനാണ്. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ മുൻ പ്രസിഡണ്ട്, കേരള റൈറ്റേഴ്സ് ഫോറം പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

നേർക്കാഴ്ച ന്യൂസിന്റെ എക്സിക്യൂട്ടീവ് എഡിറ്ററാണ്. ഹൂസ്റ്റണിലെ പ്രസിദ്ധമായ ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ സ്ഥാപകരിൽ ഒരാളും മുൻ പ്രസിഡണ്ടുമാണ് അനിൽ ആറന്മുള.

ട്രഷറർ ജയൻ ജോസഫ് കഴിഞ്ഞ 22 വർഷമായി ന്യൂജേഴ്സിയിലെ സാംസ്കാരിക രംഗത്തെ നിറസാന്നിദ്ധ്യമാണ്. കഴിഞ്ഞ ഇരുപതു വർഷത്തിലധികമായി അമേരിക്കൻ ഐടി മേഖലയിൽ തന്റെ പ്രാഗത്ഭ്യം തെളിയിച്ച ജയൻ മുപ്പത്തിയഞ്ചു വർഷത്തിലധികമായി ന്യൂജേഴ്സിയിലാണ്. തന്റെ സാങ്കേതിക പരിജ്ഞാനത്തിനുമപ്പുറം തികഞ്ഞ ഒരു സാമൂഹിക പ്രവർത്തകൻ കൂടിയാണ് ജയൻ.

കേരള അസോസിയേഷൻ ഓഫ് ന്യൂജേഴ്സി (കാഞ്ച്) യുടെ പ്രസിഡണ്ട്, ട്രസ്റ്റി ബോർഡ് ചെയർമാൻ എന്നീ നിലകളിലും സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെച്ചിട്ടുള്ള ജയൻ 1990-കളിൽ തന്റെ സ്കൂൾ വിദ്യാഭ്യാസകാലത്ത് അമേരിക്കയിലേക്ക് കുടിയേറിയതാണ്. മൂന്നു വർഷങ്ങളായി 24 യുഎസ്എ ന്യൂസ് ടീമിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ജയൻ നൂറിലധികം സ്റ്റോറികൾ 24 യുഎസ്എക്കായി ചെയ്തുകഴിഞ്ഞു.

വൈസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട അനിൽ മറ്റത്തിക്കുന്നേൽ 2019 മുതൽ ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ചിക്കാഗോ ചാപ്റ്റർ അംഗമാണ്. 2006-ൽ ചിക്കാഗോയിലെത്തിയ കോട്ടയം കല്ലറ സ്വദേശിയായ അനിൽ 2008-ൽ ക്നാനായ വോയിസ്, കേരള വോയിസ് എന്നീ ഓൺലൈൻ പോർട്ടലുകളുടെ തുടക്കത്തിനും വളർച്ചയ്ക്കും സുപ്രധാന പങ്കുവഹിച്ചു.

2009-ൽ ഓൺലൈൻ ലൈവ് സ്ട്രീമിങ്ങിന് തുടക്കം കുറിച്ചുകൊണ്ട് മലയാളികളുടെ സാമൂഹിക പരിപാടികളുടെ ലൈവ് സ്ട്രീമിങ് സേവനങ്ങളുടെ മുൻഗാമിയായി മാറി. 2010 മുതൽ കെവി ടിവി എന്ന ഐപി ടിവി ചാനലിന്റെ തുടക്കത്തിനും സുപ്രധാന പങ്കുവഹിച്ചു. കൈരളി ടിവിയിലൂടെ മുഖ്യധാരാ മീഡിയാ പ്രവർത്തനം ആരംഭിക്കുകയും 2018 മുതൽ ഏഷ്യാനെറ്റ് യുഎസ് വീക്കിലി റൗണ്ടപ്പിന്റെ എക്സിക്യൂട്ടീവ് എഡിറ്ററായി പ്രവർത്തിക്കുകയും ചെയ്തു.

ബ്രോഡ്കാസ്റ്റ് മീഡിയ, ഡിജിറ്റൽ മീഡിയ ആൻഡ് പ്രിന്റ് മീഡിയ എന്നിങ്ങനെ മാധ്യമപ്രവർത്തനത്തിന്റെ വിവിധ മേഖലകളിലും തന്റെ കഴിവും പ്രാഗത്ഭ്യവും തെളിയിച്ചിട്ടുണ്ട്. ഇരുപതിൽപ്പരം വർഷങ്ങളായി കീബോർഡ് ആർട്ടിസ്റ്റ് ആയി സുപരിചിതനായ ഇദ്ദേഹം ഈയടുത്ത കാലത്ത് ക്രിസ്തീയ ഭക്തിഗാന മേഖലയിൽ ഗാനരചയിതാവായും സംഗീത സംവിധായകനായും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. നേഴ്സിങ്ങിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയിട്ടുള്ള അനിൽ, യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയി ഹോസ്പിറ്റലിൽ സൈക്യാട്രിക് ഡിപ്പാർട്ടുമെന്റിൽ നേഴ്സ് എഡ്യൂക്കേറ്റർ ആയി ജോലി ചെയ്യുന്നു.

ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പിആർഒ, ചിക്കാഗോ കെസിഎസ് ബോർഡ് മെംബർ, ചിക്കാഗോ മലയാളി അസോസിയേഷൻ ബോർഡ് മെംബർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഡോ. സിമി ജെസ്റ്റോ ഏഷ്യാനെറ്റ്, ഫ്ളവേഴ്സ് ചാനലുകളിലെ ചിക്കാഗോയിൽ നിന്നുള്ള അവതാരകയായി മാധ്യമരംഗത്ത് ചുവടുറപ്പിച്ചയാളാണ്. കൈരളി ടിവിയിലെ ഓർമ്മസ്പർശം എന്ന സംഗീത പരിപാടിയുടെ പ്രധാന ആങ്കറായി ശ്രദ്ധിക്കപ്പെട്ടതിനു ശേഷം ഏഷ്യാനെറ്റിൽ യുഎസ്എ വീക്കിലി റൗണ്ടപ്പിന്റെ പ്രധാന അവതാരകയായി അഞ്ചുവർഷത്തോളം പ്രവർത്തിച്ചു. ചിക്കാഗോയിലെ കുക്ക് കൗണ്ടി ഹെൽത്ത് സിസ്റ്റത്തിൽ നേഴ്സിങ് ഇന്നോവേഷൻ ആൻഡ് റിസേർച്ച് സെന്ററിന്റെ സീനിയർ സിസ്റ്റം ഡിറക്ടർ ആയി പ്രവർത്തിക്കുന്ന ഡോ. സിമി ജെസ്റ്റോ മൂന്നു ഫെലോഷിപ്പുകളും രണ്ട് ഡോക്ടറേറ്റും കരസ്ഥമാക്കിയിട്ടുണ്ട്.

അമേരിക്കയിലെ ആരോഗ്യരംഗത്തെ നേതൃപാടവത്തിനു ലഭിക്കുന്ന ഏറ്റവും പ്രാധാന്യമേറിയ അമേരിക്കൻ കോളജ് ഓഫ് ഹെൽത്ത് കെയർ എക്സിക്യൂട്ടീവ്സിന്റെ ഫെലോഷിപ്പ് ഡോ. സിമി ജെസ്റ്റോയുടെ ഏറെ ശ്രദ്ധേയമായ നേട്ടമാണ്. ഇതു കൂടാതെ ദി നാഷണൽ അക്കാഡമീസ് ഓഫ് പ്രാക്ടീസ് (എൻഎപി), ദി അമേരിക്കൻ അസോസിയേഷൻ ഓഫ് നേഴ്സ് പ്രാക്ടീഷണേഴ്സ് (എഫ്എഎഎൻപി) എന്നിവയുടെ ഫെലോഷിപ്പുകൾ സിമി ജെസ്റ്റോ സ്വന്തമാക്കിയിട്ടുണ്ട്.

നേഴ്സിങ് രംഗത്തെ കഴിവിനും നേതൃപാടവത്തിനും നിരവധി പുരസ്കാരങ്ങൾ സിമി ജെസ്റ്റോ സ്വന്തമാക്കിയിട്ടുണ്ട്. ഇപ്പോൾ ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഇല്ലിനോയിയുടെ പ്രസിഡണ്ടായി സേവനം ചെയ്യുന്നു.

കവിത മേനോൻ കനേഡിയൻ നിയമത്തിലും സോഷ്യൽ വർക്കിലും ബിരുദാനന്തര ബിരുദമുള്ള, സാമൂഹിക പ്രവർത്തന മേഖലയിൽ ഒൻപത് വർഷത്തിലേറെ പരിചയമുള്ള വ്യക്തിത്വമാണ്. രജിസ്റ്റേർഡ് സോഷ്യൽ വർക്കറായും കപ്പിൾ കൗൺസിലിംഗിൽ വൈദഗ്ദ്ധ്യം നേടിയ സൈക്കോതെറാപ്പിസ്റ്റായും ലൈസൻസുള്ള സാമ്പത്തിക ഉപദേഷ്ടാവായും സേവനമനുഷ്ഠിക്കുന്ന ഒരു ഡൈനാമിക് പ്രൊഫഷണലാണ് കവിത കെ. മേനോൻ.

റേഡിയോ മാംഗോ, ഏഷ്യാനെറ്റ് ടിവി യുഎസ്എ, ജനം ടിവി യുഎസ്എ എന്നിവയിൽ അവതാരകയായി പ്രവർത്തിച്ചിട്ടുണ്ട്.

കോർപ്പറേറ്റ് കമ്യൂണിക്കേഷൻസ്, പബ്ലിക് റിലേഷൻസ് എന്നിവയുൾപ്പെടെ ക്രോസ് മീഡിയയിൽ 15 വർഷത്തിലേറെയായി പ്രവർത്തിച്ചിട്ടുള്ള കവിത ഒരു മികച്ച വോയ്സ് ആർട്ടിസ്റ്റ്, നാടകപ്രേമി എന്നിവയ്ക്കു പുറമെ പരിചയസമ്പന്നയായ എംസി കൂടിയാണ്. 2005 മുതൽ കോർപ്പറേറ്റ്, വിനോദ പരിപാടികൾ അവതരിപ്പിക്കുന്നു.

കനേഡിയൻ ഹിന്ദു ചേംബർ ഓഫ് കൊമേഴ്സിന്റെ ഡയറക്ടർ ബോർഡ് അംഗവും ഡിജിറ്റൽ പ്രസ്ക്ലബ് ഓഫ് ഇന്ത്യയുടെ (ഡിപിസിഐ) വൈസ് പ്രസിഡണ്ടുമാണ്. ഇത് സാമൂഹിക, സാംസ്കാരിക, സാമ്പത്തിക തുടങ്ങി വൈവിധ്യമാർന്ന മേഖലകളിലുടനീളം കവിതയുടെ മികവ് തെളിയിക്കുന്നു.



ആസ്വാദനം

# സാമിന്റെ 'കഥ പറയുന്ന കല്ലുകൾ'

**അബ്ദുൾ പുന്നയൂർക്കുളം**

**സാം**ജീവ് (സാം) അയച്ചുതന്ന 'കഥ പറയുന്ന കല്ലുകൾ' എന്ന ഗ്രീസ് സഞ്ചാരസാഹിത്യ കൃതി കിട്ടിയപ്പോൾ സന്തോഷം തോന്നി. കാരണം ഗ്രീസിൽ ഞാൻ ഒരു അമേരിക്കൻ കമ്പനിക്കു വേണ്ടി കുറച്ചുകാലം 45 കൊല്ലം മുമ്പ് ജോലി ചെയ്തിരുന്നു. ആ കാലയളവിൽ സഹപ്രവർത്തകരുമായി ചില സായാഹ്നങ്ങളിൽ ഗ്രീസിന്റെ തലസ്ഥാന നഗരമായ ആതൻസി (അഥീന) ൽ പോകും. ഇടയ്ക്കൊക്കെ അഥീനയിലെ നൈറ്റ് ലൈഫിലും വൈൻ ഫെസ്റ്റിവലിലും 'ഊസോ' പാർട്ടിയിലും പങ്കെടുക്കും. വല്ലപ്പോഴും ചരിത്രം മയങ്ങുന്ന അക്രോപോളീസും പരിസരപ്രദേശവും സന്ദർശിക്കും.

ഗ്രീസിന് ഇന്ത്യയുടെ പുരാതന സംസ്കാരവും പുരാണങ്ങളും സിദ്ധാന്തങ്ങളുമായി ഏറെ സാമ്യമുണ്ടെന്നാണ് എന്റെ അറിവ്.

'കഥ പറയുന്ന കല്ലുകൾ' സാമിന്റെ രണ്ടാമത്തെ കൃതിയാണ്. സാമും കുടുംബവും 'പൗലോസിന്റെ കാൽചുവടുകളിലൂടെ' എന്ന 37 പേരടങ്ങുന്ന യാത്രാസംഘവും കൂടി 2018 സെപ്റ്റംബറിൽ ന്യൂയോർക്കിൽ നിന്ന് പത്തു ദിവസത്തെ ഗ്രീസ്-തുർക്കി സന്ദർശനത്തിന് ആതൻസിലേക്കു വരുന്നു.

ആതൻസിൽ നിന്ന് സാമും സംഘവും ബസ് വഴി ക്രിസ്തുവിനു മുമ്പ് നൂറ്റാണ്ടുകൾ പഴക്കമുള്ള ചരിത്രപ്രധാനമായ കോറിന്തിലെത്തുന്നു. സമ്പത്ത്, വ്യാപാരം, ആഡംബരം, ജീവിതശൈലി എല്ലാംകൊണ്ടും കോറിന്ത് അഥീനയോട് കിടപിടിക്കുന്ന ഒരു വിഖ്യാത നഗരരാഷ്ട്രമായിരുന്നു. അഥീനയുടെയും സ്പാർട്ടയുടെയും ഇടയിലാണ് കോറിന്ത്. ഇടപ്രഭുക്കന്മാരും നാടുവാഴികളും ഭരിച്ചിരുന്ന കോറിന്തിലെ ജനത ഗ്രീക്കുകാരും റോമക്കാരും യഹൂദരുമായിരുന്നു.



കോറിന്തിലെ കൗതുകക്കാഴ്ച ബി.സി 560-ൽ ചുണ്ണാമ്പുകല്ലുകളിൽ നിർമ്മിച്ച അപ്പോളോ ക്ഷേത്രാവശിഷ്ടങ്ങളും ഭീമാകാരമായ ഏഴ് തൂണുകളുമാണ്. അവിടത്തെ ഓരോ കല്ലും കഴിഞ്ഞുപോയ കാലത്തിന്റെ ചരിത്രകഥകളും യവന നാഗരികതയും വിളിച്ചുപറയുന്നു. ബി.സി 431-404 വരെയുള്ള പല യുദ്ധങ്ങളിലും കോറിന്തിനു പങ്കാളിത്തമുണ്ടായിരുന്നു. ബി.സി. 332-ൽ അലക്സാണ്ടർ ചക്രവർത്തി കോറിന്ത് പിടിച്ചടക്കി.

ബി.സി. 44-ൽ ഇന്നത്തെ സുപ്രീംകോടതിക്കു തുല്യമായ ന്യായാധിപസ്ഥാനം ബീമാ എന്ന പേരിൽ കോറിന്തിൽ സ്ഥാപിക്കപ്പെട്ടിരുന്നു. പുരാതന കോറിന്തിനെ സംരക്ഷിച്ചിരുന്ന ഒരു ശിലാശൃഗമായിരുന്നു അക്രോകോറിന്ത്. ഇവിടെ സ്ഥിതി ചെയ്തിരുന്ന അഫ്രോഡേറ്റി എന്ന ഗ്രീക്ക് കാമദേവതാ ക്ഷേത്രത്തിൽ രണ്ടായിരത്തോളം ദേവദാസികളായ അഭിസാരികമാരുണ്ടായിരുന്നു. പിന്നീട് എ.ഡി 51-ൽ കോറിന്ത് സഭയുടെ സ്ഥാപകനായ അപ്പോസ്തലൻ പൗലോസ് അധാർമ്മിക ജീവിതം നയിച്ചിരുന്ന കോറിന്ത്യൻ നിവാസികളോട് സന്മാർഗ്ഗത്തിൽ ജീവിക്കണമെന്ന് നിരന്തരം ഉദ്ബോധിപ്പിച്ചിരുന്നു.



ലേഖകൻ

സഞ്ചാരികളുടെ മുഖ്യആകർഷണം അക്രോകോറിന്തിലെ കോട്ടകൊത്തളങ്ങളാണ്. അക്രോപോളീസിൽ പാർത്ഥിനോൺ, എറിക് തിയോൺ, അഥീന നൈക്കി എന്നീ മൂന്നു ക്ഷേത്രസമുച്ചയങ്ങളുണ്ട്. ഗ്രീക്ക് ദേവതയായ അഥീനയുടെ ക്ഷേത്രമാണ് പാർത്ഥിനോൺ. ഈ ക്ഷേത്രം പേർഷ്യക്കാരുമായുള്ള യുദ്ധത്തിന്റെ വിജയ സ്മാരകമാണ്. പാർത്ഥിനോൺ ജനാധിപത്യത്തിന്റെയും യൂറോപ്യൻ നാഗരികതയുടെയും യവനസംസ്കാരത്തിന്റെയും തത്വജ്ഞാനത്തിന്റെയും ഗണിതശാസ്ത്രത്തിന്റെയുമൊക്കെ സ്മരണ നിലനിർത്തുന്നു.

റോമാക്കാർ ചൊവ്വഗിരി എന്നു പേരുവിളിച്ച അരയക്കുന്നിലാണ് അഥീനയിലെ ഉയർന്ന കോടതി സമ്മേളിച്ചിരുന്നത്. ഓരോ മാസവും ലക്ഷക്കണക്കിനാളുകൾ പാർത്ഥിനോൺ സന്ദർശിക്കുന്നു.

ആറാം നൂറ്റാണ്ടിൽ പാർത്ഥിനോൺ ഒരു ക്രൈസ്തവ ദേവാലയമായി മാറ്റപ്പെട്ടു. തുർക്കികൾ അഥീന പിടിച്ചടക്കിയതോടെ പാർത്ഥിനോൺ ഒരു മുസ്‌ലിം ദേവാലയമാക്കി. 1687-ൽ ഈ ക്ഷേത്രം തകർന്നെങ്കിലും അതിലെ ശിലകളും ശില്പങ്ങളും ഏൽക്കിൻ പ്രഭു ബ്രിട്ടനിലേക്കു കടത്തിക്കൊണ്ടുപോയി.













സാമും യാത്രാസംഘവും അഥീനയിൽ നിന്ന് ബൈബിളിൽ രേഖപ്പെടുത്തിയ അതിസുന്ദര നഗരമായ മാസിഡോണിയയുടെ തലസ്ഥാനമായ തെസ്സലോനിക്കിലേക്ക് തിരിച്ചു. അഥീന കഴിഞ്ഞാൽ ഗ്രീസിലെ ഏറ്റവും വലിയ പട്ടണമാണിത്. ബി.സി. 315-ൽ അലക്സാണ്ടർ ചക്രവർത്തിയുടെ സേനാനായകനാണ് തെസ്സലോനിക്കി സ്ഥാപിച്ചത്. മഹാനായ അലക്സാണ്ടറുടെ മരണത്തിനു മൂന്നാണ്ടുകൾക്കു ശേഷം സൗമ്യനായ പൗലോസ് അപ്പോസ്തലൻ മൂന്നാമൻ എ.ഡി. 50-ൽ ഗ്രീസിലെത്തി. അക്കാലത്ത് അദ്ദേഹം ക്രിസ്തീയമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന രണ്ട് ലേഖനങ്ങൾ എഴുതി ക്രിസ്തുമതത്തെ യൂറോപ്പിനു പരിചയപ്പെടുത്തി.

(ശേഷം 34-ാം പേജിൽ)



# പുതുവത്സര സമ്മാനമായി അശോകൻ & മിനി കുടുംബത്തിന് സ്നേഹഭവനം

**സ്കറിയാക്കുട്ടി തോമസ്**

ചിക്കാഗോ: ചിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന മലയാളി അസോസിയേഷൻ ഓഫ് റെസ്പിരേറ്ററി കെയറിന്റെ (MARC) സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മസ്ക്കുലർ അട്രോഫി മൂലം ചലനശേഷി നഷ്ടപ്പെട്ട മിനി പുളിക്കൽ (കൊടുമൺ) കുടുംബത്തിന് സംഘടന വീട് ദാനം ചെയ്തു. ലോട്ടറി കച്ചവടം നടത്തിയും കരിക്ക് വിറ്റുമാണ് ഈ കുടുംബം ജീവിതം തള്ളിനീക്കിയിരുന്നത്. വിദ്യാർത്ഥിനിയായ ഒരേ ഒരു മകളും ചികിത്സയിലാണ്. ഡോ. എം.എസ്. സുനിൽ ടീച്ചറുടെ നേതൃത്വത്തിലും പ്രോജക്ട് മാനേജർ ജയലാലിന്റെ മേൽനോട്ടത്തിലുമാണ് ഈ വീട് നിർമ്മിച്ചത്.

താക്കോൽ ദാന ചടങ്ങിൽ ബഹു. പത്തനംതിട്ട എംപി ആന്റോ ആന്റണി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഡോ. എം.എസ്. സുനിൽ ടീച്ചർ, ജൂബിലി ജനറൽ കൺവീനർ സ്കറിയാക്കുട്ടി തോമസ്, സാം തുണ്ടിയിൽ, മറിയാമ്മ തോമസ്, കെ.പി. ജയലാൽ, കോന്നി പഞ്ചായത്ത് പ്രസിഡണ്ട് റോബിൻ പീറ്റർ, പ്രദീപ് അമ്പാട്ട്, സുരേഷ് മുല്ലൂർ എന്നിവർ വീടിന്റെ താക്കോൽ കൈമാറ്റ ചടങ്ങിൽ പങ്കെടുത്തു.

















കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം

# നഷ്ടം പ്രശാന്ത് ശ്രീകുമാറിനും കുടുംബത്തിനും മാത്രം !






നിഷ ജൂഡ്
ന്യൂയോർക്ക്

നെഞ്ചുവേദന എന്ന് പറഞ്ഞു എമർജൻസി റൂമിൽ, ഇനി രോഗി തനിയെ നടന്നു കയറി ചെന്നാലും ഡോക്ടർ രോഗിയെ കാണുന്നതിന് മുമ്പ് ഉടനടി ഒരു രെജിസ്റ്റഡ് നേഴ്സ് കണ്ട് പരിശോധിച്ചു, തൊട്ടടുത്ത ടെക്നീഷ്യനോട് ഒരു ECG (ഈസിജി) എടുക്കാൻ Triage നഴ്സ് അപ്പോൾ തന്നെ പറഞ്ഞു ഏൽപ്പിച്ചു, ആ ഈസിജിയിൽ കാണുന്നത് അനുസരിച്ചു തന്നെ അടുത്ത ലെവലിലേക്ക് ചികിത്സ തീരുമാനിക്കുന്നതും ആണ് രോഗിയുടെ കൂട്ടിരിപ്പിനായി പലതവണ ഇവിടെത്തെ ERCൽ പോയപ്പോഴും കണ്ടിട്ടുള്ളത്, അതായത് ഹാർട്ട്, ശ്വാസകോശം, ബ്രെയിൻ എന്നിങ്ങനെ ജീവഹാനിക്ക് വരേ കാരണമായേക്കാവുന്ന അവയവങ്ങളുമായി ബന്ധപ്പെട്ട എല്ലാ റിസ്ക്കുകളും കണ്ടുപിടിക്കാൻ, ഇവയ്ക്കുള്ള ടെസ്റ്റുകൾ എല്ലാം അടിയന്തരമായി നടത്താൻ, റിസൽട്ട് അനുസരിച്ചു ഉടനടി തീവ്ര പരിചരണ വിഭാഗത്തിലേക്ക് ഉള്ള അഡ്മിഷനോ ഒക്കെയാകും. പിന്നീട് രോഗം കണ്ടുപിടിക്കുന്നതിലൂടെ, അല്ലെങ്കിൽ ലക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ സംശയങ്ങളുടെ തീർപ്പിനായി എമർജൻസി റൂമിൽ നടക്കുക.

കാനഡയിലെ ഗ്രെയ് നൺ കമ്യൂണിറ്റി ഹോസ്പിറ്റലിലെ എമർജൻസി റൂമിൽ ജീവൻ നഷ്ടപ്പെട്ട മനുഷ്യന് ചികിത്സാ പിഴവ്, negligence, അല്ലെങ്കിൽ discrimination ആണോ ഉണ്ടായത്?

വാർത്തകളിൽ പറയുന്നത്, ആദ്യത്തെ പരിശോധനകളും ടെസ്റ്റുകളിലും 44 വയസ്സുകാരന് ഹൃദയ സംബന്ധമായ ഒരു തകരാറും കണ്ടില്ലെങ്കിലും ബ്ലഡ് പ്രെഷർ 200 / 150 ഒക്കെ കൂടിക്കൊണ്ടിരിക്കുകയായിരുന്നു എന്ന്, പരാതിപ്പെട്ടപ്പോൾ സെക്യൂരിറ്റി വന്ന്, നിങ്ങൾ വളരെ റൂഡ് ആയിട്ടാണ് സംസാരിക്കുന്നത്!" എന്ന് പറഞ്ഞുവത്രേ, സ്വന്തം ഭർത്താവിനെ ആ അവസ്ഥയിൽ കാണുന്ന, എട്ടു മണിക്കൂർ എമർജൻസി റൂമില് നെഞ്ചു വേദനയ്ക്ക് പാരസെറ്റമോൾ മാത്രം കൊടുത്തുകൊണ്ടിരിക്കുകയായിരുന്ന ഹോസ്പിറ്റൽ ജീവനക്കാരോട്, റൂഡ് ആയി പ്രതികരിക്കുന്നത് തികച്ചും മനുഷ്യസഹജം. എന്നിട്ടും, അതിന് സെക്യൂരിറ്റിയെ വിളിച്ചു കഴിഞ്ഞിട്ടെങ്കിലും, പരാതിപ്പെട്ട നെഞ്ചുവേദനയും ബ്ലഡ് പ്രെഷറും എങ്ങനെ ശ്രദ്ധ കിട്ടാതെ, ചികിത്സിക്കപ്പെടാതെ പോയി?

ഭർത്താവ് മരിച്ച ആ നിമിഷത്തിൽ തകർന്ന് പോകാതെ ശക്തമായി ആ സ്ത്രീ പ്രതികരിച്ചു എന്നും, ഇവിടത്തെ സിസ്റ്റം ഇങ്ങനെയാണ്, അനുശോചനം അറിയിക്കുന്നു' എന്നും മാത്രമാണ് ഹോസ്പിറ്റൽ അതോറിറ്റി പറഞ്ഞതും എന്നറിഞ്ഞു!

ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു നഷ്ടത്തിന്റെ ആഘാതം കുറയുന്ന അടുത്ത ദിവസങ്ങളിൽ ആ കുടുംബത്തിന് അടുത്ത നടപടിയിലേക്ക് നീങ്ങാം, നിയമസഹായം നേടാം, കോടതി വഴി കുറ്റക്കാരായവർക്ക് നിരുത്തരവാദമായി അല്ലെങ്കിൽ തെറ്റായി ചികിൽസിച്ചവർക്ക് ശിക്ഷയും കുടുംബത്തിന് നഷ്ടപരിഹാരവും നേടാം, ഒന്നും അവരുടെ യഥാർത്ഥ നഷ്ടത്തിന് പകരം ആകില്ലെങ്കിലും. ഇതെഴുതി കഴിഞ്ഞാണ് വാർത്ത കണ്ടത്, ഗ്രെയ്നൺ ഹോസ്പിറ്റൽ ERCൽ സംഭവിച്ച ഈ മരണത്തിൽ അന്വേഷണം നടത്താൻ government ലെവലിൽ, തീരുമാനം ആയി എന്ന്.

ഇത് എഴുതാൻ ഒരേ ഒരു കാരണം ആരോ എഴുതിയ ഒരു പോസ്റ്റിലെ ഈ വാചകങ്ങൾ ആണ്!

'ഇതിന്റെ പേരിൽ സമരം, ആശുപത്രി സൂപ്രണ്ടിനെ തടഞ്ഞു വയ്ക്കൽ, ഡോക്ടറെ തല്ലൽ, ആരോഗ്യ മന്ത്രിയെ വഴിതടയൽ എന്നിവയൊന്നും അവിടെ നടപ്പില്ല! ഇതൊക്കെ കാണുമ്പോഴാണ് നമ്മുടെ കേരളത്തിന്റെ മഹത്വം നമുക്ക് മനസ്സിലാകുന്നത് ...!'

എന്ത്? രോഗി മരിച്ചാൽ ഓൺ ദ സ്പോട്ടിൽ അവിടെയുള്ള ജീവനക്കാരെ തല്ലുന്നതും ഹോസ്പിറ്റൽ തല്ലിപ്പൊളിക്കുന്നതുമോ?

സമരവും പ്രതിഷേധവും ഒക്കെ തീർച്ചയായും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ വേണ്ടത് തന്നെ, പക്ഷേ, തടഞ്ഞുവയ്ക്കൽ, തല്ലൽ, തകർക്കൽ, വഴിതടയൽ, ഒന്നും അല്ല ഈ നാട്ടിൽ എന്നല്ല ഏതു നാട്ടിലും ആ നാടിനെ മഹത്തരം ആക്കുന്നത്. ചികിത്സാ പിഴവോ എന്തുമാകട്ടെ അതിനെ നിയമപരമായി തന്നെ നേരിടാൻ വ്യക്തികൾക്ക് സ്വാതന്ത്ര്യവും അവകാശവും ഉള്ള രാജ്യമല്ലേ അത് ആ വഴിക്ക് തന്നേ പോകട്ടേ.

കാനഡയിലെ പ്രസ്തുത ഹോസ്പിറ്റൽ ഏത് തരത്തിൽ ഉള്ളതായാലും, അയൽരാജ്യമായ ഇവിടുത്തെ പബ്ലിക് സെക്റ്ററിൽ ഉള്ള ഹോസ്പിറ്റലുകളിലെ പ്രവർത്തനത്തിന്റെ പ്രധാന തത്വങ്ങൾ ഒന്ന് പറഞ്ഞുപോകുന്നു!

വിവേചനമില്ല: വംശം, നിറം, മതം, ലിംഗഭേദം, ലിംഗ വ്യക്തിത്വം, ദേശീയ ഉത്ഭവം (ഏത് രാജ്യത്ത് ജനിച്ചു എന്ന ഐഡന്റിറ്റി), ഭിന്നശേഷി, ലൈംഗിക ആഭിമുഖ്യം, പ്രായം, അല്ലെങ്കിൽ പണമടയ്ക്കലിനുള്ള ഉറവിടം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനമില്ലാതെ രോഗികൾക്ക് പരിചരണം ലഭിക്കുന്നു.

ഗുണനിലവാരമുള്ള പരിചരണത്തിനുള്ള അവകാശം: പശ്ചാത്തലമോ ഭാഷയോ പരിഗണിക്കാതെ എല്ലാവർക്കും ഗുണനിലവാരമുള്ള ആരോഗ്യ സംരക്ഷണത്തിനുള്ള അവകാശമുണ്ട്.

രോഗി കേന്ദ്രീകൃതം: വ്യക്തിഗത കഥകൾ, സംസ്കാരങ്ങൾ, ആരോഗ്യത്തിന്റെ സാമൂഹിക നിർണ്ണായക ഘടകങ്ങൾ എന്നിവയ്ക്ക് അനുസരിച്ചു പരിചരണത്തിൽ ശ്രദ്ധ കേന്ദ്രീകരണം.

ഇതെല്ലാം ഉറപ്പുവരുത്താൻ അതിനുള്ള ഒരുപാട് ബന്ധപ്പെട്ട ഡിപ്പാർട്മെന്റുകളും, ക്രമീകരണങ്ങളും എല്ലാ വിഭാഗം ആളുകളുടെ പ്രാതിനിധ്യം ഉള്ള ജീവനക്കാരും എല്ലാം ഉണ്ടാകും. വംശീയ വേർതിരിവ് നേരിട്ടു എന്ന പരാതി വളരെ ഗൗരവായിത്തന്നെ കൈകാര്യം ചെയ്യാറുണ്ട്.

പറഞ്ഞുവന്നത്, ഏത് നാട്ടിൽ ആയാലും ആരോഗ്യ പരിപാലന രംഗത്തു ഒരു രോഗിയ്ക്ക്, മേല്പറഞ്ഞതിൽ എവിടെയെങ്കിലും ഒരു ചെറിയ കോട്ടം തട്ടിയാൽ അതിന്റെ തായ നിയമ നടപടികൾ തീർച്ചയായും ഉണ്ടാകണം, ഇനിയും ഇത്തരം അനുഭവങ്ങൾ ആർക്കും ഉണ്ടാകരുത്!



# മങ്ങിയ കണ്ണുകളെ ഉണർത്താൻ ഒരു 'റീസ്റ്റാർട്ട്'



സുരേഷ്കുട്ടി

കമ്പ്യൂട്ടറുകളോ മൊബൈൽ ഫോണുകളോ പണിമുടക്കുമ്പോൾ നമ്മൾ സ്ഥിരമായി പയറ്റുന്ന ഒരു ലളിതമായ വിദ്യയുണ്ട്; അവയെ ഒന്ന് ഓഫ് ചെയ്ത് വീണ്ടും ഓൺ ചെയ്യുക അഥവാ റീബൂട്ട് ചെയ്യുക.

സാങ്കേതികവിദ്യയുടെ ലോകത്ത് സർവ്വസാധാരണമായ ഈ തന്ത്രം മനുഷ്യശരീരത്തിൽ, പ്രത്യേകിച്ച് നമ്മുടെ കണ്ണുകളിൽ പ്രയോഗിക്കാൻ സാധിക്കുമെന്നത് തികച്ചും അവിശ്വസനീയമായ കാര്യമായി തോന്നാം. എന്നാൽ അത്തരമൊരു വിപ്ലവകരമായ കണ്ടുപിടുത്തത്തിന്റെ പാതയിലാണ് ആധുനിക ശാസ്ത്രം.

അമേരിക്കയിലെ മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഗവേഷകർ നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നത് കാഴ്ച്ചശക്തി നഷ്ടപ്പെട്ട കണ്ണുകളെ താൽക്കാലികമായി നിശ്ചലമാക്കുന്നതിലൂടെ അവയുടെ പ്രവർത്തനക്ഷമത തിരികെ കൊണ്ടുവരാൻ സാധിക്കുമെന്നാണ്.

ലക്ഷക്കണക്കിന് ആളുകളെ ബാധിക്കുന്ന ഗുരുതരമായ ഒരു കാഴ്ച്ചവൈകല്യമാണ് ആംബ്ലിയോപ്പിയ അഥവാ ലേസി ഐ. കുട്ടിക്കാലത്ത് തന്നെ കണ്ണും തലച്ചോറും തമ്മിലുള്ള ആശയവിനിമയത്തിൽ ഉണ്ടാകുന്ന തകരാറുകൾ മൂലമാണ് ഇത് സംഭവിക്കുന്നത്. സാധാരണഗതിയിൽ തലച്ചോറ് ആരോഗ്യമുള്ള കണ്ണിനെ മാത്രം ആശ്രയിക്കാൻ തുടങ്ങുകയും തകരാറുള്ള കണ്ണിനെ അവഗണിക്കുകയും ചെയ്യുന്നു.

ഫലമായി ആ കണ്ണിന്റെ കാഴ്ച്ച ക്രമേണ മങ്ങുന്നു. കുട്ടികളിൽ പാച്ചിങ് പോലുള്ള ചികിത്സകൾ ഫലപ്രദമാണെങ്കിലും മുതിർന്നവരിൽ ഈ അവസ്ഥ മാറ്റുക എന്നത് ഇതുവരെ അസാധ്യമായ കാര്യമായിരുന്നു. എന്നാൽ ഈ ധാരണകളെ തിരുത്തിക്കുറിക്കുന്നതാണ് പുതിയ ഗവേഷണ ഫലങ്ങൾ.

എംഐടിയിലെ ഗവേഷകനായ മാർക്ക് ബിയറിന്റെ നേതൃത്വത്തിലുള്ള സംഘം എലികളിൽ നടത്തിയ പരീക്ഷണങ്ങൾ അത്യന്തം നാടകീയമായ ഫലങ്ങളാണ് നൽകിയത്. കാഴ്ച്ചക്കുറവുള്ള കണ്ണിനെ ചികിത്സിക്കാൻ അവർ ഉപയോഗിച്ചത് പഫർഫിഷ് പോലുള്ള ജീവികളിൽ കാണപ്പെടുന്ന ടെട്രോഡോടോക്സിൻ എന്ന രാസവസ്തുവാണ്. ഈ രാസവസ്തു ഉപയോഗിച്ച് റെറ്റിനയുടെ പ്രവർത്തനം രണ്ട് ദിവസത്തേക്ക് പൂർണ്ണമായും നിശ്ചലമാക്കി.

കാഴ്ച്ച വീണ്ടെടുക്കാൻ കണ്ണിനെ നിശ്ചലമാക്കുക എന്നത് വിരോധാഭാസമായി തോന്നാം. എന്നാൽ ഫലം അത്ഭുതകരമായിരുന്നു. രണ്ട് ദിവസത്തെ വിശ്രമത്തിന് ശേഷം എലികളുടെ തലച്ചോറിലെ വിഷ്വൽ കോർട്ടക്സ് മങ്ങിയ കണ്ണിനോട് വീണ്ടും പ്രതികരിക്കാൻ തുടങ്ങി.

ഇവിടെ സംഭവിച്ചത് കണ്ണിന്റെ വെറുമൊരു വിശ്രമമല്ല മറിച്ച് തലച്ചോറിന്റെ പ്രവർത്തന രീതിയിലുണ്ടായ മാറ്റമാണ്. കണ്ണ് നിശ്ചലമാകുമ്പോൾ തലച്ചോറിലെ തലാമസ് എന്ന ഭാഗം ബേസ്റ്റ് മോഡ് ഫയറിങ് എന്ന പ്രത്യേകതരം വൈദ്യുത തരംഗങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങുന്നു. നാം അമ്മയുടെ ഗർഭപാത്രത്തിലായിരിക്കുമ്പോൾ നമ്മുടെ കാഴ്ച്ചശക്തി വികസിച്ചു വരുന്ന സമയത്ത് തലച്ചോറിലുണ്ടാകുന്ന അതേ തരംഗങ്ങളാണിവ.

കണ്ണിനെ താൽക്കാലികമായി ഓഫ് ചെയ്തപ്പോൾ തലച്ചോറ് അതിന്റെ ബാല്യകാല സ്മരണകളിലേക്ക് മടങ്ങിപ്പോവുകയും കാഴ്ച്ചയുടെ നാഡീവ്യൂഹങ്ങളെ പുനക്രമീകരിക്കുകയും ചെയ്തു.

മുൻകാല പഠനങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇത്തവണത്തെ കണ്ടെത്തലിന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. നേരത്തെ ആരോഗ്യമുള്ള കണ്ണിനെ നിശ്ചലമാക്കിയായിരുന്നു പരീക്ഷണങ്ങൾ നടത്തിയിരുന്നത്. എന്നാൽ പുതിയ പഠനത്തിൽ തകരാറുള്ള കണ്ണിനെ തന്നെ നേരിട്ട് നിശ്ചലമാക്കിയപ്പോഴും സമാനമായ ഫലം ലഭിച്ചു എന്നത് ചികിത്സാരംഗത്ത് വലിയ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കും.

ആരോഗ്യമുള്ള കണ്ണിന്റെ കാഴ്ച്ചയെ ബാധിക്കാതെ തന്നെ രോഗം ഭേദമാക്കാൻ ഇത് സഹായിക്കും. ഈ പരീക്ഷണങ്ങൾ എലികളിലാണ് വിജയിച്ചതെങ്കിലും മനുഷ്യരിലെ കാഴ്ചാവൈകല്യങ്ങൾ പരിഹരിക്കുന്നതിലേക്കുള്ള വലിയൊരു ചുവടുവെപ്പാണിത്.

മനുഷ്യന്റെ കണ്ണ് കൂടുതൽ സങ്കീർണ്ണമായതിനാൽ പൂച്ചകളിലും കുരങ്ങുകളിലും കൂടി പരീക്ഷണങ്ങൾ നടത്തിയ ശേഷമേ മനുഷ്യരിലേക്ക് ഈ ചികിത്സാരീതി എത്തുകയുള്ളൂ എങ്കിലും, മരുന്നുകളോ ശസ്ത്രക്രിയകളോ ഇല്ലാതെ തലച്ചോറിന്റെ സ്വാഭാവികമായ കഴിവുകളെ ഉണർത്തി കാഴ്ച്ച തിരികെ നൽകുന്ന ഈ റീബൂട്ട് വിദ്യ ശാസ്ത്രലോകത്ത് വലിയ പ്രതീക്ഷകളാണ് നൽകുന്നത്.

അവലംബം:

Echavarri-Leet, M., Chauhan, T., Cramer, T. L. M., Fong, M., & Bear, M. F. (2025). Temporary retinal inactivation reverses effects of long-term monocular deprivation in visual cortex by induction of burst mode firing in the thalamus. Cell Reports, 44, 116566.

Frederickson, E. (2025). 'Rebooting' Your Eye Could Cure Vision Loss, Breakthrough Study Suggests. And It Only Takes Two Days. Popular Mechanics.

കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം

# ഇഴയറ്റ ജീവിത മാറാപ്പുകൾ

കവിത



അനുമോൾ

ആവലാതികളെ അലക്കുകല്ലിൻമേൽ
കുടഞ്ഞിട്ടുരച്ചും പതം പറഞ്ഞു തല്ലിയും
കല്ലിനോടെന്നും സംവദിക്കുന്നവർ...

ഒട്ടിയ വയറിന്റെ ആന്തലകറ്റുവാൻ
അവശതകളെമുക്കിപ്പിഴിഞ്ഞെന്നും
മുപ്പിരിക്കയറിൽ വിരിച്ചവർ ...

അരികുപറ്റിയ വഴുക്കൻ കടങ്ങളെ
മൂർച്ചയേറിയ മുറുമുറുപ്പുകളെ
പൊന്തിവരാതെ കണ്ണീർക്കാരത്തിൽ മുക്കിവച്ചവർ ...

ഇനിയുമെത്ര തല്ലിയാലാവാമീ കറുത്ത
ജീവിതമൊന്നുവെളുപ്പിക്കാനാവുകയെന്നു
ചൊല്ലി നിത്യവും നെടുവീർപ്പിടുന്നവർ ...

കുലത്തൊഴിലിൻ കുടക്കീഴിലൊരു കൂന
പോലെ ഇഴയറ്റജീവിത മാറാപ്പുകൾ
കുമിച്ചിട്ടവരോ അലക്കുകാർ....

KERALA EXPRESS പ്രവാസി താളുകൾ

# പുതുവർഷ ചിന്തകൾ

**ജോസ് മാളേയ്ക്കൽ**

പ്രതീക്ഷയും പ്രത്യാശയുമായി നാം 2026-ലേക്ക് പ്രവേശിക്കുമ്പോൾ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സംഭവബഹുലമായ 25 സംവത്സരങ്ങൾ പിന്നിട്ടു കഴിഞ്ഞു. ഒരു പുതുവർഷം കൂടി കാണാനുള്ള ഭാഗ്യം ലഭിച്ച നമ്മൾ എത്രയോ അനുഗ്രഹിക്കപ്പെട്ടവരാണ്. 2026-ലേക്ക് സ്രഷ്ടാവായ ദൈവം നമ്മെ കൈപിടിച്ചു നടത്തിയിരിക്കുന്നതെന്തിനെന്നല്ലേ? ദാനമായി ലഭിച്ചിരിക്കുന്ന കഴിവുകളും സമയവും സമ്പത്തും ആരോഗ്യവും മറ്റുള്ളവർക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ ദൈവമഹത്വത്തിനായി ഉപയോഗിക്കാൻ. നമ്മുടെ ഹ്രസ്വജീവിതത്തിലൂടെ ആത്മീയാന്ധകാരത്തിൽ തപ്പിത്തടയുന്നവർക്ക് ഒരു ചെറുതിരി വെളിച്ചമാകാൻ സാധിച്ചാൽ നമ്മുടെ ജീവിതം ധന്യമായി.

കടന്നുപോകുന്ന വർഷം നമ്മിൽ പലർക്കും വിവിധ തരത്തിലുള്ള പ്രയാസങ്ങളും സങ്കടങ്ങളും ജീവിതനൊമ്പരങ്ങളും, വേണ്ടപ്പെട്ടവരുടെയും സ്നേഹിതരുടെയും വിയോഗം നൽകിയ വ്യഥകളും, പ്രകൃതിക്ഷോഭങ്ങൾ വരുത്തിവെച്ച വിനകളും നൽകിയിട്ടുണ്ടാവാം. അതെല്ലാം ദൈവസന്നിധിയിൽ സമർപ്പിച്ച പുതിയ ജീവിതത്തിലേക്ക് പ്രത്യാശയോടെ കാലെടുത്തു വെക്കുക.

ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും പുതുവർഷത്തെ വരവേൽക്കാൻ പലതരത്തിലുള്ള ആഘോഷപരിപാടികൾ നടന്നുവരികയാണല്ലോ. കേരളത്തിൽ പുതുവത്സരാഘോഷങ്ങളോടനുബന്ധിച്ച് വർഷാവസാനമായ ഡിസംബർ 31-ന് അർദ്ധരാത്രിക്ക് ഫോർട്ട് കൊച്ചിയിലും മറ്റു പല സ്ഥലങ്ങളിലും പാപ്പാഞ്ഞിയുടെ കോലം കത്തിക്കുന്ന ഒരു ആചാരമുണ്ടല്ലോ. അതിന്റെ ഉദ്ദേശ്യം കടന്നുപോകുന്ന വർഷത്തെ ആകുലതകളും, പ്രയാസങ്ങളും, വേദനകളും പാപ്പാഞ്ഞിയിലാവാഹിച്ച് അതു കത്തിച്ചുകളയുമ്പോൾ അടുത്ത വർഷം സന്തോഷപ്രദമായിരിക്കുമെന്നുള്ള ശുഭപ്രതീക്ഷയും വിശ്വാസവും ആണ്. ഒരിക്കൽ ഒരു ധ്യാനഗുരു ധ്യാനപ്രസംഗങ്ങൾക്കു ശേഷം വിശ്വാസികളോടെല്ലാം അവരവരുടെ പാപങ്ങൾ ഒരു വെള്ളക്കടലാസിൽ എഴുതി വാങ്ങിയിട്ട് അതെല്ലാം ഒരു വലിയ കുട്ടയിലാക്കി ശവസംസ്കാരത്തിനു കൊണ്ടുപോകുന്നതുപോലെ ഘോഷയാത്രയായി ദേവാലയത്തിനു വെളിയിൽ കൊണ്ടുപോയി കത്തിച്ചുകളഞ്ഞു. ഇതിന്റെയും പിന്നിലുള്ള മനഃശാസ്ത്രം പഴയതെല്ലാം മറന്ന് പുതിയ ജീവിതത്തിലേക്കു കാലെടുത്തുവെക്കുക എന്നതുതന്നെ.

പ്രകൃതിയും ഇതേ പാഠങ്ങൾ തന്നെയാണു നമുക്കു നല്കുന്നത്. ശരത്കാലം ആയാൽ മരങ്ങൾ ഇലകൾ പൊഴിച്ച് മഞ്ഞുകാലത്തെ വരവേൽക്കാൻ ഒരുങ്ങുന്നു. പഴയ ഇലകളും തളിരുകളും ഉപേക്ഷിച്ച് പുത്തൻ ഉണർവിനായി മരങ്ങൾ കാത്തിരിക്കുന്നു. കാട്ടുമൃഗങ്ങളാണെങ്കിൽ ശരീരമാസകലം കട്ടിയുള്ള രോമങ്ങൾ കൊണ്ടുള്ള പുതപ്പണിഞ്ഞു ശൈത്യത്തെ അതിജീവിക്കാൻ ഹിബർനേഷനിലേക്കു പോകുന്നു. ഇഴജന്തുക്കളാകട്ടെ പടം പൊഴിച്ച് പുതിയത് സ്വീകരിക്കുന്നു. പ്രകൃതിയിലെ ജീവജാലങ്ങളും വൃക്ഷലതാദികളും കാട്ടിത്തരുന്നതുപോലെ നാമും നമ്മുടെ പഴയശീലങ്ങൾ വെടിയേണ്ടിയിരിക്കുന്നു പുതുവർഷം സന്തോഷപൂർണമാകണമെങ്കിൽ.

വിശ്വവിഖ്യാത ശിൽപി മൈക്കളാഞ്ജലോ ഒരിക്കൽ തന്റെ സ്റ്റുഡിയോയിൽ ഒരു വലിയ മാർബിൾ കല്ലിലെന്തോ കൊത്തുപണികൾ ചെയ്തുകൊണ്ടിരിക്കെ ഒരു കൊച്ചുപെൺകുട്ടി അങ്ങെന്താണീ ചെയ്യുന്നതെന്ന് ആശ്ചര്യപൂർവം അദ്ദേഹത്തോടു ചോദിച്ചു. അതിനു മറുപടിയായി മൈക്കളാഞ്ജലോ പറഞ്ഞതെന്തെന്നോ. വിരൂപമായ ഈ കല്ലിനകത്തൊരു സുന്ദരിയായ മാലാഖ ഒളിഞ്ഞിരിപ്പുണ്ട്. ഞാനതിനെ പുറത്തെടുത്ത് സ്വതന്ത്രയാക്കാൻ നോക്കുകയാണു (Michaelangelo-യുടെ പേരിലും ഒരു മാലാഖ ഒളിഞ്ഞിരിപ്പുണ്ട്). മൈക്കളാഞ്ജലോയെപ്പോലെ നമ്മൾ സഹവസിക്കുന്നതും സ്ഥിരം ഇടപെടുന്നതുമായ ഓരോരുത്തരിലും മറഞ്ഞിരിക്കുന്ന നന്മ കാണാനും അതിനെ പരിപോഷിപ്പിക്കാനും നമുക്ക് സാധിക്കണം.



ലേഖകൻ

മറ്റുള്ളവരെ ക്ഷമാപൂർവം ശ്രവിക്കുന്നതിനും അവരുടെ അഭിപ്രായങ്ങൾ മാനിക്കുന്നതിനും ആദരിക്കുന്നതിനുമുള്ള സന്മനസ് കാണിച്ചാൽ നാം വിജയിച്ചു. പരസ്പരബഹുമാനവും സ്നേഹവും നമ്മുടെ എല്ലാ ഇടപാടുകളിലും കാത്തുസൂക്ഷിക്കണം. മറ്റുള്ളവരെ കൊച്ചാക്കി സംസാരിക്കുന്നതു സംസ്കാരമുള്ള ആർക്കും ഭൂഷണമല്ല. അപരനെ തന്നേക്കാൾ ശ്രേഷ്ഠനായി കാണാൻ വലിയ മനസിനുടമയായിട്ടുള്ളവനേ സാധിക്കൂ. ഫരിശന്റെയല്ല, മറിച്ച് ഒരു ചുങ്കക്കാരന്റെ മനോഭാവം ആണു നാം പുലർത്തേണ്ടത്. "ഇത്തിരി ചെറുതാവാനെത്ര വളരേണം." എത്രയോ അർത്ഥവത്തായ വാക്കുകൾ. തമ്മിൽ പലർക്കും മറ്റുള്ളവരുടെ മുൻപിൽ അൽപം താഴാൻ വലിയ ബുദ്ധിമുട്ടാണ്. എന്നാൽ മറ്റുള്ളവനെ പാതാളത്തോളം ഇടിച്ചു താഴ്ത്തി സ്വയം ഉയരാൻ ശ്രമിക്കുന്ന അൽപന്മാരെ നമുക്കു ചുറ്റും കാണുവാൻ സാധിക്കും.

മറ്റുള്ളവർ നമുക്കായി ചെയ്തു തരുന്ന സഹായങ്ങൾക്ക് സ്നേഹപൂർവം നന്ദി പറയുന്നതിനും മറ്റുള്ളവരോടു നാം തെറ്റുചെയ്തു എന്നോ അവരെ വേദനിപ്പിച്ചു എന്നോ ബോധ്യപ്പെട്ടാൽ ആത്മാർത്ഥമായി ഒരു സോറി പറയുന്നതിനും ഉള്ള ആർജവം നമുക്കുണ്ടാവണം. അമ്മയുടെ ഉദരത്തിൽ ഉരുത്തിരിയുന്നതു മുതൽ മരിച്ചു മണ്ണടിയുന്നതുവരെ നാം മറ്റുള്ളവരുടെ സഹായവും കാരുണ്യവും എന്നും സ്വീകരിക്കുന്നു. "നന്ദി ചൊല്ലി തീർക്കുവാനീ ജീവിതം പോരാ."

പുൽക്കൂട്ടിൽ ഭൂജാതനായി എളിമയുടെ മൂർത്തീഭാവമായ ഉണ്ണിയേശുവിന്റെ പിറവിത്തിരുനാൾ ആഘോഷിച്ച്, പുതുവർഷത്തിലേക്കു കാലെടുത്തുവെക്കാൻ തയാറെടുത്തു നിൽക്കുന്ന നമുക്ക് എളിമയുടെ ബാലപാഠങ്ങൾ ഉൾക്കൊള്ളാം. പ്രകൃതിയിലേക്കു സൂക്ഷിച്ചു നോക്കിയാൽ നമുക്കു കാണാൻ സാധിക്കും വൃക്ഷലതാദികൾ ഫലം പുറപ്പെടുവിക്കാൻ തുടങ്ങുമ്പോൾ തലകുനിച്ച് കൂടുതൽ വിനയാന്വിതരാകുന്നു. നെൽച്ചെടികൾ വളർന്നു വലുതായി കതിരുകൾ ആയിക്കഴിയുമ്പോൾ അവ താഴേക്ക് വില്ലുപോലെ വളഞ്ഞ് തങ്ങളുടെ എളിമ വ്യക്തമാക്കുന്നു. മാങ്ങാക്കുലകളും വാഴക്കുലയും തെങ്ങിൻപൂക്കുലയും വിളഞ്ഞു കഴിയുമ്പോൾ വിനയഭാവത്തിൽ തലകുനിക്കുന്നു. നല്ലൊരു പാഠമാണു പ്രകൃതി നമുക്കു കാണിച്ചു തരുന്നത്. വിദ്യയും വിവേകവും സമ്പത്തും ആർജ്ജിക്കുന്നതനുസരിച്ച് എളിമയും സ്വായത്തമാക്കാൻ ശ്രമിക്കുക.

നമ്മുടെ ഉള്ളിലേക്ക് തിരിഞ്ഞു നോക്കാനുള്ള ഒരവസരമായി പുതുമുഖത്തെ കണക്കാക്കി നമ്മിൽ അടിഞ്ഞുകൂടിയിരിക്കുന്ന അസൂയ, അഹംഭാവം, അനാദരവ്, വെറുപ്പ്, വാശി, വൈരാഗ്യം എന്നിങ്ങനെയുള്ള മാലിന്യങ്ങളെല്ലാം സ്നേഹത്തിന്റെ തലോടലാൽ കഴുകി കളയുക. മറ്റുള്ളവരിൽ അവരുടെ നന്മ കാണുന്നതിനും നല്ല കാര്യം ചെയ്താൽ അവരെ അകമഴിഞ്ഞ് അനുമോദിക്കുന്നതിനും അവരുടെ കുറവുകൾ നിറവുകളായി കാണുന്നതിനും കൊഴിയാൻ പോകുന്ന വർഷത്തിൽ നമുക്കു സാധിച്ചിട്ടില്ലായെങ്കിൽ 2026 അതിനുള്ള അവസരമൊരുക്കട്ടെയെന്ന് നമുക്കു പ്രാർത്ഥിക്കാം.

അശരണരിലും നിരാലംബരിലും പിഞ്ചുകുഞ്ഞുങ്ങളിലും ഈശ്വരമുഖം ദർശിച്ച് അവരെ മാറോടണച്ച അഗതികളുടെ അമ്മയും, കരുണയുടെ മൂർത്തീഭാവവുമായ വാഴ്ത്തപ്പെട്ട മദർ തെരേസായെ അനുകരിച്ച് കരുണയുടെ ചെറിയ ചെറിയ കാര്യങ്ങൾ നമുക്കും ചെയ്യാം. അതുവഴി ലോകനന്മയ്ക്കായി നമുക്കും കൈകോർക്കാം ഈ പുതുവർഷ പുലരിയിൽ.

ക്രിസ്മസ് രാവിൽ കിഴക്കുദിച്ച നക്ഷത്രം ആട്ടിടയന്മാർക്കും, പൂജ്യരാജാക്കന്മാർക്കും വഴികാട്ടിയായതുപോലെ നമുക്കും സ്വയം പ്രകാശിക്കുന്ന നക്ഷത്രവിളക്കുകളായി മറ്റുള്ളവർക്കു മാർഗദർശികളാകാം. ഹൃദയകവാടങ്ങൾ മറ്റുള്ളവർക്കായി തുറന്നിടാനും, ഈ ഹ്രസ്വജീവിതം പങ്കുവെക്കലിന്റെയും പരസ്പര സ്നേഹത്തിന്റെയും ചേർത്തുപിടിക്കലിന്റെയും വിളനിലമാക്കാനും ലോകത്തിന്റെ അന്ധകാരമകറ്റാനും കാരുണ്യത്തിന്റെ കൈത്തിരിനാളം അണയാതെ ഉള്ളിൽ സൂക്ഷിക്കാനും നമുക്കെന്നും കഴിയട്ടെ.

എല്ലാവർക്കും പുതവത്സരാശംസകൾ!

# നല്ലിടയൻ നാടകം ഡ്രാമാ ശ്രദ്ധേയമായി

**മാർട്ടിൻ വിലങ്ങോലിൽ**

കൊപ്പേൽ/ടെക്സസ്: സെന്റ് അൽഫോൻസാ കാത്തലിക് ചർച്ച് ഓഡിറ്റോറിയത്തിൽവെച്ച് നടന്ന ഈ വർഷത്തെ ക്രിസ്മസ് ഫാമിലി ഡേ ആഘോഷങ്ങൾ ഭക്തിസാന്ദ്രവും വർണ്ണാഭവുമായി. ആഘോഷങ്ങളുടെ ഭാഗമായി അരങ്ങേറിയ നല്ലിടയൻ എന്ന നാടകം കാണികൾക്ക് പുത്തൻ അനുഭവമായി മാറി. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയും ലീജിയൻ ഓഫ് മേരിയും സംയുക്തമായാണ് ഈ കലാവിരുന്ന് സംഘടിപ്പിച്ചത്. ഇരു സംഘടനകളും ചേർന്ന് ആദ്യമായി ഒരുക്കുന്ന നാടകം എന്ന പ്രത്യേകതയും ഇതിനുണ്ട്. ജോജോ ആലൂക്കാ രചനയും സംവിധാനവും നിർവഹിച്ച നാടകത്തിന്റെ പിന്നണിയിൽ ഡെന്നി എരിഞ്ചേരി (അസി. ഡയറക്ടർ), സജേഷ് അഗസ്റ്റിൻ (റെക്കോർഡിംഗ് ആൻഡ് മിക്സിംഗ്), ബെന്നി മറ്റക്കര (എഡിറ്റിംഗ്), സ്കറിയ ജേക്കബ് (സംഗീതം) എന്നിവർ പ്രവർത്തിച്ചു. ഫ്രാൻസിസ് സെബാസ്റ്റ്യൻ, ജോസഫ് കുര്യൻ (സാജു കാര്യമ്പുഴ) എന്നിവരായിരുന്നു നാടകത്തിന്റെ കോ-ഓർഡിനേറ്റർമാർ. ഇടവകയിലെതന്നെ മുതിർന്നവരും കുട്ടികളുമടങ്ങുന്ന വൻ കലാകാരന്മാരാണ് നാടകത്തിൽ വേഷമിട്ടത്. അമേരിക്കയിലെ നാടകവേദികളിൽ പ്രശസ്തരായ ബെന്നി മറ്റക്കരയും മറ്റൊരു പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ച ഫ്രാൻസിസ് സെബാസ്റ്റിനും അഭിനയത്തികവുകൊണ്ട് കാണികളുടെ പ്രശംസ പിടിച്ചുപറ്റി.



സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിക്കു വേണ്ടി പ്രസിഡണ്ട് ഡേവിഡ് വിനോദ്, സെക്രട്ടറി ഫ്രാൻസിസ് സെബാസ്റ്റ്യൻ എന്നിവരും ലീജിയൻ ഓഫ് മേരിക്കുവേണ്ടി പ്രസിഡണ്ട് സെലിൻ ആലുങ്കൽ, സെക്രട്ടറി മഞ്ജു പോൾ എന്നിവരും പരിപാടികൾക്ക് നേതൃത്വം നല്കി. തിരുപ്പിറവിയുടെ സന്ദേശവും സ്നേഹവും പങ്കുവെച്ച ഫാമിലി ഡേ ആഘോഷങ്ങളിൽ നിരവധി കുടുംബങ്ങൾ പങ്കെടുത്തു. സ്നേഹവിരുന്നോടെയും വിവിധ കലാപരിപാടികളോടെയും നടന്ന ഈ സംഗമം ഇടവകാംഗങ്ങൾക്കിടയിലെ ഐക്യവും സന്തോഷവും വിളിച്ചോതുന്നതായി.

# മാഗ് ക്രിസ്മസും പുതുവത്സരവും ആഘോഷിച്ചു

ഹൂസ്റ്റൺ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ (MAGH) ക്രിസ്മസും പുതുവത്സരവും വർണ്ണാഭമായി ആഘോഷിച്ചു. ടെക്സസിലെ സ്റ്റാഫോർഡിലുള്ള സെന്റ് തോമസ് കത്തീഡ്രൽ ഹാളിൽ ഡിസംബർ 27-ന് ശനിയാഴ്ച 5.30-ന് ആഘോഷങ്ങൾ അരങ്ങേറി. തദവസരത്തിൽ 2026-ലേക്കുള്ള ഭാരവാഹികളുടെ സത്യപ്രതിജ്ഞാ ചടങ്ങും നടന്നു. ഫോർട്ട് ബൻഡ് കൗണ്ടി ജഡ്ജ് കെ.പി. ജോർജ്,

സുജിത്ത് ചാക്കോ

സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, മിസ്സോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, ജഡ്ജ് സുരേന്ദ്രൻ കെ. പട്ടേൽ, ഫോർട്ട് ബൻഡ് കൗണ്ടി ക്യാപ്റ്റൻ മനോജ് പൂപ്പാറയിൽ, വിവിധ സഭാ വിഭാഗങ്ങളിലെ വൈദികർ തുടങ്ങിയവർ പ്രധാന ക്ഷണിതാക്കളായിരുന്നു.





ജഡ്ജ് സുരേന്ദ്രൻ കെ. പട്ടേൽ ക്രിസ്മസ് സന്ദേശം നല്കി. സെക്രട്ടറി രാജേഷ് വർഗീസ് സ്വാഗതമാശംസിച്ചു. തുടർന്ന് പ്രസിഡണ്ട് ജോസ് കെ. ജോൺ അദ്ധ്യക്ഷപ്രസംഗം നടത്തി. ആയിരത്തോളം പേർ ആഘോഷങ്ങളിൽ പങ്കെടുത്തു. ക്രിസ്മസ് ന്യൂ ഇയർ ആഘോഷങ്ങളോടനുബന്ധിച്ച് ഹൂസ്റ്റണിലെ പ്രമുഖ കലാകാരന്മാരെയും കലാകാരികളെയും പങ്കെടുപ്പിച്ച് വിവിധ കലാപരിപാടികൾ അരങ്ങേറി. ക്രിസ്മസ് കരോൾ ഗാനമത്സരവും സംഘടിപ്പിക്കപ്പെട്ടു. വാശിയേറിയ മത്സരത്തിൽ ഹൂസ്റ്റൺ സെ. മേരീസ് മലങ്കര ഓർത്തഡോക്സ് ചർച്ച് ഒന്നാം സ്ഥാനം കരസ്ഥമാക്കി. റജി വി. കുര്യൻ സ്പോൺസർ ചെയ്ത എവർ റോളിംഗ് ട്രോഫിയും കാഷ് അവാർഡും നേടി. രണ്ടാം സ്ഥാനം സെ. പീറ്റേഴ്സ് മലങ്കര കാത്തലിക് ചർച്ച് നേടി. റെജി കോട്ടയം സ്പോൺസർ ചെയ്ത എവർ റോളിങ് ട്രോഫിയും കാഷ് അവാർഡും സ്വന്തമാക്കി. മൂന്നാം സ്ഥാനം സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് ചർച്ച്, ട്രിനിറ്റി മാർത്തോമ്മാ ചർച്ച് എന്നിവ നേടി. ജോജി ജോസഫ് സ്പോൺസർ ചെയ്ത എവർ റോളിങ് ട്രോഫിയും ക്യാഷ് അവാർഡും സമ്മാനമായി നല്കി.

2026-ലേക്ക് തെരഞ്ഞെടുക്കപ്പെട്ട റോയ് മാത്യുവിനും ഡയറക്ടർ ബോർഡ് ഭാരവാഹികൾക്കും ട്രസ്റ്റി ബോർഡ് ചെയർമാൻ ജിമ്മി കുന്നശ്ശേരി പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. ഒപ്പം ട്രസ്റ്റി ബോർഡിലേക്ക് ക്ലാരമ്മ മാത്യൂസും ജോസ് കെ. ജോണും പ്രതിജ്ഞാ വാചകം ചൊല്ലി സ്ഥാനമേറ്റു.



പുതിയ വർഷത്തിൽ ട്രസ്റ്റി ബോർഡിൽനിന്ന് പിരിയുന്ന ചെയർമാൻ ജിമ്മി കുന്നശ്ശേരി, അംഗം അനിൽകുമാർ ആറന്മുള, ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗങ്ങളായ മാത്യൂസ് ചാണ്ടപിള്ള, ക്രിസ്റ്റഫർ ജോർജ്, സുനിൽ തങ്കപ്പൻ, രേഷ്മ വിനോദ്, മിഖായേൽ ജോയ്, അലക്സ് മാത്യു, ജോൺ ഡബ്ല്യു. വർഗീസ്, ജോസഫ് കുനാതൻ, ബിജോയ് തോമസ്, വിഘ്നേഷ് ശിവൻ, പ്രബിത്മോൻ വെള്ളിയാൻ, റീനു വർഗീസ് എന്നിവർക്കും ഇലക്ഷൻ കമ്മീഷണർമാരായ മാർട്ടിൻ ജോൺ, ബാബു തോമസ്, പ്രിൻസ് പോൾ എന്നിവർക്കും ഫെസിലിറ്റി മാനേജർ മോൻസി കുറിയാക്കോസിനും ഉപഹാരങ്ങൾ നല്കി ആദരിച്ചു. പങ്കെടുത്ത എല്ലാവർക്കും ക്രിസ്മസ് കേക്കും വിഭവസമൃദ്ധമായ ഡിന്നറും ഒരുക്കിയിരുന്നു.

2025-ൽ മുപ്പത്തിരണ്ടോളം സാമൂഹിക, സാംസ്കാരിക കലാപ്രസക്തിയുള്ള പരിപാടികളാണ് സംഘടിപ്പിക്കപ്പെട്ടത്.

ബോർഡിന്റെ വലിയ പരിശ്രമങ്ങൾ അതിന്റെ പിന്നിലുണ്ട്. വിശേഷാൽ പ്രോഗ്രാം കൺവീനർ രേഷ്മ വിനോദ് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

സാമ്പത്തികച്ചെലവ് പരിഹരിക്കുവാൻ സ്പോൺസേഴ്സ് വലിയ പങ്കാണ് വഹിച്ചത്. ഈ വർഷത്തെ പരിപാടികൾ വിജയപ്രദമാക്കുവാൻ സഹായിച്ച എല്ലാവർക്കും ട്രഷറർ സുജിത്ത് ചാക്കോ നന്ദി രേഖപ്പെടുത്തി.

# മിഡ്‌ലാൻഡ് പാർക്ക് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയത്തിൽ തിരുനാൾ

ന്യൂജേഴ്സി: മിഡ്‌ലാൻഡ് പാർക്ക് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയത്തിൽ വിശുദ്ധ സ്തെപ്പാനോസ് സഹദായുടെ തിരുനാൾ ആഘോഷച്ചടങ്ങുകൾ ജനുവരി 9, 10 (വെള്ളി, ശനി) തീയതികളിൽ ക്രമീകരിച്ചിരിക്കുന്നു. ദേവാലയത്തിന്റെ നാല്പത്തിരണ്ടാം വാർഷികാഘോഷവും തിരുനാൾ ചടങ്ങുകളുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

ജിനേഷ് തമ്പി

റവ.ഫാ. മോഹൻ ജോസഫ് (വികാരി എബനേസർ ഓർത്തഡോക്സ് ദേവാലയം, മാങ്ങാനം), റവ.ഫാ. ഡോ. ബാബു കെ. മാത്യു (വികാരി സെ. സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയം മിഡ്‌ലാൻഡ് പാർക്ക്, ന്യൂജേഴ്സി), റവ. ഫാ. ഷിബു ഡാനിയൽ (വികാരി സെ. തോമസ് ഓർത്തഡോക്സ് ദേവാലയം, മൗണ്ട് ഒലീവ്, ന്യൂജേഴ്സി), റവ. ഫാ. എബി പൗലോസ് (വികാരി സെ. ജോൺസ് ഓർത്തഡോക്സ് ദേവാലയം, റോക്‌ലാൻഡ്, ഓറഞ്ച്ബെർഗ്, ന്യൂയോർക്ക്), എന്നീ വൈദികശ്രേഷ്ഠരുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കുന്ന തിരുനാൾ ആഘോഷച്ചടങ്ങുകളിൽ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്ലിഫ്ടൺ ദേവാലയ വികാരി വെരി റവ.ഫാ. യേശുദാസൻ പാപ്പൻ, സെ. മേരീസ് ഓർത്തഡോക്സ് ലിൻഡൻ ദേവാലയ വികാരി റവ.ഫാ. സണ്ണി ജോസഫ്, സെ. ബസേലിയോസ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് നോർത്ത് പ്ലൈൻഫീൽഡ് ദേവാലയ വികാരി റവ.ഫാ. വിജയ് തോമസ് എന്നിവർ സഹകാർമ്മികത്വം വഹിക്കും.

തിരുനാൾ ആഘോഷച്ചടങ്ങുകൾക്ക് തുടക്കം കുറിച്ചുകൊണ്ട് ജനുവരി 9-ന് വെള്ളിയാഴ്ച വൈകുന്നേരം 6.30-ന് സന്ധ്യാനമസ്കാരവും തുടർന്ന് ഏഴു മണിക്ക് റവ.ഫാ. മോഹൻ ജോസഫ് നയിക്കുന്ന പ്രഭാഷണവും അതിനെത്തുടർന്ന് പ്രദക്ഷിണവും ആശീർവാദ ചടങ്ങുകളും ഡിന്നറും ഒരുക്കിയിട്ടുണ്ട്.

ജനുവരി 10-ന് ശനിയാഴ്ച രാവിലെ 9 മണിക്ക് പ്രഭാതനമസ്കാരവും 10-ന് വി. മൂന്നിന്മേൽ കുർബാനയും അതിനുശേഷം പ്രഭാഷണവും ആശീർവാദ ചടങ്ങും പ്രദക്ഷിണവും.

തിരുനാൾ ആഘോഷങ്ങളിൽ സംബന്ധിക്കുന്ന എല്ലാ വിശ്വാസികൾക്കുമായി ഉച്ചഭക്ഷണവും സജ്ജമാക്കിയിട്ടുണ്ട്.

മിഡ്‌ലാൻഡ് പാർക്ക് സെന്റ് സ്റ്റീഫൻസ് ദേവാലയവികാരി റവ.ഫാ. ഡോ. ബാബു കെ. മാത്യു സമീപ ഇടവകകളിലേതുൾപ്പെടെ എല്ലാ വിശ്വാസിസമൂഹത്തിനോടുംതിരുനാൾ ആഘോഷങ്ങളിൽ ഭക്തിനിർഭരം പങ്കെടുക്കുവാനും ദൈവതിരുനാമത്തിൽ അനുഗ്രഹം പ്രാപിക്കുവാനും ആവശ്യപ്പെട്ടു.

**വിവരങ്ങൾക്ക്:**

**റവ.ഫാ. ഡോ. ബാബു കെ. മാത്യു 201 562 6112, അജു തര്യൻ 201 724 9117, സുനിൽ മത്തായി 201 390 0373, ജിനേഷ് തമ്പി 347 543 6272.**




# കെസിഎസ് ചിക്കാഗോ പുതുവത്സരം ഗംഭീരമായ സംഗീതനിശയോടെ ആഘോഷിച്ചു


ഷാജി പള്ളിവീട്ടിൽ

ചിക്കാഗോ: പുതുവത്സരാഘോഷങ്ങളുടെ ഭാഗമായി കെസിഎസ് കമ്മ്യൂണിറ്റി സെന്ററിൽ ഒരു മനോഹരമായ സംഗീത നിശ നടത്തി, സന്തോഷവും സംഗീതവും കൂട്ടായ്മയും നിറഞ്ഞ ഒരു സായാഹ്നത്തിനായി അംഗങ്ങളെ ഒരുമിച്ചു കൊണ്ടുവന്നു. പ്രത്യേക സോഷ്യൽ ബോഡി മീറ്റിംഗിനു ശേഷം രാത്രി 8.30–ന് ആരംഭിച്ച പരിപാടി വേദിയെ ഉന്മേഷദായകവും ഉത്സവാന്തരീക്ഷം നിറഞ്ഞതുമായ ഒരു ഒത്തുചേരലാക്കി മാറ്റി. ചിക്കാഗോ കെസിഎസ് അംഗങ്ങളുടെ ഒരു വലിയ സംഘം ഒത്തുകൂടി, ഐക്യത്തിന്റെയും ആഘോഷത്തിന്റെയും ആത്മാവിൽ പുതുവത്സരത്തെ വരവേറ്റു. സജി മാലിത്തുരുത്തേലും കെവിൻ വള്ളാട്ടിലും ചേർന്ന് സംഗീത നിശ ആവേശത്തോടെ നയിച്ചു. അവരുടെ നേതൃത്വവും ഊർജ്ജസ്വലതയും പരിപാടിക്ക് വലിയ ആകർഷണീയത നൽകി, ഉത്സവാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി, കെസിഎസ് ചിക്കാഗോ ഭക്ഷണപാനീയങ്ങൾ ക്രമീകരിച്ചു.

അംഗങ്ങൾക്ക് ഊഷ്മളമായ കൂട്ടായ്മ ആസ്വദിക്കാനും പുതുവത്സരാഘോഷങ്ങൾ ഒരുമിച്ച് ആസ്വദിക്കാനും അവസരമൊരുക്കി. ഈ അവസരത്തിൽ ഉദാരമായി പങ്കെടുക്കുകയും അവരുടെ കഴിവുകൾ സംഭാവന ചെയ്യുകയും ചെയ്ത എല്ലാ ഗായകർക്കും കെസിഎസ് ചിക്കാഗോ ഹൃദയംഗമമായ നന്ദി അറിയിച്ചു.







സംഗീത നിശയ്ക്ക് പിന്തുണ നൽകുന്നതിനായി സ്വമേധയാ സമയവും വൈദഗ്ദ്ധ്യവും നൽകിയ സൗണ്ട് എഞ്ചിനീയർ സജി കൊച്ചേരിലിനെയും എക്സിക്യൂട്ടീവ് കമ്മിറ്റി പ്രത്യേക നന്ദി അറിയിച്ചു.

പുതുവത്സര സംഗീത ആഘോഷത്തിന്റെ വിജയത്തിൽ അവരുടെ സമർപ്പണം, ഉത്സാഹം, നിസ്വാർത്ഥ സേവനം എന്നിവ നിർണായക പങ്ക് വഹിച്ചതായും സന്നിഹിതരായ എല്ലാവർക്കും മൊത്തത്തിലുള്ള അനുഭവം വളരെയധികം സമ്പന്നമാക്കുകയും ചെയ്തു.

# ഒഴുകുന്ന കോട്ടേജുകൾ: കായൽ ടൂറിസത്തിൽ പുതുമയുമായി നമൻ ശർമ

അരൂർ: കായൽ ടൂറിസം മേഖലയിൽ വേറിട്ട ആശയവുമായി കാശ്മീരി യുവാവ്. വിനോദസഞ്ചാരികൾക്കായി വീടുകൾക്കും ചുറ്റും ഒഴുകുന്ന കോട്ടേജുകൾ തയ്യാറാക്കുകയെന്ന ആശയമാണ് കാശ്മീരിൽ നിന്നുള്ള നമൻ ശർമ മുന്നോട്ടുവെച്ചിരിക്കുന്നത്. കായലോര വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് തീരപരിപാലന നിയമം ഒട്ടേറെ തടസങ്ങൾ സൃഷ്ടിക്കുന്നതിനിടെയിലാണ് നിയമപരമായിത്തന്നെ തടസങ്ങളെ മറികടക്കാൻ കഴിയുന്ന നമൻ ശർമയുടെ പുത്തൻ ആശയം കടന്നുവരുന്നത്. അഹമ്മദാബാദിൽ സിഇപിറ്റി യൂണിവേഴ്സിറ്റിയിൽ നിന്നു ബിടെക് പൂർത്തിയാക്കി ഉത്പന്നങ്ങൾ ഡിസൈൻ ചെയ്യാനുള്ള താത്പര്യത്തോടെ അരൂരിലെ സമുദ്ര ഷിപ്പ്യാർഡിൽ എത്തിയതാണ് നമൻ. മലയാളി പ്രഫ. ഉണ്ണിമേനോന്റെ നിർദേശത്തിലാണ് മറൈൻ ഡിസൈനിൽ ഇന്റേൺഷിപ്പ് പരിശീലനത്തിന് നമൻ സമുദ്രയിൽ എത്തിയത്.

കേരളത്തിലെ പ്രകൃതിരമണീയ കായലുകളും കായലിനെ ചുറ്റിപ്പറ്റി വിവിധ ജോലികൾ ചെയ്യുന്ന തൊഴിലാളികളുടെ ജീവിതവും തന്റെ ജന്മനാടായ കാശ്മീരിലെ തടാകങ്ങളും ഒഴുകിനടക്കുന്ന ജലയാനങ്ങളും ഓർമിപ്പിക്കുമെന്ന് നമൻ പറയുന്നു. ഇതേതുടർന്നാണ് ഫ്ളോട്ടിങ് കോട്ടേജുകൾ എന്ന ആശയം നമന്റെ മനസിലുദിക്കുന്നത്. മുമ്പുണ്ടായിരുന്നതിനേക്കാൾ തീരദേശനിയമങ്ങളിൽ ഇപ്പോൾ കൂടുതൽ ഇളവുകൾ വന്നതിനാൽ ഇതു യാഥാർത്ഥ്യമാക്കാനാകുമെന്നാണ് നമന്റെ വിശ്വാസം.

കേരള മാരിടൈം ബോർഡിനു മാത്രമാണ് ഫ്ളോട്ടിങ് കോട്ടേജുകൾക്ക് അനുമതി നൽകാൻ അധികാരമുള്ളത്. ചില നിബന്ധനകളും ചട്ടങ്ങളും കോട്ടേജ് നിർമാണത്തിന് നിഷ്കർഷിക്കുന്നുണ്ട്. എല്ലാ ചട്ടങ്ങളും നിബന്ധനകളും അനുസരിച്ചുകൊണ്ടാണ് നമൻ കോട്ടേജുകൾ രൂപകൽപന ചെയ്തിരിക്കുന്നത്. തീർത്തും മാലിന്യമുക്തമായിരിക്കും ഒഴുകുന്ന കോട്ടേജുകൾ. കായൽ മലിനീകരണത്തിനുള്ള ഒരു സാധ്യതയും ഇതിൽ അനുവദിക്കപ്പെടില്ല. ഒരു കുടുംബത്തിനു കഴിയാവുന്നതും അധിക കുടുംബങ്ങൾക്കു കഴിയാവുന്നതുമായ വിവിധ വലിപ്പത്തിലുള്ള കോട്ടേജുകൾ നമൻ രൂപകൽപന ചെയ്തിട്ടുണ്ട്. രാജ്യത്തെ ആദ്യത്തെ വിനോദ സഞ്ചാര ഗ്രാമമായി ഖ്യാതി നേടിയ കുമ്പളങ്ങി പഞ്ചായത്തിന്റെ കായൽ ടൂറിസം പദ്ധതിയുടെ ഭാഗമായി ഒഴുകുന്ന കോട്ടേജുകൾ പരീക്ഷിക്കാൻ തയാറാണെന്ന് അറിയിച്ചിട്ടുണ്ട്. കേരളാ മാരിടൈമിന്റെ മുഴുവൻ വ്യവസ്ഥകളും അംഗീകരിച്ചുകൊണ്ട് പ്രകൃതിയുമായി ഇണങ്ങുന്ന സുരക്ഷിതമായ കോട്ടേജുകൾ നിർമിക്കാൻ കഴിയുമെന്ന് അരൂർ സമുദ്ര ഷിപ്പ്യാർഡും അറിയിച്ചിട്ടുണ്ട്.

# 2025–ൽ സിനിമാമേഖലയ്ക്ക് 530 കോടിയുടെ നഷ്ടം

കൊച്ചി: കഴിഞ്ഞ വർഷം മലയാള സിനിമാ വ്യവസായമേഖലയ്ക്ക് 530 കോടിയുടെ രൂപയുടെ നഷ്ടമുണ്ടായതായി ഫിലിം ചേംബർ. മലയാളത്തിലിറങ്ങിയ 185 സിനിമകളിൽ 150 എണ്ണവും പരാജയമായിരുന്നുവെന്നും കേരളാ ഫിലിം ചേംബർ ഓഫ് കൊമേഴ്സ് പുറത്തിറക്കിയ പത്രക്കുറിപ്പിൽ വ്യക്തമാക്കി. ഒമ്പത് ചിത്രങ്ങൾ സൂപ്പർ ഹിറ്റും 16 ചിത്രങ്ങളെ ഹിറ്റുമായി. പത്തു ചിത്രങ്ങൾ ഒടിടി വഴിയുള്ള വരുമാനം കൂടി ചേർത്ത് മുടക്കുമുതൽ തിരിച്ചുപിടിച്ചതായും ഫിലിം ചേംബർ വ്യക്തമാക്കുന്നു.


185 സിനിമകൾ കൂടാതെ 8 റീ റിലീസ് ചിത്രങ്ങളും കഴിഞ്ഞ വർഷം തിയേറ്ററിൽ പ്രദർശിപ്പിച്ചു. പുതിയ ചിത്രങ്ങളുടെ മുതൽ മുടക്ക് 860 കോടി രൂപയോളം വരും. വിജയിച്ച ചിത്രങ്ങളും മുടക്കുമുതൽ തിരിച്ചുപിടിച്ച ചിത്രങ്ങളും ഒഴിച്ചുനിർത്തിയാൽ മലയാള ചലച്ചിത്ര വ്യവസായത്തിന് 530 കോടിയുടെ നഷ്ടം സംഭവിച്ചു. റി റിലീസ് ട്രെൻഡായെങ്കിലും എട്ടു ചിത്രങ്ങളിൽ മൂന്നെണ്ണം മാത്രമാണ് ബോക്സ് ഓഫീസിൽ ചലനമുണ്ടാക്കിയത്.

അതേസമയം, വ്യത്യസ്തമായ പ്രമേയം പ്രേക്ഷകർ സ്വീകരിക്കുമെന്ന് പല ചിത്രങ്ങളുടെയും വിജയം സൂചിപ്പിക്കുന്നുണ്ട്. 2026– ൽ ഒരുപിടി മികച്ച ചിത്രങ്ങൾ അണിയറയിൽ ഒരുങ്ങുന്നുവെന്നതും പ്രതീക്ഷ നൽകുന്നുണ്ടെന്നും ഫിലിം ചേംബർ പത്രക്കുറിപ്പിൽ വ്യക്തമാക്കി.

# ടെഡി മുഴയന്മാക്കിൽ കെസിഎസ് ചിക്കാഗോ ലെയ്സൺ ബോർഡ് ചെയർമാൻ; സന്തോഷ് കളരിക്കാപറമ്പിൽ വൈസ് ചെയർമാൻ

ഷാജി പള്ളിവീട്ടിൽ

ചിക്കാഗോ: കെ.സി.എസ് ചിക്കാഗോയുടെ പുതിയ ലെയ്സൺ ബോർഡ് ചെയർമാനായി ടെഡി മുഴയന്മാക്കിൽ. വൈസ് ചെയർമാനായി സന്തോഷ് കളരിക്കപറമ്പിൽ എന്നിവർ ഏകപക്ഷീയമായി തെരഞ്ഞെടുക്കപ്പെട്ടു. ലെയ്സൺ ബോർഡ് അംഗം ഉൾപ്പെടെ വിവിധ കെസിഎസ് ബോർഡുകളിൽ 25 വർഷത്തിലേറെയായി ടെഡി പ്രവർത്തിച്ചിട്ടുണ്ട്. ആദർശധീരനും കഠിനാദ്ധ്വാനിയുമായ ടെഡിയുടെ പ്രവർത്തനങ്ങൾ ചിക്കാഗോയിലെ ക്നാനായ സമുദായത്തിൽ ശ്രദ്ധേയമാണ്. ആദർശ ശുദ്ധിയും കർമോത്സുകതയും കൈമുതലായുള്ള സന്തോഷിന്റെ പ്രവർത്തനങ്ങൾ ടെഡിയുടെ കരങ്ങൾക്ക് ശക്തി പകരും. ലെയ്സൺ ബോർഡ് ചെയർമാൻ എന്ന നിലയിൽ ടെഡിയുടെയും വൈസ് ചെയർമാൻ എന്ന നിലയിൽ സന്തോഷിന്റെയും പ്രവർത്തനങ്ങൾ കെസിഎസ് ലെയ്സൺ ബോർഡിന് പുത്തൻ ഉണർവ് നല്കുമെന്നതിൽ സംശയമില്ല.

ഇവരെക്കൂടാതെ ടോമി പ്ലാത്തോട്ടം, തോമസ് മാന്തുരുത്തിൽ, കെവിൻ വടക്കേടത്ത് എന്നിവരാണ് കെസിഎസ് ചിക്കാഗോയുടെ മറ്റ് ലെയ്സൺ ബോർഡ് അംഗങ്ങൾ. അനിവാര്യമായ മാറ്റങ്ങൾ ഉൾക്കൊണ്ട്, ലെയ്സൺ ബോർഡിന്റെ അന്തഃസത്തയ്ക്കൊത്ത് പ്രവർത്തിച്ച് ചിക്കാഗോയിലെ ക്നാനായ കമ്യൂണിറ്റിയിൽ നല്ലൊരു പ്രവർത്തനം കാഴ്ചവെക്കാനും 2026–ൽ നടക്കാനിരിക്കുന്ന കെസിഎസ് തെരഞ്ഞെടുപ്പിൽ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ സർവ്വശക്തൻ നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

# സഹകരണമേഖലയിൽ പുതിയ വായ്പാനയം

തിരുവനന്തപുരം: സംസ്ഥാനത്ത് സഹകരണ മേഖലയിൽ പുതിയ വായ്പാനയം നടപ്പാക്കാൻ സർക്കാർ. വാണിജ്യ ബാങ്കുകൾക്ക് റിസർവ് ബാങ്ക് കൊണ്ടുവരുന്ന വായ്പാനയത്തിന് സമാനമായ പരിഷ്കാരമാണ് ലക്ഷ്യം.

കൃത്യമായ പരിശോധന ഇല്ലാതെയും തിരിച്ചടവ് ഉറപ്പാക്കാതെയും വായ്പ നൽകുന്നത് സഹകരണ ബാങ്കുകളെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടാൻ കാരണമായി എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് നടപടി. ജനുവരിയിൽ പ്രഖ്യാപനമുണ്ടാകും. കരട് തയ്യാറാക്കാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. വ്യക്തികൾക്ക് പരമാവധി എത്ര വായ്പ നൽകാം, സഹകരണ ബാങ്കുകൾക്ക് പരമാവധി എത്രകാലം വായ്പ നൽകാം എന്നതിനൊക്കെ വ്യവസ്ഥയുണ്ട്. രാഷ്ട്രീയവും വ്യക്തിപരവുമായ പരിഗണനയിൽ വാരിക്കോരി വായ്പ നൽകുന്നതാണ് സഹരണബാങ്കുകളുടെ പ്രതിസന്ധിക്ക് പ്രധാന കാരണം. കുടിശ്ശിക കൂടിയതോടെ നിക്ഷേപം തിരിച്ചുകൊടുക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായി. പൊതുവായി അംഗീകരിക്കുന്ന അക്കൗണ്ടിങ് തത്ത്വങ്ങൾ (ജിഎഎപി) സഹകരണ മേഖലയിൽ ബാധകമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് ബാധകമായ വായ്പാനയമാണ് വരുന്നത്.

വായ്പ തിരിച്ചടവ്, ഈട് വ്യവസ്ഥ, കുടിശ്ശിക വായ്പയ്ക്ക് കരുതൽ വെക്കുന്ന വ്യവസ്ഥ, ജപ്തി നടപടി എന്നിവയെല്ലാം പുതിയ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിലുണ്ടാകുന്ന വീഴ്ച ഭരണസമിതിയുടെ കുറ്റമായി കണക്കാക്കി നടപടിയെടുക്കാൻ വായ്പനയം വ്യവസ്ഥ ചെയ്യും. നിലവിൽ സംഘത്തിന്റെ കണക്ക് നോക്കി ഓഡിറ്റർ ലാഭ-നഷ്ടക്കണക്ക് തയ്യാറാക്കുന്ന രീതിയാണുള്ളത്. ഇതും അവസാനിപ്പിക്കും.

പുതിയ സോഫ്റ്റ്‌വേറിൽ ഓഡിറ്റിന് ആവശ്യമായ വിവരം റിപ്പോർട്ടായി ലഭിക്കുന്ന വിധമാണ് ക്രമീകരണം. അതിനുവേണ്ടിയാണ് ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ട പൊതു അക്കൗണ്ടിങ് സ്റ്റാൻഡേഡ്സ് ബാധകമാക്കി വായ്പനയം കൊണ്ടുവരുന്നത്. പ്രാഥമിക സഹകരണ ബാങ്കുകളിൽ പൊതു സോഫ്റ്റ്‌വേർ കൊണ്ടുവരാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. ഇതിലും പുതിയ അക്കൗണ്ടിങ് രീതിയാണുണ്ടാകുക, അതിന് നഷ്ടസാധ്യതയുള്ള വായ്പയ്ക്ക് റിസർവ് സൂക്ഷിക്കുന്ന രീതി പൊതു അക്കൗണ്ടിങ് സ്റ്റാൻഡേഡ്സ് അടിസ്ഥാനത്തിലാക്കി മാറ്റും, ഇതിനായി പ്രത്യേകം അക്കൗണ്ടിങ്-ഓഡിറ്റിങ് സ്റ്റാൻഡേഡും ഓഡിറ്റ് ഡയറക്ടർ തയ്യാറാക്കിയിട്ടുണ്ട്. സഹകരണമേഖലയിലെ കണക്കെഴുത്ത് രീതി തന്നെ മാറ്റുന്നതാകും പുതിയ നയം.

# കൊച്ചിയിലെ വായുവിലും വിഷം നിറയുന്നു

കൊച്ചി: കൊച്ചിയിൽ വായു ഗുണനിലവാരം അപകടകരമായ നിലയിൽ തുടരുന്നു. രാവിലെ കാണപ്പെടുന്ന പുകമഞ്ഞ് വെയിൽ വീഴുന്നതോടെ കുറയുമെങ്കിലും വൈകുന്നേരത്തോടെ വീണ്ടും വരുന്ന പ്രവണതയാണു നിലവിൽ.

വായു ഗുണനിലവാരം 101 മുതൽ 200 വരെ രേഖപ്പെടുത്തുന്ന അളവുകൾ രോഗങ്ങൾക്കു വഴിവെയ്ക്കുന്നവയാണ്. അന്തരീക്ഷത്തിലും ഭൂമിശാസ്ത്രപരമായും വരുന്ന മാറ്റങ്ങളാണ് പുകമഞ്ഞ് തങ്ങിനിൽക്കാൻ കാരണമാകുന്നതെന്ന് വിദഗ്ദർ പറയുന്നു. സംസ്ഥാനത്തെ ഏറ്റവും വലിയ പുതുവത്സരാഘോഷം അരങ്ങേറിയ ഫോർട്ട കൊച്ചിയിൽ ആഘോഷത്തിനു പിന്നാലെ മാലിന്യവും പൊടിശല്യവും രൂക്ഷമായിരുന്നു.

ആഘോഷങ്ങളുടെ ഭാഗമായി വിവിധയിടങ്ങളിൽ പതിവിനു വിപരീതമായി അനുഭവപ്പെട്ട വാഹനത്തിരക്ക് അന്തരീക്ഷവായു മോശമാകുന്നതിന് കാരണമായിട്ടുണ്ടെന്നാണ് വിലയിരുത്തൽ. വ്യവസായ കേന്ദ്രമായ ഏലൂരിലും അമ്പലമുകളിലുമാണ് ഏറ്റവും മോശം സാഹചര്യം.

# എയർ ഇന്ത്യ എക്സ്പ്രസിന് പുതിയ ഡിസൈനിൽ ബോയിംഗ് വിമാനം

കൊച്ചി: ആധുനികീകരണത്തിന്റെ ഭാഗമായി എയർ ഇന്ത്യ എക്സ്പ്രസ് കസ്റ്റമൈസ് ചെയ്തു വാങ്ങിയ പുതിയ ബോയിംഗ് വിമാനം ഇന്ത്യയിലെത്തി.

ടാറ്റാ ഗ്രൂപ്പ് ഏറ്റെടുത്തതിനുശേഷം എയർ ഇന്ത്യ എക്സ്പ്രസ് വാങ്ങുന്ന 51-ാമത് ബി737-8 ലൈൻ ഫിറ്റ് വിമാനമാണു ഈയിടെ എത്തിയത്.

അമേരിക്കയിലെ സിയാറ്റിലിലെ ബോയിംഗ് നിർമാണകേന്ദ്രത്തിൽനിന്ന് എത്തിയ വിമാനത്തിന്റെ ഉൾഭാഗം മികച്ച യാത്രാനുഭവം ഒരുക്കുന്ന തരത്തിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. പുതുവർഷത്തിൽ ഈ വിമാനം സർവീസ് ആരംഭിക്കും.

കൂടുതൽ യാത്രാസുഖം നൽകുന്ന സീറ്റുകൾ, വിശാലമായ ലെഗ്റൂം, ഓരോ സീറ്റിലും ഫാസ്റ്റ് ചാർജറുകൾ, വലിയ ഓവർഹെഡ് കാബിൻ, നിശബ്ദമായ അകത്തളം, മൂഡ് ലൈറ്റിംഗോടുകൂടിയുള്ള ബോയിംഗിന്റെ സ്കൈ ഇന്റീരിയർ എന്നിവയും വിമാനത്തിലുണ്ട്.

പുതിയ വിമാനംകൂടി എത്തിയതോടെ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ബോയിംഗ് വിമാനങ്ങളുള്ള കമ്പനിയായി എയർ ഇന്ത്യ എക്സ്പ്രസ് മാറിയെന്ന് അധികൃതർ പറഞ്ഞു.

# വാർഡ് വിഭജനം: ഒന്നരകോടിയിലേറെ കെട്ടിടങ്ങളുടെ നമ്പർമാറും

തിരുവനന്തപുരം: കേരളത്തിൽ വീടുകൾ ഉൾപ്പെടെ ഒന്നര കോടിയിലേറെ വരുന്ന കെട്ടിടങ്ങളുടെ നമ്പർ ഈ മാസം മാറും. ഇതിൽ 1.10 കോടി, വീടുകളും അപ്പാർട്മെന്റുകളും ഫ്ളാറ്റുകളുമാണ്. 46 ലക്ഷം വാണിജ്യ ആവശ്യത്തിനുള്ളവയും. വാർഡുവിഭജനത്തിനുശേഷം തദ്ദേശ തെരഞ്ഞെടുപ്പിനു മുൻപുതന്നെ നടക്കേണ്ട നമ്പർ മാറ്റമാണ് അൽപം വൈകി നടപ്പാക്കുന്നത്.

തദ്ദേശ വകുപ്പിന്റെ സേവനങ്ങൾ നൽകുന്ന കെ സ്മർട്ട് ആപ്ലിക്കേഷനിൽ നമ്പർ ക്രമീകരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അതതു കോർപ്പറേഷനുകളും നഗരസഭകളും പഞ്ചായത്തുകളുമാണ് ഇതു നടപ്പാക്കേണ്ടത്. അതിനുള്ള മാർഗ നിർദേശങ്ങളും നൽകിയിട്ടുണ്ട്. ഒന്നാം വാർഡിലെ ഒന്നാം നമ്പർ കെട്ടിടമെന്നു സൂചിപ്പിക്കുന്ന തരത്തിൽ 1/1 എന്ന മാതൃകയിലാണു കെട്ടിട നമ്പറുകൾ നൽകുന്നത്. ആദ്യത്തെ ഭാഗം വാർഡിനെയും തുടർന്നുള്ളതു കെട്ടിടത്തേയും സൂചിപ്പിക്കുന്നു.

കെ സ്മാർട്ടിൽ ഓരോ വാർഡിലെയും ഭൂപ്രദേശങ്ങൾ കൃത്യമായി അടയാളപ്പെടുത്തിയിട്ടുള്ളതിനാൽ അതിലെ ആകെ കെട്ടിടങ്ങൾ ആദ്യം കണക്കാക്കും.

തുടർന്നു കെട്ടിടങ്ങളെ അതതു വാർഡിലേക്കു മാറ്റുകയും ഒന്നുമുതൽ ക്രമമായി നമ്പർ നൽകുകയുമാണു ചെയ്യുക.

മുൻപ് പുതിയ കെട്ടിടങ്ങൾ വരുമ്പോൾ തുടർച്ച നഷ്ടപ്പെടാതിരിക്കാൻ കെട്ടിടനമ്പറിന്റെ അവസാനം എ,ബി, സി എന്നിങ്ങനെ ഇംഗ്ലീഷ് അക്ഷരങ്ങൾ നൽകിയിരുന്നു. അത് ഒഴിവാക്കാനായി, ഭാവിയിൽ വരാൻ സാധ്യതയുള്ള കെട്ടിടങ്ങൾക്കായി ചില ഡോർ നമ്പറുകൾ (കെട്ടിട നമ്പറുകൾ) റിസർവ് ചെയ്യാനും സാധ്യതയുണ്ട്.

# ധാതുഖനനം നിയമത്തിൽ ഭേദഗതി വരുന്നു

ന്യൂഡൽഹി: ധാതുഖനനകമ്പനികൾക്ക് ഓരോസംസ്ഥാനത്തും ഖനനം നടത്താവുന്ന സ്ഥല വിസ്തൃതിക്കുള്ള പരിധി കേന്ദ്ര സർക്കാർ എടുത്തുകളയാനൊരുങ്ങുന്നു. 1957-ലെ മൈൻസ് ആൻഡ് മിനറൽസ് ( ഡവലപ്മെന്റ് ആൻഡ് റഗുലേഷൻസ് നിയമത്തിൽ ഭേദഗതി കൊണ്ടുവരാനായി സംസ്ഥാനങ്ങളിൽനിന്ന് കേന്ദ്രം അഭിപ്രായം തേടി. ഭേദഗതി നടപ്പായാൽ വിദേശഖനന കമ്പനികളെ കൊണ്ടുവരാനും വലിയ നിക്ഷേപം ആകർഷിക്കാനും കഴിയുമെന്നും സർക്കാർ വ്യക്തമാക്കി.

ഖനനരംഗത്ത് കുത്തകവൽക്കരണം ഒഴിവാക്കാനും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കാനുമാണു നിലവിലെ നിയമത്തിൽ ഖനന പരിധി വച്ചിരിക്കുന്നത്. ഇതു നീക്കിയാൽ ഒരേ കമ്പനിക്ക് ഓരോ സംസ്ഥാനത്തും കൂടുതൽ സ്ഥലത്ത് ഖനനം നടത്താം.പുതിയ ഭേദഗതി നടപ്പാക്കിയാൽ എല്ലാത്തരം ധാതുഖനനത്തിനുമുള്ള പരിധിപൂർണമായി ഇല്ലാതാകും.

വമ്പൻ ഖനന കമ്പനികൾ ഓരോ സംസ്ഥാനത്തും കുത്തകകളായി മാറുന്ന സ്ഥിതി ഉണ്ടാകുമെന്ന ആശങ്കയുണ്ട്. പരിസ്ഥിതി സംരക്ഷണം സംബന്ധിച്ചും ചോദ്യങ്ങളുയരുന്നു.

നിലവിലെ നിയമത്തിൽ പ്രാഥമിക സർവേഘട്ടത്തിൽ 25 ചതുരശ്ര കിലോമീറ്റർ മുതൽ 10,000 ചതുരശ്ര കിലോമീറ്റർ വരെ കൈവശം വയ്ക്കാമെങ്കിലും ഒറ്റ പെർമിറ്റിന് കീഴിൽ 5,000 ചതുരശ്ര കിലോമീറ്റർ മാത്രമേ പാടുള്ളൂ.

പുതിയ ഭേദഗതിയിൽ ഇതിനും മാറ്റമുണ്ടാകും. 2015 മുതൽ ലേലം വഴി ധാതുഖനനം അനുവദിച്ചു തുടങ്ങിയതിനാലും സാങ്കേതിക വിദ്യ പുരോഗമിച്ചതിനാലും സ്ഥലപരിധിക്ക് ഇനി പ്രസക്തിയില്ലെന്നാണ് സർക്കാരിന്റെ വാദം.

# ഡോ. തോമസ് കെ. ഐപ്പ് അന്തരിച്ചു

ഡാളസ്/പത്തനംതിട്ട: പത്തനാപുരം കലഞ്ഞൂർ ചർച്ച് ഓഫ് ഗോഡ് സഭാംഗം ഡോ. തോമസ് കെ. ഐപ്പ് അന്തരിച്ചു. ദീർഘകാലം അമേരിക്കയിലായിരുന്ന തോമസ് കേരളത്തിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. ഭാര്യ: പരേതയായ സാറാമ്മ തോമസ്. മക്കൾ: ഷൈൻ ഐപ്പ് (ഡാളസ്), പാസ്റ്റർ ഷൈലു ഐപ്പ് (ഡാളസ്), ഷാൻസൺ ഐപ്പ് (ഡാളസ്). മരുമക്കൾ: ഫീബ ഐപ്പ്, സ്മിത ഐപ്പ്, ഫെബ ഐപ്പ്. നോർത്ത് ഡാളസ് ചർച്ച് ഓഫ് ഗോഡ് പ്രസിഡണ്ടും സീനിയർ ശുശ്രൂഷകനുമായ പാസ്റ്റർ ബാബു ഐപ്പ് സഹോദരനാണ്.





# ക്നാനായ കലണ്ടർ – 2026 വിതരണം പൂർത്തിയാക്കി

**ടിബിൻ പുളിന്തൊട്ടിയിൽ**

*എന്റെ സമുദായം എന്റെ അഭിമാനം* എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് തയ്യാറാക്കിയ* 2026-ലെ ക്നാനായ കലണ്ടർ*

*നാം ക്നാനായ*യുടെ വിതരണം സമയബന്ധിതമായി പൂർത്തീകരിച്ചു.








പത്ത് ഫൊറോനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ചെറുതും വലുതുമായ 53 ഇടവകകളിലായാണ് കലണ്ടറുകൾ പ്രധാനമായും കൂടാരയോഗങ്ങൾ കേന്ദ്രീകരിച്ചു വിതരണം നടത്തിയത്.

പതിവുപോലെ പരസ്യങ്ങൾ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള കലണ്ടറിന്റെ ഈ വർഷത്തെ ചില പ്രത്യേകതകൾ:

1. പുരാതന പാട്ടുകൾക്കനുസൃതമായ കവർ ചിത്രങ്ങൾ

2. *ക്നാനായ-യഹൂദ ബന്ധങ്ങൾ*

3. നാലു വർഷംകൊണ്ട് (2025-28) *സമ്പൂർണ്ണമായും ബൈബിൾ വായിക്കുന്നതിനു* വേണ്ട അദ്ധ്യായങ്ങൾ അതതു ദിവസങ്ങളിൽ.

4. *എല്ലാ ക്നാനായ ഫൊറോന* സമൂഹത്തെയും പ്രാർത്ഥനയിലോർക്കാൻ ഓരോ മാസവും പ്രത്യേക ദിനങ്ങൾ.

5. 130-ഓളം ക്നാനായ പള്ളി *പെരുന്നാളുകൾ*

6. പാണൻ പാട്ടിലെ ചേപ്പെടു ചരിത്രം

7. കോട്ടയം രൂപത സ്ഥാപന ബൂള

8. സുറിയാനി പഠന മാതൃക

9. വ്യത്യസ്തമായ മറ്റു ചില *ക്നാനായ പൈതൃകങ്ങൾ*

*ഏറെക്കുറെ പൂർണമായും വിതരണം പൂർത്തിയാക്കിയ ഇടവകകൾ*

ചുങ്കം, മ്രാല, മാറിക, ഉഴവൂർ, പയസ് മൗണ്ട്, അരീക്കര, പുതുവേലി, വെളിയന്നൂർ, ഇടക്കോലി, ചേറ്റുകുളം, കുറുപ്പന്തറ, പൂഴിക്കോൽ, ഞീഴൂർ, കല്ലറ ന്യൂ, പാഴുത്തുരുത്ത്, തൊട്ടറ, കോതനല്ലൂർ, മേമുറി, കല്ലറ, വെച്ചൂർ, മാന്നാനം, മകുടാലയം, കുറുമുള്ളൂർ, തിരുവൻവണ്ടൂർ, തെങ്ങേലി, കറ്റോട്, ഓതറ, കല്ലിശ്ശേരി, കുറ്റൂർ, പുനലൂർ, രാമമംഗലം മലങ്കര, പിറവം, രാമമംഗലം, വെള്ളൂർ, മാങ്ങിടപള്ളി, കാക്കനാട്, ചാരമംഗലം, ഇടയ്ക്കാട്, ഒളശ, വാകത്താനം, പാച്ചിറ, വെളിയനാട്, കിഴക്കേനട്ടാശേരി, കാരിത്താസ്, മള്ളൂശേരി.

*ഭാഗികമായി പൂർത്തീകരിച്ച ഇടവകകൾ*

മണക്കാട്, മോനിപ്പള്ളി, മണ്ണൂർ, കിടങ്ങൂർ, പയ്യാവൂർ, എസ്.എച്ച് മൗണ്ട്.

കേരളത്തിനു പുറമെ മുംബൈ, യുഎഇ, കാനഡ, അമേരിക്ക തുടങ്ങിയ സ്ഥലങ്ങളിലേക്കും നിരവധിയാളുകൾ ക്നാനായ കലണ്ടർ വിതരണത്തിനായി കൊണ്ടുപോയിട്ടുണ്ട്.

*സമുദായ വിചാരം ക്നാനായ ഹൃദയങ്ങളിലേക്ക് എന്ന ലക്ഷ്യം ഉയർത്തിപ്പിടിച്ചുകൊണ്ട്* 2022-23-ൽ 12000-ത്തിലധികം മാർ ക്നായി തോമയുടെ ചിത്രങ്ങളും 2024-ൽ 10000-ത്തോളം ക്നാനായ കലണ്ടറുകളും നേരത്തെ സമുദായ വാക്സിനേഷൻ പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്തിരുന്നു.

## ഇന്ത്യയുടെ ഔദ്യോഗിക താറാവാകാൻ കുട്ടനാടൻ താറാവ്

ആലപ്പുഴ: കുട്ടനാടൻ താറാവ് പെരുമ ഇനി ദേശീയ ശ്രദ്ധയിലേക്ക്. ഇന്ത്യയുടെ ഔദ്യോഗിക താറാവിനമായി കുട്ടനാടിന്റെ ചാരയെയും ചെമ്പല്ലിയെയും തെരഞ്ഞെടുത്തിരിക്കുകയാണ്. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിനു കീഴിലുള്ള നാഷണൽ ബ്യൂറോ ഓഫ് ആനിമൽ ജനറ്റിക് റിസോഴ്സസ് രാജ്യത്തെ ഏഴാമത്തെ താറാവിനമായാണ് കുട്ടനാടൻ താറാവുകളെ അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചതെന്ന് കേരള വെറ്ററിനറി സർവകലാശാലയിലെ അസിസ്റ്റന്റ് പ്രഫസറും മേധാവിയുമായ ഡോ. എസ്. ഹരികൃഷ്ണൻ പറഞ്ഞു. കുട്ടനാടൻ താറാവിനൊപ്പം രാജ്യത്തെ മറ്റ് നാല് താറാവിനങ്ങൾക്കു കൂടി അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഝാർഖണ്ഡിൽ നിന്നുള്ള കോഡോ, ഒഡീഷയിൽ നിന്നുള്ള കുടു, മണിപ്പൂരിന്റെ മണിപ്പൂരി, അസാമിൽ നിന്നുള്ള നാഗി എന്നിവയാണവ. വർഷം 90 മുട്ടകൾ മാത്രമാണ് കോഡോയുടെ ഉല്പാദനക്ഷമത.

മണിപ്പൂരിക്ക് 130, കുടുവിന് 149 നാഗിക്ക് 180 മുട്ടകൾ എന്നിങ്ങനെ ഉല്പാദനക്ഷമതയുണ്ട്. ഈ അഞ്ചു താറാവിനങ്ങളിൽ ഏറ്റവും ഉയർന്ന ഉല്പാദനംകൊണ്ട് താരമാകുന്നതും വർഷത്തിൽ ഇരുനൂറിൽപ്പരം മുട്ടകളിടുന്ന കുട്ടനാടൻ താറാവുകൾ തന്നെ. പാറ്റി, മൈഥിലി ആന്തമാനീ, ത്രിപുരേശ്വരി എന്നിങ്ങനെ നാല് അംഗീകൃത താറാവിനങ്ങളാണ് ഇന്ത്യയിൽ ഇതിനു മുമ്പുണ്ടായിരുന്നത്.

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലാണ് പ്രധാനമായും കുട്ടനാടൻ താറാവുകളെ പരിപാലിച്ചുപോരുന്നത്. പതിനെട്ടു ലക്ഷത്തോളം താറാവുകൾ കേരളത്തിലുണ്ടെന്നാണ് കണക്ക്. തവിട്ട് നിറത്തിൽ കറുപ്പുനിറം കൂടുതലുള്ള ചാര, ഇളം തവിട്ടുനിറത്തിലുള്ള ചെമ്പല്ലി എന്നിങ്ങനെ രണ്ട് ഉപ ഇനങ്ങളാണ് കുട്ടനാടൻ താറാവുകളിലുള്ളത്.

ശരാശരി 1.6 കിലോ മുതൽ രണ്ടു കിലോ വരെ തൂക്കംവരുന്ന കുട്ടനാടൻ താറാവുകൾ ഇന്ത്യയിലെ തന്നെ ഏറ്റവും കൂടുതൽ ഉല്പാദനക്ഷമതയുള്ള നാടൻ താറാവിനമാണ്. വർഷത്തിൽ ഇരുനൂറിൽപ്പരം മുട്ടകളിടുന്ന ഇവ ഇറച്ചിക്കും മുട്ടക്കും ഒരുപോലെ പ്രസിദ്ധമാണ്. മുട്ടകൾ വലിപ്പമേറിയതും ശരാശരി 70 ഗ്രാം ഭാരമുള്ളവയുമാണ്.

## ഡിട്രോയിറ്റ് കേരള ക്ലബിന് നവസാരഥികൾ

**അലൻ ചെന്നിത്തല**

മിഷിഗൺ: പ്രവർത്തന പന്ഥാവിൽ അരനൂറ്റാണ്ട് പിന്നിട്ട ഡിട്രോയിറ്റ് കേരള ക്ലബിന്റെ 2026-ലെ ഭാരവാഹികളായി സുജിത് നായർ (പ്രസിഡണ്ട്), പ്രീതി പ്രേംകുമാർ (സെക്രട്ടറി), ഷിബു ദേവപാലൻ (ട്രഷറർ), സ്വപ്ന ഗോപാലകൃഷ്ണൻ (വൈസ് പ്രസിഡണ്ട്), ഡെന്നി പൂവത്തിങ്കൽ (ജോയിന്റ് സെക്രട്ടറി), ജയ്കിഷൻ ജയചന്ദ്രൻ (ജോയിന്റ് ട്രഷറർ) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. കേരള ക്ലബ് ബോർഡ് ഓഫ് ട്രസ്റ്റീസ് ഭാരവാഹികൾ-ചെയർമാൻ അരുൺ ദാസ്, സെക്രട്ടറി-ധന്യ മേനോൻ, വൈസ് ചെയർമാൻ-അജയ് അലക്സ്, എക്സ് ഒഫീഷ്യോ-ജോളി ദാനിയേൽ എന്നിവരാണ്. അറുപതോളം അംഗങ്ങളെ ഉൾപ്പെടുത്തി വിപുലമായ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചു.




1975-ൽ സ്ഥാപിതമായ കേരള ക്ലബ് മിഷിഗണിലെ ആദ്യ ഇന്ത്യൻ കലാ-സാംസ്കാരിക സംഘടനയാണ്. കേരളത്തിന്റെ തനതായ സാംസ്കാരിക മൂല്യങ്ങളും പാരമ്പര്യവും സമൂഹത്തിനു പകർന്നുകൊടുത്തുകൊണ്ട് അഞ്ചു പതിറ്റാണ്ട് പിന്നിട്ട ഈ പ്രസ്ഥാനം വിപുലമായി ജൂബിലി ആഘോഷിച്ചു. കേരള ക്ലബിന്റെ പതിവ് പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹിക പ്രതിബദ്ധതയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളും പിക്നിക്, സ്പോർട്സ് ഫെസ്റ്റ്, ഓണം, ക്രിസ്മസ് ആഘോഷങ്ങൾ തുടങ്ങി നിരവധി പരിപാടികൾ നടത്തപ്പെടും. കേരള ക്ലബിന്റെ പുതിയ വർഷത്തെ ആഘോഷങ്ങൾക്കും പ്രവർത്തനങ്ങൾക്കും ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു.

# ഹൂസ്റ്റണിൽ ഫാമിലി ബോണ്ടിങ് വാർഷിക ഉദ്ഘാടനം

ഹൂസ്റ്റൺ: 2026 ഫാമിലി ബോണ്ടിങ് വർഷമായി ആചരിക്കുന്ന സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ കുടുംബ നവീകരണവർഷം ഉദ്ഘാടനം ചെയ്തു. ഇടവകയിലെ കുടുംബങ്ങളുടെ ആത്മീയ ഉന്നമനം, കുടുംബകൂട്ടായ്മ, കുടുംബ ദാമ്പത്യ ബന്ധങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നല്കുന്നത്.

ഇടവകയുടെ ക്രിസ്മസ് ആഘോഷങ്ങൾ ഡിസംബർ 24-ന് വൈകുന്നേ

**ബിബി തെക്കനാട്ട്**

രം അതിഗംഭീരമായി ആഘോഷിച്ചു. യുവജനങ്ങൾക്കും കുട്ടികൾക്കുമായി ഇംഗ്ലീഷിലും പൊതുവായി മലയാളത്തിലും വിജിൽ മാസ്സുകൾ നടത്തപ്പെട്ടു. വിശുദ്ധമായ തീ കായൽ ചടങ്ങുകൾക്ക് ആബാലവൃദ്ധം ഇടവകാംഗങ്ങളും പങ്കെടുത്തു.

തുടർന്ന് കേക്ക് മുറിച്ച് പങ്കുവെച്ചുകൊണ്ട് എല്ലാവരും സന്തോഷത്തോടെ ക്രിസ്മസ് ആശംസകൾ നേർന്നു. ഇമ്പമേറിയ ഗാനങ്ങളാലപിച്ച ഗായകസംഘവും അൾത്താര ശുശ്രൂഷികളും ചടങ്ങുകളിൽ സജീവസാന്നിദ്ധ്യമായിരുന്നു.

ഫാ. അബ്രാഹം മുത്തോലത്ത്, ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ ചടങ്ങുകൾ നയിക്കുകയും വചനസന്ദേശം നല്കുകയും ചെയ്തു. ക്രിസ്മസ് രാവിൽ നടന്ന ചടങ്ങിൽ ഈ ഇടവകയിൽനിന്നും 2025-ൽ വിവാഹിതരായ യുവജന ദമ്പതികളെ പ്രത്യേകം ആദരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

ബോണ്ടിങ് ഫാമിലീസ് കമ്മിറ്റി അംഗങ്ങൾ, കൈക്കാരന്മാർ, ഇടവക എക്സിക്യൂട്ടീവ് എന്നിവരുടെ ആഭിമുഖ്യത്തിൽ ഇടവക വികാരി ഫാ. അബ്രാഹം മുത്തോലത്ത്, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ ചേർന്ന് ബോണ്ടിങ് ഫാമിലി വർഷം നിലവിളക്കു കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു.

അടുത്ത ഒരു വർഷത്തേക്ക് വിവിധങ്ങളായ പ്രോഗ്രാമുകളാണ് ക്രമീകരിച്ചിരിക്കുന്നത്. ധ്യാനങ്ങൾ, സെമിനാറുകൾ, ഷിപ് ക്രൂയിസ്, വിശുദ്ധ നാട് സന്ദർശനം, ടൂറുകൾ, ഫാമിലി കോൺഫറൻസുകൾ തുടങ്ങി വളരെ വ്യത്യസ്തമായ പരിപാടികളാണ് ഒരുക്കിയിരിക്കുന്നത്. 2026-ലെ ഇടവകയുടെ പ്രധാന തിരുനാൾ ഇടവകയിലെ എല്ലാ ദമ്പതികളും ചേർന്ന് പ്രസുദേന്തിമാരായാണ് നടത്തുന്നത്.

ഇടവകയുടെ ഈ പ്രവർത്തനങ്ങളിൽ പങ്കുചേർന്ന് ആത്മീയവിശുദ്ധിയും കുടുംബ അഭിവൃദ്ധിയും പ്രാപിക്കുവാൻ ഏവരെയും പരിശുദ്ധ അമ്മ അനുഗ്രഹിക്കട്ടെ എന്ന് ഫാ. അബ്രാഹം മുത്തോലത്ത്, ഫാ. ഷാജി വലിയവീട്ടിൽ എന്നിവർ ആശംസിച്ചു. എല്ലാ ക്രമീകരണങ്ങൾക്കും കൈക്കാരന്മാരായ ജായിച്ചൻ തയ്യിൽപുത്തൻപുരയിൽ, ഷാജുമോൻ മുകളേൽ, ബാബു പറയംകാലായിൽ, ജോപ്പൻ പൂവപ്പാടത്ത്, ജെയിംസ് ഇടുക്കുതറയിൽ, ജോസ് പുളിക്കത്തൊട്ടിയിൽ, ബിബി തെക്കനാട്ട്, സിസ്റ്റർ റെജി എസ്ജെസി, പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങൾ, പാരിഷ് കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ ഉണ്ടായിരുന്നു.












# ഫോമാ മെഡിക്കൽ ക്യാമ്പിൽ ബഹുജന പങ്കാളിത്തം






**എ.എസ്. ശ്രീകുമാർ**

കോട്ടയം: അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ഫെഡറേഷനായ ഫോമായുടെ കേരളാ കൺവൻഷനു മുന്നോടിയായി പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയുമായി സഹകരിച്ച് നടത്തിയ മെഡിക്കൽ ക്യാമ്പിൽ നിരവധി പേർ പങ്കെടുക്കുകയും തുടർചികിത്സ ഉറപ്പാക്കുകയും ചെയ്തു. രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ചങ്ങനാശേരി കുറിച്ചി സെന്റ് മേരീസ് ആൻഡ് സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി ഓഡിറ്റോറിയത്തിൽ നടന്ന മെഡിക്കൽ ക്യാമ്പ് ചങ്ങനാശേരി എംഎൽഎ ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്തു. ഫോമാ വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ് സ്വാഗതമാശംസിച്ചു.

ഈ മെഡിക്കൽ ക്യാമ്പോടെ ഫോമായുടെ പുതുവർഷത്തിലെ കേരളാ കൺവൻഷൻ പ്രോഗ്രാമുകൾക്ക് ഔദ്യോഗികമായ തുടക്കം കുറിച്ചുവെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ഫോമാ പ്രസിഡണ്ട് ബേബി മണിക്കുന്നേൽ പറഞ്ഞു. മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവർക്ക് വിതരണം ചെയ്ത കൂപ്പൺ ഉപയോഗിച്ച് പരുമല ആശുപത്രിയിൽ സൗജന്യ കൺസൾട്ടേഷനും ഓപ്പറേഷനും മറ്റും നിശ്ചിത ശതമാനം കുറവ് ലഭിക്കുമെന്നും അദ്ദേഹം അറിയിച്ചു. പിറവത്തു നടക്കുന്ന 'അമ്മയോടൊപ്പം' ചാരിറ്റി പരിപാടിയിലേക്കും കോട്ടയം ആതിഥ്യമരുളുന്ന കേരളാ കൺവൻഷനിലേക്കും ബേബി മണക്കുന്നേൽ ഏവരേയും ക്ഷണിച്ചു.



ഫോമാ കേരളത്തിൽ നടത്തുന്ന ചാരിറ്റി ഉൾപ്പെടെയുള്ള മാതൃകാപരമായ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും ജന്മനാടിനോടുള്ള അവരുടെ പ്രതിബദ്ധതയുടെ അടയാളമാണ് ഈ മെഡിക്കൽ ക്യാമ്പെന്നും ഇവിടെ വിവിധ പരിശോധനകൾക്ക് വിധേയരായവർക്ക് മെച്ചപ്പെട്ട തുടർചികിത്സയും ചെക്കപ്പുമെല്ലാം ലഭിക്കുമെന്നും ജോബ് മൈക്കിൾ പറഞ്ഞു.

ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാണ് ഇത്തരം മെഡിക്കൽ ക്യാമ്പുകളെന്നും ഫോമായുടെ ചിരകാല സുഹൃത്ത് എന്ന നിലയിൽ ഈ ചടങ്ങിൽ സംബന്ധിക്കാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ടെന്ന് മോൻസ് ജോസഫ് എംഎൽഎ വ്യക്തമാക്കി. കേരളാ കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര, ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, വിമൻസ് ഫോറം ട്രഷറർ ജൂലി ബിനോയ് എന്നിവരും പുതുവത്സരാശംസകൾ നേർന്നു സംസാരിച്ചു.

പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോ. ദേവിക, ന്യൂറോളജി ഡിപ്പാർട്ടുമെന്റിലെ ഡോ. നൈജിൽ, കാർഡിയോളജി വിഭാഗത്തിലെ ഡോ. ബ്രൈറ്റ് ജേക്കബ് തുടങ്ങിയവരുടെ നേതൃത്വത്തിൽ പാരാമെഡിക്കൽ സ്റ്റാഫുകളടങ്ങിയ ടീം വിവിധ പരിശോധനകൾ നടത്തി.

ക്യാമ്പിൽ നിന്ന് റഫർ ചെയ്ത രോഗികൾക്ക് പരുമല ആശുപത്രിയിൽ പ്രത്യേക സേവനം ലഭിക്കും. സൗജന്യ കൺസൾട്ടേഷൻ, സർജറിക്ക് പത്ത് ശതമാനം ഡിസ്കൗണ്ട്, റേഡിയോളജിക്ക് 20 ശതമാനം ഡിസ്കൗണ്ട്, ഗ്യാസ്ട്രോ പ്രൊസീജിയേഴ്സിന് 20 ശതമാനം ഡിസ്കൗണ്ട്, ആൻജിയോപ്ലാസ്റ്റിക്ക് 10,000 രൂപ ഇളവ്, ഹാർട്ട് ഓപ്പറേഷന് 20,000 രൂപ വരെ ഇളവ്, തിമിര ശസ്ത്രക്രിയയ്ക്ക് 20 ശതമാനം വരെ ഇളവ്, കണ്ണടകൾക്ക് 15 ശതമാനം വരെ ഇളവ് തുടങ്ങിയവ ലഭിക്കും.

മെഡിക്കൽ ക്യാമ്പിൽ വിവിധ പ്രായത്തിലുള്ളവർ പങ്കെടുത്തു. ഉദ്ഘാടന സമ്മേളനത്തിൽ കുറിച്ചി സെന്റ് മേരീസ് ആൻഡ് സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി വികാരി റവ. ഫാ. മാത്യു പി. കുര്യൻ, ജില്ലാ പഞ്ചായത്ത് കുറിച്ചി ഡിവിഷൻ അംഗം സുമ എബി, കുമരകം ഡിവിഷൻ മെംബർ ടി.കെ. വൈശാഖ്, ബ്ലോക്ക് പഞ്ചായത്ത് അംഗം മനോജ് കുര്യാക്കോസ്, കുറിച്ചി ഗ്രാമപഞ്ചായത്ത് അംഗങ്ങളായ അരുൺ ബാബു, റ്റിബി തോമസ് എന്നിവർ ആശംസകളറിയിച്ചു.

## ഇൻഡോർ മലിനജല ദുരന്തം: മരിച്ചവരിൽ പിഞ്ചുകുഞ്ഞും

ഇൻഡോർ: തുടർച്ചയായി എട്ടു തവണ ശുചിത്വനഗരമെന്ന പുരസ്കാരം നേടിയ മധ്യപ്രദേശിലെ ഇൻഡോറിൽ നഗരസഭ പൈപ്പ്‌വഴി വിതരണം ചെയ്ത മലിനജലം കുടിച്ച് രോഗബാധിതരായി മരിച്ചവരുടെ എണ്ണം 15 ആയി. മലിനജല ദുരന്തത്തിൽ മരിച്ചവരിൽ 10 വർഷത്തെ കാത്തിരിപ്പിനു ശേഷം ജനിച്ച 6 മാസം പ്രായമുള്ള പിഞ്ചുകുഞ്ഞും. ഭഗീരഥപുര പ്രദേശത്തെ മറാത്തി മൊഹല്ലയിലെ അവ്യാൻ സാഹുവാണ് പാൽപ്പൊടി നേർപ്പിക്കാൻ ഉപയോഗിച്ച ജലം മോശമായതിനാൽ ഛർദിയും വയറിളക്കവും ബാധിച്ചു ഡിസംബർ 29-ന് മരിച്ചത്. മരിച്ചവരുടെ ബന്ധുക്കൾക്കു മുഖ്യമന്ത്രി പ്രഖ്യാപിച്ച രണ്ടു ലക്ഷം രൂപ സഹായം അവ്യാന്റെ കുടുംബം നിരസിച്ചു. ഭഗീരഥപുരയിൽ ശുചിമുറി മാലിന്യം കലർന്ന ജലം ശുദ്ധജലവിതരണപൈപ്പിലൂടെ എത്തിയത് കുടിതച്ചി ഛർദിയും വയറിളക്കവും ബധിച്ച് ആയിരത്തഞ്ഞൂറോളം പേർ ആശുപത്രിയിലാകുകയും 15 പേർ മരിക്കുകയും ചെയ്തിരുന്നു. 4 പേർ മരിച്ചെന്നാണ് ഔദ്യോഗിക കണക്ക്. ഇതേസമയം, മലിനജലം വിതരണം ചെയ്ത നഗരസഭാ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിക്ക് മുഖ്യമന്ത്രി മോഹൻ യാദവ് നിർദേശം നൽകി. ഇൻഡോർ മുൻസിപ്പൽ കമ്മീഷണർക്കും അഡീഷണൽ കമ്മീഷണർക്കും കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ജലവിതരണ ചുമതലയുണ്ടായിരുന്ന അസി. എൻജിനീയറെയും സസ്പെൻഡ് ചെയ്തു. വിതരണം ചെയ്ത ജലത്തിൽ അപകടകാരികളായ ബാക്ടീരിയയെ കണ്ടെത്തിയിരുന്നു. ഭഗീരഥപുരയിലെ പോലീസ് ഔട്ട് പോസ്റ്റിനു സമീപമുള്ള ശുചിമുറി പുനർനിർമിക്കുന്നതിനിടെ പൈപ്പ് പൊട്ടിയാണ് മലിനജലം ശുദ്ധജല പൈപ്പിലൂടെ എത്തിയതെന്ന് കണ്ടെത്തിയിട്ടുണ്ട്.

## ഏലിക്കുട്ടി ഫ്രാൻസിസ് അന്തരിച്ചു



ഡാളസ്: ടെക്സസിലെ പ്രമുഖ സാംസ്കാരിക പ്രവർത്തകയും നോർത്ത് ടെക്സസ് ഇന്തോ-അമേരിക്കൻ നേഴ്സസ് അസോസിയേഷൻ സ്ഥാപക നേതാവും ജീവകാരുണ്യ പ്രവർത്തകയുമായ ഏലിക്കുട്ടി ഫ്രാൻസിസ് അന്തരിച്ചു.

നാല് ദശകത്തിലേറെ ഡാളസ് കൗണ്ടി പാർക്ക് ലാന്റ് ഹോസ്പിറ്റലിൽ നേഴ്സിങ് സൂപ്രവൈസറായി പ്രവർത്തിച്ച ശ്രീമതി ഏലിക്കുട്ടി ഡാളസിലെ മലയാളികളുടെ സാംസ്കാരിക, സാമൂഹിക, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വമേകിയിട്ടുണ്ട്. അന്തരിച്ച സിനിമാ പ്രവർത്തകനും എഴുത്തുകാരനും സിനിമ നിർമ്മാതാവുമായ സി.എൽ. ഫ്രാൻസിസാണ് ഭർത്താവ്. അന്തരിച്ച പ്രശസ്ത നടൻ ജയൻ ആദ്യമായി അഭിനയിച്ച ശാപമോക്ഷം എന്ന മലയാള ചലച്ചിത്രം നിർമ്മിച്ചത് സി.എൽ. ഫ്രാൻസിസാണ്.

ഡാളസ് മലയാളി അസോസിയേഷൻ വൈസ് പ്രസിഡണ്ടായി പ്രവർത്തിച്ചിട്ടുള്ള ഏലിക്കുട്ടി ഫ്രാൻസിസ് ഡാളസ് സെന്റ് തോമസ് അപ്പസ്തോലിക് കാത്തലിക് ദേവാലയ സ്ഥാപകാംഗമാണ്. കൊപ്പേൽ സെ. അൽഫോൻസാ കാത്തലിക് ദേവാലയത്തിൽ വെള്ളിയാഴ്ച (1-9-2026) വൈകിട്ട് 5 മണി മുതൽ വേക്ക് സർവീസും ശനിയാഴ്ച ഉച്ചകഴിഞ്ഞ് ഒരു മണിക്ക് ഗാർലന്റ് സെന്റ് തോമസ് അപ്പസ്തോലിക് ചർച്ചിൽ അന്ത്യകർമ്മങ്ങളും നടക്കും. തുടർന്ന് ഗാർലന്റ് സേക്രഡ് ഹാർട്ട് സെമിത്തേരിയിൽ സംസ്കാരച്ചടങ്ങുകൾ പൂർത്തിയാകും. കൂടുതൽ വിവരങ്ങൾക്ക്: റോമിയോ ഫ്രാൻസിസ് 972 897 8063, ബോബി ഫ്രാൻസിസ് 214 535 4746.

**വാർത്ത: ബിനോയി സെബാസ്റ്റ്യൻ**

# പാക് വ്യാജപ്രചാരണം പൊളിഞ്ഞു

ന്യൂഡൽഹി: ഇന്ത്യൻ വ്യോമതാവളങ്ങളിൽ നാശംവിതച്ചതായി പാക് അനുകൂല സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിച്ച ഫോട്ടോകളും അവകാശവാദങ്ങളും പൂർണമായും വ്യാജമായി. തെറ്റിദ്ധരിപ്പിക്കുന്ന ചിത്രങ്ങളോടെയാണ് പുതുവത്സര ദിനത്തിലും പാക്കിസ്ഥാൻ അസത്യ പ്രചാരണം നടത്തിയതെന്ന് കേന്ദ്രസർക്കാർ വൃത്തങ്ങൾ വ്യക്തമാക്കി. പഞ്ചാബിലെ അമൃത്സർ വ്യോമതാവളത്തിലും ബിയാസിലെ ബ്രഹ്മോസ് കേന്ദ്രത്തിലും കഴിഞ്ഞവർഷത്തെ ഓപ്പറേഷൻ സിന്ദൂറിനിടെ നടന്ന ആക്രമണങ്ങൾക്കു മുമ്പും ശേഷവുമുള്ള ചിത്രങ്ങളെന്ന പേരിലാണ് നിരവധി പാക്കിസ്ഥാൻ അനുകൂല സമൂഹമാധ്യമ അക്കൗണ്ടുകൾ പങ്കിട്ടത്. പാക്കിസ്ഥാന്റെ അവകാശവാദം തീർത്തും തെറ്റാണെന്ന് വ്യാപകമായി ലഭ്യമായ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ സ്വതന്ത്രവിദഗ്ധർ ചൂണ്ടിക്കാട്ടി. പാക്കിസ്ഥാന്റെ വ്യോമാക്രമണത്തിൽ തകർന്നതായി പറയപ്പെടുന്ന അമൃത്സറിലെ വ്യോമകേന്ദ്രത്തിലും ബിയാസിലെ ബ്രഹ്മോസ് കേന്ദ്രത്തിലും കേടുപാടുകളില്ലെന്നും പതിവ് അറ്റകുറ്റപ്പണികൾ മാത്രമേയുള്ളുവെന്നും തെളിയിച്ചാണ് പാക് അവകാശവാദങ്ങൾ വിദഗ്ദ്ധർ പൊളിച്ചത്. പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന് കഴിഞ്ഞവർഷം മേയിൽ ഇന്ത്യ നടത്തിയ ഓപ്പറേഷൻ സിന്ദൂറിൽ പാകിസ്ഥാനിലെ ഒമ്പത് ഭീകരക്യാമ്പുകളും 11 സുപ്രധാന സൈനിക- വ്യോമതാവളങ്ങളും ആക്രമിച്ചത് പാകിസ്ഥാനു ഭീഷണിയായിരുന്നു.

ഇന്ത്യൻ ആക്രമണങ്ങളിൽ തകർന്ന പാക് വ്യോമതാവളങ്ങളുടെയും ഭീകരകേന്ദ്രങ്ങളുടെയും മുമ്പും ശേഷവുമുള്ള ഫോട്ടോകൾ അന്താരാഷ്ട്ര മാധ്യമങ്ങളിലും ഇന്ത്യയിലും പ്രസിദ്ധീകരിച്ചിരുന്നു. ഇതിനു ബദലായി പാകിസ്ഥാൻ നടത്തിയ വ്യാജപ്രചാരണങ്ങളുടെ തുടർച്ചയാണ് പുതുവർഷദിനത്തിലും തുടർന്നത്. ഓപ്പറേഷൻ സിന്ദൂറിന്റെ ആഘാതം പാകിസ്ഥാൻ സർക്കാർ ആദ്യമായി അംഗീകരിച്ചതിനു ശേഷമാണ് പുതിയ വ്യാജ പ്രചാരണം. നൂർ ഖാൻ വ്യോമത്താവളത്തിലെ പ്രധാന സൈനിക കേന്ദ്രങ്ങൾക്ക് ഇന്ത്യൻ ഡ്രോണുകൾ കേടുപാടുകൾ വരുത്തിയതായി പാക് ഉപ പ്രധാനമന്ത്രി ഇഷാഖ് ദാർ പരസ്യമായി സമ്മതിച്ചിരുന്നു.

പാകിസ്ഥാന്റെ ഇടത്തരം ഫത്താ മിസൈലുകൾ നടത്തിയ ആക്രമണത്തിൽ അമൃത് സർ വ്യോമസേനാ സ്റ്റേഷനിലെയും ബിയാസ് മേഖലയിലെ ബ്രഹ്മോസ് മിസൈൽ സംഭരണകേന്ദ്രത്തിലെയും ഹംഗറുകൾ നശിപ്പിച്ചതായാണ് പാക് അനുകൂല സമൂഹ മാധ്യമ അക്കൗണ്ടുകൾ അവകാശപ്പെട്ടത്.

ഓപ്പറേഷൻ സിന്ദൂറിൽ ഏറ്റ തിരിച്ചടികൾ പുതുവർഷത്തിലും പാകിസ്ഥാനികൾ നിരാശരാണെന്നു തെളിയിക്കുന്നതാണ് പുതിയ വ്യാജ പ്രചാരണമെന്ന് ഇന്റലിജൻസ് വിദഗ്ധർ അഭിപ്രായപ്പെട്ടു. സ്ഫോടനത്തിന്റെ അടയാളങ്ങളൊന്നും പാകിസ്ഥാൻ പ്രചരിപ്പിച്ചതിൽ ദൃശ്യമല്ല. ഇന്ത്യൻ വ്യോമകേന്ദ്രത്തിന്റെ നിർമാണത്തിനു മുമ്പുള്ള ചിത്രങ്ങളാണ് ഇപ്പോൾ നാശമായി കാണിക്കുന്നതെന്നും അദ്ദേഹം വിശദീകരിച്ചു. പഹൽഗാം ഭീകരാക്രമണത്തിനു പ്രതികരണമായി ഇന്ത്യ നടത്തിയ ആക്രമണത്തിന്റെ ക്ഷീണത്തിൽ പിടിച്ചുനിൽക്കാനുള്ള കച്ചിത്തുരുമ്പായാണ് പാകിസ്ഥാന്റെ വിഫല ശ്രമങ്ങളെ കാണേണ്ടതെന്ന് പ്രതിരോധ വിദഗ്ധനായ യൂസഫ് ഉൻഝവാല പറഞ്ഞു.

## സമ്പദ്‌വ്യവസ്ഥയിൽ ഇന്ത്യ നാലാമത്

ന്യൂഡൽഹി: ജപ്പാനെ മറികടന്ന് ഇന്ത്യ ലോകത്തെ ഏറ്റവും വലിയ നാലാമത്തെ സമ്പദ്‌വ്യവസ്ഥയായി മാറിയതായി കേന്ദ്ര സർക്കാർ അറിയിച്ചു.

ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉൽപാദനം (ജിഡിപി) ഇപ്പോൾ 4.18 ലക്ഷം കോടി ഡോളറാണ് (ഏകദേശം 368 ലക്ഷം കോടി രൂപ).

മൂന്നു വർഷത്തിനകം ഇന്ത്യ ജർമനിയെയും പിന്തള്ളുമെന്നാണു കണക്കുകൂട്ടൽ.

2030 ആകുമ്പോഴേക്കും ജിഡിപി 7.3 ലക്ഷം കോടി ഡോളറാകുമെന്നും പ്രതീക്ഷിക്കുന്നു. യുഎസ് ആണ് ലോകത്ത് ഒന്നാമത്; രണ്ടാം സ്ഥാനത്ത് ചൈന.

ലോകത്തെ പ്രമുഖ രാജ്യങ്ങളിൽ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥ ഇന്ത്യയുടെതാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 90.26 |
| യൂറോ | 105.49 |
| സ്റ്റെർലിംഗ്പൗണ്ട് | 121.48 |
| സ്വിസ് ഫ്രാങ്ക് | 113.53 |
| സിംഗപ്പൂർ ഡോളർ | 70.13 |
| കനേഡിയൻ ഡോളർ | 65.57 |
| ഒമാൻ റിയാൽ | 234.74 |
| ബഹ്റൈൻ ദിനാർ | 239.43 |
| സൗദി റിയാൽ | 24.06 |
| യു.എ.ഇ. ദിർഹം | 24.58 |
| കുവൈത്ത് ദിനാർ | 293.71 |

# റിപ്പബ്ലിക് പരേഡിൽ നിശബ്ദ പോരാളികളും

ന്യൂഡൽഹി: ഈ വർഷത്തെ റിപ്പബ്ലിക്ദിന പരേഡിൽ ഇന്ത്യൻ സേനയുടെ ഭാഗമായി അതിർത്തി സംരക്ഷിക്കുന്ന മൃഗസംഘത്തെയും അവതരിപ്പിക്കും. കരസേനയുടെ റീമൗണ്ട് ആൻഡ് വെറ്ററിനറി കോർപ്സിന്റെ (ആർവിസി) ഭാഗമായ മൃഗങ്ങളാണ് കർത്തവ്യപഥിൽ ഇത്തവണ റിപ്പബ്ലിക് ദിനത്തിൽ അണിനിരക്കുക. ലഡാക്കിൽ അതിർത്തി കാക്കുന്ന സൈന്യത്തിന്റെ ഭാഗമായ ബാക്ട്രിയൻ ഒട്ടകങ്ങൾ, മലയിടുക്കുകളിൽ സൈന്യത്തിന്റെ സഹായികളായ സാനിസ്കാരി കുതിരകൾ, പരുന്തുകൾ, ഇന്ത്യൻ ഇനത്തിൽപ്പെട്ട പത്ത് നായ്ക്കൾ എന്നിവയായിരിക്കും പരേഡിന്റെ ഭാഗമാകുക. ലഡാക്കിലെ തണുത്ത മരുഭൂമിയിൽ സൈന്യത്തിന്റെ സഹായികളായി ബാക്ട്രിയൻ ഒട്ടകങ്ങൾ അടുത്തിടെയാണ് സേനയുടെ ഭാഗമായത്. അതിശൈത്യം നിറഞ്ഞ കാലാവസ്ഥയിലും 15000 അടി ഉയരത്തിലും 250 കിലോഗ്രാം വരെ ഭാരം വഹിക്കാൻ കഴിയുന്ന ഒട്ടകയിനത്തിൽപ്പെട്ടവയാണിത്. ദീർഘദൂര സഞ്ചാരത്തിന് കുറഞ്ഞ അളവിലുള്ള വെള്ളവും ഭക്ഷണവും മതി ഇവയ്ക്ക്. മലമുകളിൽ പട്രോളിംഗ് നടത്തുന്നതിനും സൈന്യത്തിന് ലോജിസ്റ്റിക്സ് പിന്തുണ നൽകുന്നതിനും ബാക്ട്രിയൻ ഒട്ടകങ്ങൾ വലിയ പങ്ക് വഹിക്കുന്നു. സാധാരണ കുതിരകളെ അപേക്ഷിച്ച് വലിപ്പക്കുറവുള്ള ഇന്ത്യൻ ഇനമാണ് സാനിസ്കാരി കുതിരകൾ. മൈനസ് 40 ഡിഗ്രി സെൽഷ്യസ് താപനിലയിൽ 40 മുതൽ 60 കിലോവരെ ഭാരം വഹിക്കാൻ ഇവയ്ക്കു സാധിക്കും. 2020-ലാണ് ഈ കുതിരകൾ സൈന്യത്തിന്റെ ഭാഗമാകുന്നത്. സിയാച്ചിൻ മലനിരകൾ ഉൾപ്പെടെയുള്ള കഠിനമായ ഭൂപ്രദേശങ്ങളിൽ സേനയ്ക്കൊപ്പം അതിർത്തിസംരക്ഷണ ദൗത്യത്തിന്റെ ഭാഗമാണിവർ.



റിപ്പബ്ലിക് ദിന പരേഡിൽ അണിനിരക്കുന്ന ഇന്ത്യൻ സേനയുടെ റീമൗണ്ട് ആൻഡ് വെറ്ററിനറി കോർ.

ഒറ്റത്തവണ 70 കി.മീ. വരെ സഞ്ചരിക്കാൻ കഴിയുന്ന ഇക്കൂട്ടർ കുന്നിൻപ്രദേശത്തെ പട്രോളിംഗ് അടക്കമുള്ള ദൗത്യങ്ങൾക്ക് സൈന്യത്തിനു പിന്തുണ നൽകുന്നുണ്ട്. ശത്രുരാജ്യത്തിന്റെ പക്ഷിആക്രമണത്തിൽനിന്നും അതിർത്തികൾ സംരക്ഷിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമാണ് റാപ്റ്ററുകൾ എന്നറിയപ്പെടുന്ന പരുന്തുകൾ സേനയുടെ ഭാഗമാകുന്നത്. ഇവയും റിപ്പബ്ലിക് ദിന പരേഡിന്റെ ശ്രദ്ധാകേന്ദ്രമാകും. ഇതോടൊപ്പം തദ്ദേശീയ ഇനത്തിൽപ്പെട്ട സൈനിക പരിശീലനം നേടിയ പത്തോളം നായ്ക്കളാണ് റിപ്പബ്ലിക് ദിനത്തിൽ പരേഡിൽ എത്തുന്നത്.



# ശബരിമല സ്വർണക്കൊള്ള: അന്വേഷണത്തിന് കൂടുതൽ സമയം അനുവദിച്ച് ഹൈക്കോടതി

ന്യൂഡൽഹി: ശബരിമലയിൽ നടന്നതു വലിയ ക്രമക്കേടാണെന്നും ദൈവത്തെപോലും വെറുതെവിടില്ലേയെന്നും സുപ്രീം കോടതി. ശബരിമല സ്വർണക്കടത്തു കേസിൽ തനിക്കെതിരെ ഹൈക്കോടതിയിൽ നിന്നുണ്ടായ പരാമർശം നീക്കണമെന്ന് ആവശ്യപ്പെട്ട് ദേവസ്വം ബോർഡ് മുൻ അംഗം കെ.പി. ശങ്കർദാസ് നൽകിയ ഹർജി തള്ളിക്കൊണ്ടാണ് കോടതിയുടെ പരാമർശം. ഹൈക്കോടതി ഉത്തരവിൽ തനിക്കെതിരെ നടത്തിയ പരാമർശങ്ങൾ നീക്കണമെന്നായിരുന്നു ശങ്കർദാസ് ഉന്നയിച്ച ആവശ്യം.

പ്രായത്തിന്റെ കാര്യത്തിൽ മാത്രമാണ് നിങ്ങളോട് അനുഭാവമുള്ളത്. മെറിറ്റും പരിഗണിക്കും. അതിനു ജാമ്യാപേക്ഷയുമായി ബന്ധപ്പെട്ട കോടതിയെ സമീപിക്കാമെന്നു വ്യക്തമാക്കിയാണ് ബെഞ്ച് ഹർജി തള്ളിയത്. സ്വർണക്കൊള്ള നടന്ന കാലത്തെ ദേവസ്വം ബോർഡ് പ്രസിഡണ്ടിനെ മാത്രം അറസ്റ്റ് ചെയ്യുകയും ശങ്കർദാസ് ഉൾപ്പെടെയുള്ളവരെ അറസ്റ്റ് ചെയ്യാത്തതുമാണ് ഹൈക്കോടതി ഉത്തരവിൽ പരാമർശിച്ചിരുന്നത്.

ശബരിമല സ്വർണക്കൊള്ളയിൽ അന്വേഷണത്തിനു കൂടുതൽ സമയം ഹൈക്കോടതി അനുവദിച്ചു. ആറാഴ്ച കൂടിയാണ് സമയം അനുവദിച്ചത്. വിഷയം ഈ മാസം 19-ന് വീണ്ടും പരിഗണിക്കും. അന്ന് എസ്ഐടി ഇടക്കാല റിപ്പോർട്ട് സമർപ്പിക്കും. അന്വേഷണത്തിൽ ഹൈക്കോടതി തൃപ്തി അറിയിച്ചു. ആവശ്യമെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥരെ ടീമിൽ ഉൾപ്പെടുത്താനും എസ്പിക്ക് അനുവാദം നൽകി.

ഡിസംബർ മൂന്നിനു കേസ് പരിഗണിച്ച കോടതി സിപിഎം നേതാവ് പത്മകുമാറിന്റെ അറസ്റ്റിനു ശേഷമുള്ള മെല്ലെപ്പോക്കിനെ വിമർശിച്ചിരുന്നു. വൻ തോക്കുകളിലേക്ക് അന്വേഷണം പോകാത്തത് എന്തുകൊണ്ടാണെന്ന ചോദ്യവും ഉയർത്തിയിരുന്നു. ഇക്കാര്യത്തിൽ അന്വേഷണസംഘം സ്വീകരിച്ച നടപടികൾ പുതിയ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചെന്നൈ വ്യാപാരി ഡി. മണിയെ ചോദ്യം ചെയ്ത് ലഭിച്ച വിവരങ്ങളും കോടതിക്ക് കൈമാറി. മുൻ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രനെയും മുൻ ദേവസ്വം ബോർഡ് പ്രസിഡണ്ട് എൻ. പ്രശാന്തിനെയും ചോദ്യംചെയ്ത വിവരങ്ങളും കോടതിക്ക് കൈമാറി.

# വിമാനങ്ങളിൽ പവ്വർ ബാങ്ക് ഉപയോഗം നിരോധിച്ചു

ന്യൂഡൽഹി: വിമാനയാത്രയ്ക്കിടെ പവ്വർ ബാങ്കുകൾ ഉപയോഗിച്ച് മൊബൈൽ ഫോണുകളോ ഇലക്ട്രോണിക് ഉപകരണങ്ങളോ ചാർജ് ചെയ്യുന്നത് നിരോധിച്ച് ഡയറക്ടറേറ്റ് ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ). വിമാനങ്ങൾക്കുള്ളിലെ ഇൻ-സീറ്റ് പവ്വർ സപ്ലൈ ഉപയോഗിച്ച് പവ്വർ ബാങ്കുകൾ ചാർജ് ചെയ്യുവാനും സാധിക്കില്ല. ലിഥിയം ബാറ്ററികൾക്ക് തീപിടിക്കാനുള്ള സാധ്യത കണക്കിലെടുത്താണ് തീരുമാനമെന്ന് ഡിജിസിഎ അറിയിച്ചു. ലിഥിയം ബാറ്ററികൾക്ക് തീപിടിച്ചാൽ അണയ്ക്കാൻ പ്രയാസകരമാണ്.

പവ്വർ ബാങ്കുകളും ബാറ്ററികളും കൈയിലെ ബാഗുകളിൽ സൂക്ഷിക്കണം. ഇവ വിമാനത്തിലെ ഓവർഹെഡ് ബിന്നുകളിലോ ചെക്ക്-ഇൻ-ബാഗുകളിലോ വെക്കുന്നത് ഒഴിവാക്കണമെന്നും നിർദേശമുണ്ട്. ഓവർഹെഡ് ബിന്നുകളിൽ വെക്കുന്ന ബാഗുകളിൽ തീപിടിത്തമുണ്ടായാൽ പെട്ടെന്ന് ശ്രദ്ധയിൽപ്പെടാൻ വൈകുന്നത് വലിയ അപകടങ്ങൾക്ക് കാരണമായേക്കാമെന്ന് ഡിജിസിഎ മുന്നറിയിപ്പ് നല്കി.

# പ്രഫ. ജെ. ഫിലിപ്പിന് ഷെവലിയർ പദവി

ചങ്ങനാശേരി: മാനേജ്മെന്റ് വിദ്യാഭ്യാസ രംഗത്തെ ശ്രേഷ്ഠ വ്യക്തിത്വമായ പ്രഫ. ജെ. ഫിലിപ്പിനെ ലെയോ പതിനാലാമൻ മാർപാപ്പ ഷെവലിയർ സ്ഥാനം നല്കി ആദരിച്ചു. ചങ്ങനാശേരി അതിരൂപതയിലെ പുളിങ്കുന്ന് ഫൊറോന പുന്നക്കുന്നത്തുശേരി ഇടവകാംഗമാണ്. ബെംഗ്ളൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് മുൻ ഡയറക്ടർ, ഇന്ത്യൻ മാനേജ്മെന്റ് അസോസിയേഷൻ ദേശീയ സ്ഥാപക പ്രസിഡണ്ട് തുടങ്ങിയ പദവികളിൽ ശ്രദ്ധ നേടിയ വ്യക്തിത്വമാണ് ഇദ്ദേഹം.

സേവ്യർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ് (സൈം), ബെംഗ്ളൂർ, കൊച്ചി, ചെന്നൈ എന്നിവയുടെ സ്ഥാപകനാണ്. ചങ്ങനാശേരി അതിരൂപതയുമായി സഹകരിച്ച് ഏറ്റുമാനൂർ പള്ളിക്കുന്നിൽ സൈം ഇന്റർനാഷണൽ സ്കൂളും ആരംഭിച്ചു.

ക്രൈസ്തവ വിശ്വാസത്തിലും മൂല്യങ്ങളിലും അടിയുറച്ച സമഗ്രമായ വിദ്യാഭ്യാസ ദർശനം രൂപപ്പെടുത്തുന്നതിന് സ്ഥാപനങ്ങളെ സഹായിക്കുകയും തലമുറകൾക്ക് മാർഗ്ഗദർശനം നല്കുകയും ചെയ്ത വ്യക്തിയാണ് ഷെവ. ജെ. ഫിലിപ്പ്. മാനേജ്മെന്റ് വിദ്യാഭ്യാസ രംഗത്തിനു നല്കിയ നിസ്തുല സംഭാവനകൾ പരിഗണിച്ച് നിരവധി



അവാർഡുകൾ നേടിയിട്ടുണ്ട്. ചങ്ങനാശേരി അതിരൂപതയുടെ പരമോന്നത ബഹുമതിയായ അതിരൂപത എക്സലൻസ് അവാർഡിന് 2019-ൽ അർഹനായി.

ഷെവലിയർ പദവി ലഭിച്ച ജെ. ഫിലിപ്പിന് അതിരൂപതയുടെ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നതായി ആർച്ച്ബിഷപ്പ് മാർ തോമസ് തറയിൽ അറിയിച്ചു.

# അരുന്ധതി റോയിക്ക് മലയാറ്റൂർ ഫൗണ്ടേഷന്റെ സമഗ്ര സംഭാവന പുരസ്കാരം



തിരുവനന്തപുരം: പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷനായ മലയാറ്റൂർ ഫൗണ്ടേഷന്റെ പ്രഥമ സമഗ്ര സംഭാവന പുരസ്കാരം പ്രശസ്ത എഴുത്തുകാരിയും ബുക്കർ പ്രൈസ് ജേതാവുമായ അരുന്ധതി റോയിക്ക് നൽകും. 50,000 രൂപയും ബി.ഡി. ദത്തൻ രൂപകൽപന ചെയ്ത ശില്പവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം. തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കുന്നതാണ്.പ്രശസ്ത സാഹിത്യ നിരൂപകൻ ഡോ. വി. രാജകൃഷ്ണൻ ചെയർമാനായ ജൂറിയുടേതാണ് തീരുമാനം. ചിത്രകാരനും എഴുത്തുകാരനുമായ ബി.ഡി. ദത്തൻ, എഴുത്തുകാരനും പരിസ്ഥിതി പ്രവർത്തകനുമായ സി. റഹിം, മലയാറ്റൂർ ഫൗണ്ടേഷൻ സെക്രട്ടറി പി.ആർ. ശ്രീകുമാർ എന്നിവരാണ് മറ്റ് ജൂറി അംഗങ്ങൾ.

# നടൻ കണ്ണൻ പട്ടാമ്പി അന്തരിച്ചു

പാലക്കാട്: നടനും പ്രൊഡക്ഷൻ കൺട്രോളറുമായ കണ്ണൻ പട്ടാമ്പി അന്തരിച്ചു. നടനും സംവിധായകനുമായ മേജർ രവിയുടെ സഹോദരനാണ് ഇദ്ദേഹം. ജനുവരി നാലിന് രാത്രി 11.40-ഓടെയായിരുന്നു അന്ത്യമെന്ന് മേജർ രവി ഫെയ്സ്ബുക്കിലൂടെ അറിയിച്ചു. അഭിനേതാവിന് പുറമെ പ്രൊഡക്ഷൻ കൺട്രോളറായും മലയാള സിനിമയിൽ സജീവമായി നിന്നിരുന്ന ആളാണ് കണ്ണൻ പട്ടാമ്പി. പുലിമുരുകൻ, പുനരധിവാസം, അനന്തഭദ്രം, ഒടിയൻ, കീർത്തി ചക്ര, വെട്ടം, ക്രേസി ഗോപാലൻ, കാണ്ഡഹാർ, തന്ത്ര, 12th മാൻ തുടങ്ങി ഒട്ടേറെ സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. മേജർ രവി, ഷാജി കൈലാസ്, വി.കെ. പ്രകാശ്, സന്തോഷ് ശിവൻ തുടങ്ങി നിരവധി സംവിധായകരുടെ ചിത്രങ്ങളിൽ പ്രൊഡക്ഷൻ കൺട്രോളറും ആയിരുന്നു. എക്സിക്യൂട്ടീവ് പ്രൊഡ്യൂസറായും പ്രവർത്തിച്ചിട്ടുണ്ട്.

# രാജ്യസഭയിൽ ഈ വർഷം 72 ഒഴിവുകൾ

ന്യൂഡൽഹി: പാർലമെന്റിന്റെ ഉപരിസഭയിൽ സ്വാധീനമുറപ്പിക്കാൻ ഒരുങ്ങി എൻഡിഎ. ഈ വർഷം 22 സംസ്ഥാനങ്ങളിലെ 72 രാജ്യസഭാ എംപിമാരാണ് കാലാവധി പൂർത്തിയാക്കി സീറ്റുകൾ ഒഴിയാനൊരുങ്ങുന്നത്. എംഎൽഎമാരുടെ ഭൂരിപക്ഷത്തിനനുസരിച്ചാണ് അതത് സംസ്ഥാനങ്ങളിലെ രാജ്യസഭാ എംപിയെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ മിക്ക സംസ്ഥാനങ്ങളിലേയും നിയമസഭാ തെരഞ്ഞെടുപ്പുകളിൽ നേട്ടമുണ്ടാക്കിയ ഭരണമുന്നണിയായ എൻഡിഎ ഈ സീറ്റുകളിൽ നേട്ടം കൊയ്യും.

ഈ വർഷം ഒഴിവ് വരുന്ന 72 സീറ്റുകളിൽ 40 എണ്ണം എൻഡിഎയുടേതാണ്. 25 എണ്ണം ഇന്ത്യാ സഖ്യത്തിന്റേതും. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ എംഎൽഎമാരുടെ എണ്ണം വർധിച്ചതിനാൽ ഇതിൽ 50 സീറ്റെങ്കിലും എൻഡിഎയ്ക്ക് ലഭിക്കും. ഇന്ത്യാ സഖ്യത്തിനാകട്ടെ ഇതിൽ അഞ്ചു സീറ്റെങ്കിലും നഷ്ടപ്പെടുമെന്നും കരുതപ്പെടുന്നു. നിയമസഭയിലെ അംഗബലം കണക്കിലെടുക്കുമ്പോൾ ബിജെപി 37 അല്ലെങ്കിൽ 38 സീറ്റുകളിൽ വിജയിക്കാനാണു സാധ്യത.

കോൺഗ്രസാകട്ടെ ഈ സീറ്റുകളിൽ നിലവിലുള്ള എംപിമാരുടെ എണ്ണം എട്ടിൽ നിന്ന് ഒമ്പതായി വർധിപ്പിച്ചേക്കും. പശ്ചിമബംഗാളിൽനിന്നുള്ള പാർട്ടിയുടെ ഒരേയൊരു എംപിയായ ബികാഷ് രഞ്ജൻ ഭട്ടാചാര്യ ഈ വർഷം വിരമിക്കുന്നതിനാൽ സിപിഎമ്മിന്റെ രാജ്യസഭാ പ്രാതിനിധ്യം നാലിൽനിന്ന് മൂന്നായി കുറഞ്ഞ് കേരളത്തിലേക്കുമാത്രമായി ഒതുങ്ങും.17 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും കോൺഗ്രസ് പ്രാതിനിധ്യമില്ലാതാകുമ്പോൾ എൻസിപിയുടെ ശരദ് പവാർ വിഭാഗം സ്വന്തമാക്കിയിരിക്കുന്ന രണ്ട് രാജ്യസഭാ സീറ്റുകളും അവർക്കു നഷ്ടമായേക്കാം.

രാജ്യസഭാ പ്രതിപക്ഷനേതാവ് മല്ലികാർജ്ജുൻ ഖാർഗെ, രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവംശ് നാരായൺ സിംഗ്, മുൻ പ്രധാനമന്ത്രി എച്ച്.ഡി. ദേവ്ഗൗഡ, കേന്ദ്രമന്ത്രിമാരായ ഹർദീപ് സിംഗ്പുരി, ബി.എൽ. ശർമ തുടങ്ങിയവർ ഈ വർഷം സ്ഥാനമൊഴിയുന്ന 72 എംപിമാരിൽ ഉൾപ്പെടുന്നു. ഇവർക്കു പുറമെ രാജ്യസഭയിലേക്കു നാമനിർദേശം ചെയ്യപ്പെട്ട സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗൊഗോയിയും ഈ വർഷം കാലാവധി പൂർത്തിയാക്കും.

എൻഡിഎ-135, ഇന്ത്യാ സഖ്യം-80, മറ്റുള്ളവർ-29 എന്നിങ്ങനെയാണ് രാജ്യസഭയിലെ ഇപ്പോഴത്തെ കക്ഷിനില.

# വി.ഡി. സതീശനെതിരെ സിബിഐ അന്വേഷണത്തിന് ശിപാർശ

(3-ാം പേജിൽനിന്നും)

എത്തിച്ചതിലെ നിയമലംഘനം എന്നിവ ചൂണ്ടിക്കാട്ടിയാണ് സിബിഐ അന്വേഷണത്തിന് ശിപാർശ ചെയ്തത്. എഫ്സിആർഎ നിയമം, 2010-ലെ സെക്ഷൻ 3(2) (എ) പ്രകാരം സിബിഐ അന്വേഷണം വേണമെന്നാണ് ശിപാർശ. നിയമസഭാ സാമാജികൻ എന്ന തലത്തിൽ നടത്തിയ നിയമലംഘനത്തിന് സ്പീക്കർ നടപടി സ്വീകരിക്കണമെന്ന വിജിലൻസ് ശിപാർശയും ഇതിനൊപ്പമുണ്ട്.

അതിനിടെ, സിബിഐ അന്വേഷിക്കട്ടെയെന്നാണ് ഇതു സംബന്ധിച്ച് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പ്രതികരിച്ചത്. നേരത്തേ പലതവണ വിജിലൻസ് അന്വേഷിച്ച് തള്ളിയ കേസാണിതെന്നും അദ്ദേഹം പറഞ്ഞു.

പുനർജനി കേസിൽ പ്രതിപക്ഷ നേതാവ് വി.ഡി. സതീശനെതിരെയുള്ള അന്വേഷണം നിലനിൽക്കില്ലെന്നു വ്യക്തമാക്കിയുള്ള വിജിലൻസ് റിപ്പോർട്ടും പുറത്തുവന്നിട്ടുണ്ട്. പുനർജനി പദ്ധതിയുമായി ബന്ധപ്പെട്ടു വിദേശഫണ്ട് വി.ഡി. സതീശന്റെ അക്കൗണ്ടിലേക്ക് വന്നതായോ അദ്ദേഹം തുക കൈപ്പറ്റിയതായോ വ്യക്തമാക്കുന്ന ഒരു തെളിവും ലഭിച്ചിട്ടില്ലെന്നാണ് കഴിഞ്ഞ സെപ്റ്റംബർ 19-ന് വിജിലൻസ് ഡയറക്ടർ, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കു നൽകിയ റിപ്പോർട്ടിൽ പറയുന്നത്. വിജിലൻസ് ഡയറക്ടർക്കു വേണ്ടി ഐജിയുടെ ചുമതല വഹിച്ച കെ. കാർത്തികാണ് റിപ്പോർട്ട് സമർപ്പിച്ചത്.

അഴിമതി നിരോധന നിയമത്തിലെ സെക്ഷൻ 7, 7(എ) വകുപ്പുകൾ പ്രകാരം സതീശൻ കുറ്റം ചെയ്തതായി കണ്ടെത്താനായിട്ടില്ല. പുനർജനി പദ്ധതിയുമായി ബന്ധപ്പെട്ട വിദേശ ഫണ്ടുകൾ വി.ഡി. സതീശൻ എംഎൽഎയുടെ അക്കൗണ്ടിലേക്ക് വന്നതിനു തെളിവില്ല. വിദേശ സന്ദർശനത്തിനുശേഷം വി.ഡി. സതീശൻ ഭൂമി വാങ്ങിയതായി പരാതി ലഭിച്ചിട്ടില്ല. അതിനാൽ അന്വേഷിച്ചിട്ടില്ലെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

2018-ലെ മഹാപ്രളയത്തിൽ എല്ലാം നഷ്ടമായവർക്ക് പുനർനിർമാണ പ്രവർത്തനങ്ങൾ ഒരുക്കുന്നതിനായി വിദേശത്തുനിന്ന് ഫണ്ട് സ്വീകരിച്ചെന്ന പരാതിയിൽ ആദ്യഘട്ടത്തിൽ വിജിലൻസ് രഹസ്യാന്വേഷണവും പിന്നീട് സർക്കാർ അനുമതിയോടെ പ്രാഥമികാന്വേഷണവും നടത്തിയെങ്കിലും കേസെടുത്ത് അന്വേഷിക്കാനുള്ള ഒന്നും കണ്ടെത്താനായില്ല.

പുനർജനി ഭവന പദ്ധതിയുടെ പേരിൽ വിദേശ രാജ്യത്ത് പണപ്പിരിവ് നടത്തിയതിൽ നിയമലംഘനമുണ്ടെന്ന് കാട്ടി ചാലക്കുടിയിലെ കാതികൂടം ആക്ഷൻ കൗൺസിൽ ഭാരവാഹി ജെയ്സൺ പാനിക്കുളങ്ങരയാണ് ആദ്യം പരാതി നൽകിയത്. ഇതിൽ ഒന്നും കണ്ടെത്താനായില്ല. തുടർന്നും പരാതി വന്നതോടെ പ്രാഥമിക അന്വേഷണത്തിന് വീണ്ടും സർക്കാർ അനുമതി നൽകുകയായിരുന്നു.

തിരുവനന്തപുരം സ്പെഷൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - രണ്ടിലെ എസ്പിയുടെ നേതൃത്വത്തിൽ ഈ പ്രാഥമികാന്വേഷണത്തിലും ഒന്നും കണ്ടെത്താനായില്ല.

ഇതേത്തുടർന്നാണ് അന്വേഷണം അവസാനിപ്പിച്ചുള്ള റിപ്പോർട്ട് ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വിജിലൻസ് ഡയറക്ടർ കൈമാറിയത്.

# SEEKING BRIDEGROOM

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal ( Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport ( she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

# SEEKING BRIDE

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

## SEEKING BRIDEGROOM CONTD.....

(continued above)

**Visit Our Website:
www.keralaexpress.com for Matrimonial**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

KERALA EXPRESS

# നിര്യാതരായി

## ജോസഫ് ജോബ്

**ആലപ്പുഴ:** കോണിച്ചുവട്ടിൽ ജോസഫ് ജോബ് (ജോബുകുട്ടി-77) ബോസ്റ്റണിൽ അന്തരിച്ചു. കായംകുളം ഇന്ത്യ പൂർണ്ണ സുവിശേഷ ദൈവസഭയുടെ പ്രവർത്തകനായിരുന്നു. ഭാര്യ പടീക്കൽ അന്നമ്മ. മക്കൾ: ബോബി, മഞ്ജു. മരുമക്കൾ: ബിജി, ഷിബു (എല്ലാവരും യുഎസ്).

**തിരുവനന്തപുരം:** പെരുന്ന ഗവ.എച്ച്.എസ് മുൻ പ്രധാനാദ്ധ്യാപികയും ചങ്ങനാശേരി റിട്ട. എഇഒയുമായിരുന്ന എൻ. ആനന്ദവല്ലിയമ്മ (91)അന്തരിച്ചു.

## സൂസമ്മ ജോൺ

**കണ്ടംപേരൂർ:** സ്നേഹപുരം അപ്പിലി പുരയിടത്തിൽ (ബീന ഭവൻ) സൂസമ്മ ജോൺ (85) അന്തരിച്ചു. ഭർത്താവ്: പരേതനായ എം. ജെ. ജോൺ. മക്കൾ: ഷാലി, ബിജു (ഇരുവരും യുഎസ്), പരേതയായ ബീന, മരുമക്കൾ: ജോൺസി, ലിനു.

**ചെത്തിപ്പുഴ:** വടക്കേക്കര കല്ലുകളം (മുട്ടത്ത്) റിട്ട. റെയിൽവേ ഉദ്യോഗസ്ഥൻ കെ.ഡി. ജോൺ (കല്ലുകളം ജോണിച്ചൻ -85) അന്തരിച്ചു.

## മേരി ജോൺ പാലമറ്റം



**കുറിച്ചിത്താനം:** പടിഞ്ഞാറേകുറ്റ് എ.ടി. ഉലഹന്നാന്റെ ഭാര്യ മേരി ജോൺ പാലമറ്റം (88) അന്തരിച്ചു. മക്കൾ: ജൂലിയറ്റ് ജോൺ, അനിൽ ജോൺ. മരുമക്കൾ: ബിജു കുരികാട്ടുപാറ, റിയ അനിൽ (എല്ലാവരും യുഎസ്). മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയ (മാപ്പ്)ന്റെ സജീവപ്രവർത്തകനും വിവിധ കമ്മിറ്റികളിൽ പ്രവർത്തിച്ചിട്ടുള്ള ബിജു കുരികാട്ടുപാറയുടെ ഭാര്യാമാതാവാണ് പരേത. മാപ്പ് പ്രസിഡണ്ട് ബെൻസൺ പണിക്കർ, സെക്രട്ടറി ലിജോ ജോർജ്, കമ്മിറ്റി അംഗങ്ങൾ എന്നിവർ അനുശോചനമറിയിച്ചു.

**പെരുവ:** അറുനൂറ്റിമംഗലം മങ്ങാട്ടോരത്ത് (ചെറുവേലിൽ) കെ.എ. ഏബ്രഹാമിന്റെ (എൽഐസി) ഭാര്യ മഹിളാപ്രധാൻ ഏജന്റ് ഏലിയാമ്മ ഏബ്രഹാം (67) അന്തരിച്ചു.


**ചെങ്ങളം:** മൂന്നുമൂല കൊച്ചുപറമ്പ് വീട്ടിൽ കെ.ആർ. ആനന്ദന്റെ (നേവി റിട്ട. ഉദ്യോഗസ്ഥൻ) ഭാര്യ ശാന്തമ്മ (മോളി -66) അന്തരിച്ചു.

**കാളകെട്ടി:** അച്ചൻപറമ്പിൽ അന്നക്കുട്ടി സെബാസ്റ്റ്യൻ (75) അന്തരിച്ചു.

## ടി.വി. കുരുവിള

**വെട്ടത്തുകവല:** ബിഎസ്എൻഎൽ മുൻ ഉദ്യോഗസ്ഥൻ തൈപ്പറമ്പിൽ ടി.വി. കുരുവിള (ബാബു-80) അന്തരിച്ചു. ഭാര്യ വാകത്താനം ഓതറയിൽ മോളി കുരുവിള. മക്കൾ: ക്രിസ്റ്റി കുരുവിള (യുഎസ്), പ്രീറ്റി കുരുവിള. മരുമക്കൾ: ജയ്മോൻ ചാക്കോ പൊടിമറ്റത്തിൽ (യുഎസ്), സുബിൻ വർഗീസ് മണ്ണിതോട്ടത്തിൽ (പാരഗൺ).

## എം.എം. സക്കറിയ



**വാളക്കുഴി:** മാന്താനത്ത് പരേതരായ മത്തായി മത്തായിയുടെയും ഏലിയാമ്മ മത്തായിയുടെയും മകൻ എം.എം. സക്കറിയ (91) ഫിലാഡൽഫിയയിൽ അന്തരിച്ചു. ഭാര്യ പത്തനാപുരം ചരുവിള പുത്തൻവീട്ടിൽ കുടുംബാംഗം ഏലിക്കുട്ടി സക്കറിയ. മക്കൾ: ഏലിയാമ്മ സക്കറിയ, ജോൺസൺ സക്കറിയ, ഷൈനി രാജു, സഞ്ജു സക്കറിയ. മരുമക്കൾ: ഷിജി ജോൺസൺ, രാജു ലൂക്ക്, റീന സഞ്ജു.

**ചങ്ങനാശേരി:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ സെന്റ് ജോസഫ് ക്ലാരമഠാംഗം സിസ്റ്റർ ആവിലാ ട്രീസ (ഗ്രേസി-84) അന്തരിച്ചു.

## എം.എം. തോമസ്

**നെടുങ്ങാടപ്പള്ളി:** ഇന്ത്യൻ എയർലൈൻസ് റിട്ട. ഉദ്യോഗസ്ഥൻ മോടയിൽ അടവിമനം താഴത്തെക്കുറ്റ് എം.എം. തോമസ് (95) യുഎസിൽ അന്തരിച്ചു. ഭാര്യ: നീറേറ്റുപുറം പട്ടമുക്കിൽ പരേതയായ മേരിക്കുട്ടി. മകൻ: സജി (മൈക്രോസോഫ്റ്റ് കമ്പനി യുഎസ്). മരുമകൾ: സുജി.

**മാറനാട്:** മലങ്കര ഓർത്ത ഡോക്സ് സഭ സീനിയർ വൈദികൻ മാറനാട് തെങ്ങുവിളയിൽ സി. ജോൺ പണിക്കർ കോർ എപ്പിസ്കോപ്പ (75) അന്തരിച്ചു.

**അമയന്നൂർ:** നവരംഗിൽ പരേതനായ ഇ.കെ. ബാലകൃഷ്ണന്റെ (കെഎസ്ആർടിസി റിട്ട. ഇൻസ്പെക്ടർ) ഭാര്യ റിട്ട. ലേഡി ഹെൽത്ത് സൂപ്പർവൈസർ കെ.കെ. രാജമ്മ (82) അന്തരിച്ചു.

**മുണ്ടക്കയം:** നാടകകൃത്തും നടനും എഴുത്തുകാരനുമായ മുരിക്കുംവയൽ വലിയവീട്ടിൽ വി.എസ്. അപ്പുക്കുട്ടൻ (മുണ്ടക്കയം അപ്പുക്കുട്ടൻ-80) അന്തരിച്ചു.

**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്ക് റിട്ട. ഡിജിഎം വെള്ളുക്കുന്നേൽ വി.ജെ. തോമസ് (71) അന്തരിച്ചു.

## ജോസ് ബേബി

**റാന്നി:** തോട്ടമൺ തെക്കേമുറിയിൽ ജോസ് ബേബി (59) യുഎസിൽ അന്തരിച്ചു. ഭാര്യ സീതത്തോട് കോളുത്ര ഷൈനി. മക്കൾ: നിമിൽ ജോസ്, ഏലിയാസ് ജോസ് (എല്ലാവരും യുഎസ്).

## പി.എസ്. ജോർജ്

**കോത്തല:** പുള്ളോലിക്കൽ തേക്കുങ്കൽ പി.എസ്. ജോർജ് (80) അന്തരിച്ചു. ഭാര്യ: ലൈസാമ്മ കരുനാട്ട്. മക്കൾ: ബിനി ജോർജ് (യുഎസ്), ജയ ജോർജ് (ദുബായ്), മരുമക്കൾ: മനോജ് നന്ത്യാട്ടുമലയിൽ (യുഎസ്), ജോഷി താഴെതെക്കേതിൽ.

**കോട്ടയം:** അരീപ്പറമ്പ് പടനിലത്ത് പരേതനായ പി.സി. ജോർജിന്റെ മകൻ ജോർജ് തോമസ് (ബിജൻ-56) അന്തരിച്ചു.

## അമ്മിണി സിങ്

**പരുത്തുംപാറ:** അജിത് നിവാസിൽ പരേതനായ ഡി.എസ്. സിങ്ങിന്റെ (റിട്ട. എക്സൈസ് കമ്മീഷണർ) ഭാര്യ മുൻ അധ്യാപിക അമ്മിണി സിങ് (81) അന്തരിച്ചു. കാട്ടാമ്പാക്കൽ ഉമ്മാകുഴി കുടുംബാംഗമാണ്. മക്കൾ: ആശ (യുഎസ്), പരേതയായ ലത, അജിത്. മരുമക്കൾ: റെജി (യുഎസ്), റീന.

## ഏലിയാമ്മ വർഗീസ്




**ഹൂസ്റ്റൺ:** തോട്ടയ്ക്കാട് ചിറപ്പുറത്ത് കിഴക്കേമുറിയിൽ മലയിൽ പരേതനായ കെ.സി. വർഗീസിന്റെ ഭാര്യ ഏലിയാമ്മ (89) ഹൂസ്റ്റണിൽ അന്തരിച്ചു. ഹൂസ്റ്റണിലെ ട്രിനിറ്റി മാർത്തോമ്മാ ചർച്ച് പ്രാർത്ഥനാ ഗ്രൂപ്പിലെ സജീവ അംഗമായിരുന്നു. മക്കൾ: ടീന, ടില്ലി, ടീസ. മരുമക്കൾ: സജി പത്തനംതിട്ട, ദിനേശ് തയ്യിൽ അയ്മനം, ജയൻ കൊണ്ടോടിക്കൽ തോട്ടയ്ക്കാട് (എല്ലാവരും യുഎസ്).

**കാഞ്ഞിരപ്പള്ളി:** കുന്നുംഭാഗം ഏർത്തയിൽ എ.സി. ലൂക്കോസിന്റെ (പി.ഡബ്ല്യൂഡി റിട്ട. എൻജിനീയർ) ഭാര്യ കാഞ്ഞിരപ്പള്ളി സെ. ഡൊമിനിക്സ് സ്കൂൾ റിട്ട. അധ്യാപിക ഫിലോമിന ലൂക്കോസ് (92) അന്തരിച്ചു.

**കോട്ടയം:** ചാലിൽ അഗസ്റ്റിൻ കുര്യന്റെയും ഗ്രേസി അഗസ്റ്റിന്റെയും മകൻ സിറിൾ അഗസ്റ്റിൻ (42) അന്തരിച്ചു.

**കുന്നംകുളം:** കല്ലേരിക്കൽ കുടുംബാംഗവും ഐഐഎഫ്എസ്. റിട്ട. ഉദ്യോഗസ്ഥനുമായ ജോർജ് കെ. മാത്യു (90) അന്തരിച്ചു.

## ടി.ടി. ജോസഫ് പറമ്പേട്ട്



**കട്ടച്ചിറ:** പറമ്പേട്ട് പരേതരായ ടി.ഒ. തോമസ്-മേരി മകൻ ടി.ടി. ജോസഫ് (ബേബി-74) ന്യൂയോർക്കിൽ അന്തരിച്ചു. പരേതൻ ഏറ്റുമാനൂർ സർവീസ് സഹകരണബാങ്ക് മുൻ മാനേജരായിരുന്നു. ഭാര്യ റിട്ട. അദ്ധ്യാപിക വി.പി. എത്സമ്മ കുമരകം വട്ടക്കളം കുടുംബാംഗമാണ്. മക്കൾ: ജോയൽ ആൻഡ് ആൻ ജെയിംസ് പള്ളിക്കുന്നേൽ പുന്നത്തുറ, ജെറിൽ ആൻഡ് റോജർ സാം കുര്യൻ നെല്ലാമറ്റം, അരീക്കര, വിപിൻ (എല്ലാവരും യുഎസ്), സഹോദരങ്ങൾ: തങ്കമ്മ ജോസ് പാട്ടശ്ശേരിൽ കുറുമുള്ളൂർ, എൽസമ്മ ചാക്കോ മാത്തൂർ, തോട്ടറ, ടി.ടി. തോമസ്, ജോൺസൺ പറമ്പേട്ട്.

**പൂഞ്ഞാർ:** പരേതനായ പൂഞ്ഞാർ മിത്രൻ നമ്പൂതിരിപ്പാടിന്റെ മകൻ ഏഷ്യാനെറ്റ് കമ്യൂണിക്കേഷൻ റിട്ട. സീനിയർ ഓഫീസർ കാഞ്ഞിരമറ്റം കൊട്ടാരത്തിൽ അജയ വർമ രാജ (63) അന്തരിച്ചു.

**തൊടുപുഴ:** മുംബൈ എച്ച്പിസിഎൽ റിട്ട. സീനിയർ മാനേജർ ഒഴത്തിൽ ഇട്ടൂപ്പ് ജോർജ് (92) അന്തരിച്ചു.

## റെയ്ച്ചൽ ചാക്കോ

**വാകത്താനം:** പഴഞ്ചിറ പരേതനായ കെ.വി. ചാക്കോയുടെ (പിഎംവി മെഡിക്കൽസ് ചങ്ങനാശേരി) ഭാര്യ ചങ്ങനാശേരി എസ്.എച്ച് സ്കൂൾ റിട്ട. ടീച്ചർ റെയ്ച്ചൽ ചാക്കോ (മോനി -79) അന്തരിച്ചു. പാമ്പാടി പാറക്കലായ നീലിയാനിക്കൽ കുടുംബാംഗമാണ്. മക്കൾ: ജോർജ്, അനു (യുഎസ്), ലീന, ദീപ (ബെംഗ്ളൂരു). മരുമക്കൾ: സിന്ധു മതിച്ചിപറമ്പിൽ ചങ്ങനാശേരി (ടീച്ചർ), ജോൺസൺ ചക്കാലപടിക്കൽ മാന്നാർ (യുഎസ്), ബൈജു കിഴക്കേവീട് കൊട്ടാരക്കര, മാത്യു കറുകയിൽ വേഴപ്ര.

**കൊച്ചി:** ബിപിസിഎൽ റിട്ട. ഉദ്യോഗസ്ഥൻ കുടകശേരിൽ കെ.എ. മാത്യുകുട്ടി (92) അന്തരിച്ചു.

**കോട്ടയം:** ഈരയിൽക്കടവ് പ്ലാപ്പറമ്പിൽ പരേതനായ സാം ടി. ജോണിന്റെ ഭാര്യ പള്ളം ബുക്കാന ഗേൾസ് ഹൈസ്കൂൾ മുൻ അധ്യാപിക ശോശാമ്മ സാം (രമണി-83) അന്തരിച്ചു.

**ചക്കാമ്പുഴ:** ചിറ്റാർ സെ. ജോർജ് സ്കൂൾ റിട്ട. അദ്ധ്യാപകൻ തോനാടികുളത്തിൽ ടി.ഒ. മത്തായി (94) അന്തരിച്ചു.

## പി.എം. ജോസഫ്

**ആർപ്പൂക്കര:** ദീപിക മുൻ ഉദ്യോഗസ്ഥനായ പ്ലാക്കിയിൽ പി.എം. ജോസഫ് (96)അന്തരിച്ചു. ഭാര്യ ചങ്ങനാശേരി ഇത്തിത്താനം കരിയിലക്കുഴി പരേതയായ മറിയക്കുട്ടി. മക്കൾ: മാത്യൂസ് ആർപ്പൂക്കര, ഡോ. പി. ജെ. ജോസഫ്, ജയ്സൺ ജോസഫ് (ഇരുവരും യുഎസ്), ആനി ജോർജ്, ജേക്കബ് പി. ജോസഫ് (അയർലൻഡ്). മരുമക്കൾ: കുസുമം മാത്യൂസ്, മീനാ ജോസഫ്, എത്സി ജയ്സൺ, കെ.എൽ. ജോർജ്, ആൻസി.

**ആർപ്പൂക്കര:** ചെറുപുഷ്പം പള്ളിക്കു സമീപം വട്ടപ്പറമ്പിൽ വി.ജെ. ജെയിംസിന്റെയും ത്രേസ്യാമ്മ ജെയിംസിന്റെയും മകൻ ജോസഫ് ജെയിംസ് (അബി-48) അയർലൻഡിൽ അന്തരിച്ചു.

## ജെസ്മി തോമസ്



**ന്യൂജേഴ്സി:** താമ്പാ ഇടവകാംഗങ്ങളായ ജെയിംസ്-മറിയാമ്മ ആക്കാത്തറ ദമ്പതികളുടെ മകളും ക്രൈസ്റ്റ് ദി കിംഗ് ഇടവകാംഗം ജെറി തോമസ് കൊച്ചുവീട്ടിലിന്റെ ഭാര്യയുമായ ജെസ്മി തോമസ് (39) ന്യൂജേഴ്സിയിൽ അന്തരിച്ചു. മക്കൾ: ജെറമി, ജയ്ല. സഹോദരങ്ങൾ: ജിമോ, ജിഷ് (ജർമനി).

**തൊടുപുഴ:** കെഎസ്ഇബി റിട്ട. ഡെപ്യൂട്ടി ചീഫ് എൻജിനീയർ മുഴുത്തേറ്റ് ഡോ. എം. വി. ജോൺ (78) അന്തരിച്ചു.

## ചാച്ചിയമ്മ ഏബ്രഹാം

**കുറ്റൂർ:** വടക്കേടത്ത് ചാച്ചിയമ്മ ഏബ്രഹാം (87) അന്തരിച്ചു. കല്ലിശേരി വാലിപറമ്പിൽ പുത്തൻപുരയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.പി. ഏബ്രഹാം. മക്കൾ: സാൽവി ഏബ്രഹാം, സുജ കുര്യൻ (ഇരുവരും യുഎസ്), പരേതനായ സജി ഏബ്രഹാം. മരുമക്കൾ: കുമരങ്കരി അച്ചേരിൽ ഷേർളി സൽവി, കുമരകം തൊട്ടിച്ചിറയിൽ കുര്യൻ ജോൺ (ഇരുവരും യുഎസ്), തുരുത്തിക്കാട് കർക്കടകംപള്ളിൽ ജീന സജി.

**ആനിക്കാട്:** മുക്കാലി കുളത്തുങ്കൽ പരേതനായ പി.എം. ശമുവേലിന്റെ ഭാര്യ മറിയാമ്മ (ചിന്നായി-81) അന്തരിച്ചു.

**പൂഞ്ഞാർ:** കരിവേലിക്കത്താഴെ കെ.വി. ജോസഫ് (ജോയി-72) അന്തരിച്ചു.

**മൂലേടം:** തറയിൽ പരേതനായ എം.ജെ. വർഗീസിന്റെ ഭാര്യ അമ്മിണി വർഗീസ് (84) അന്തരിച്ചു.

## ലീലാമ്മ കുര്യാക്കോസ്

**കുറിച്ചി:** ആലുങ്കൽ കുര്യാക്കോസിന്റെ ഭാര്യ ലീലാമ്മ കുര്യാക്കോസ് (69) അന്തരിച്ചു. റാന്നി തെക്കേത്ത് കുടുംബാംഗമാണ്. മക്കൾ: മെറിൽ, റോബിൻ (യുഎസ്). മരുമക്കൾ: കുറിച്ചി പാറശേരിയിൽ അന്നു (യുഎസ്), റാന്നി കുറ്റിയിൽ മീഗ (യുഎസ്).

## പി.എ. തങ്കപ്പൻ

**അമയന്നൂർ:** വിമുക്തഭടനും കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥനുമായ വലിയതേവലക്കാട്ട് (ആയിരനാഴിയിൽ പി.എ. തങ്കപ്പൻ (86) അന്തരിച്ചു. മൂലവട്ടം പാറയിൽ കുടുംബാംഗമാണ്. ഭാര്യ എ.കെ. രാജമ്മ. മക്കൾ: വി.ടി. രാധേഷ്, വി.ടി. രോഷ്ണി, വി.ടി. രഞ്ജിത്ത്. മരുമക്കൾ: ബിന്ദു രാധേഷ് കാവനാൽ, മറിയപ്പള്ളി, മഞ്ചു ലാൽ നകുലൻ ലാവണ്യ കല്ലമ്പലം, ശൈവി രഞ്ജിത്ത് ആറ്റൂർ തുണ്ടിയിൽ കാവുംഭാഗം (ആറുപേരും യുഎസ്).

## അന്നമ്മ തോമസ്

**മാലം:** തുരുത്തിപ്പറമ്പിലായ മണവത്ത് പരേതനായ എം.സി. തോമസിന്റെ ഭാര്യ റിട്ട. അദ്ധ്യാപിക അന്നമ്മ തോമസ് (82) അന്തരിച്ചു. നിരണം കാടുവെട്ടിയിൽ കുടുംബാംഗമാണ്. മക്കൾ: മഞ്ജു (പാണ്ടനാട്), ജിത (യുഎസ്), മരുമകൻ: റെനി കണ്ടത്തിൽ ഷാരോൺ (പാണ്ടനാട്).

## മേരി കുരുവിള

**ഇരവിപേരൂർ:** ചെങ്ങരൂർ സെന്റ് തെരേസൻ എച്ച്എസ്. റിട്ട. അദ്ധ്യാപിക പടിപ്പുരയ്ക്കൽ മേരി കുരുവിള (75) അന്തരിച്ചു. കോട്ടയം കളത്തിപടി ചിലമ്പത്ത് കുടുംബാംഗമാണ്. ഭർത്താവ് പി.ഒ. കുരുവിള. മക്കൾ: മനോജ് (യുഎസ്), മനുജ. മരുമക്കൾ: ജിൻസി (കുറുമ്പനാടം), ബിനു (അടൂർ).

**എരുമേലി:** ചാലക്കുഴിയിൽ പരേതനായ സി.എം. ജോണിന്റെ ഭാര്യ മറിയാമ്മ ജോൺ (കുഞ്ഞുമോൾ-83) അന്തരിച്ചു.

## അനിൽ പീറ്റർ കുര്യാക്കോസ്

**ചോരക്കുഴി:** ഡൽഹി കോൺസൻട്രിക്സ് കമ്പനി ട്രെയിനിങ് വിഭാഗം മാനേജരായിരുന്ന ഊരക്കാട്ടിൽ വട്ടുതോട്ടത്തിൽ പുത്തൻകളപ്പുരയിൽ അനിൽ പീറ്റർ കുര്യാക്കോസ് (56) അന്തരിച്ചു. ഭാര്യ ഡിജു കുര്യാക്കോസ്, മകൻ: കെവിൻ പീറ്റർ (യുഎസ്).

**കാഞ്ഞിരപ്പള്ളി:** വ്യവസായിയും പ്ലാന്ററുമായ ആനിത്തോട്ടം കല്ലുങ്കൽ കെ.ഐ. ഷുക്കൂർ (69) അന്തരിച്ചു.

**കടവന്ത്ര:** ഇന്ത്യൻ ഫോറസ്റ്റ് സർവീസ് റിട്ട. ഉദ്യോഗസ്ഥൻ അയിരൂർ മുണ്ടപ്ലാക്കൽ എം.എസ്. സൈമൺ (86) അന്തരിച്ചു.

# LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## *Favors Received*



*Inserted by: Firm Believer, Boston*

## *Favors Received*



*Inserted by: Firm Believer, Boston*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Dallas*

**Visit Our Website:** **www.keralaexpress.com for Classified Advt.**

# HOUSE FOR RENT IN BORDER LONG ISLAND, NEW YORK

Bricks 3 bedrooms, 2 living rooms, house one block from BELL ROSE, NEW YORK CITY, SPRINGFIELD BLVD 89-90TH AVE. Near LIR (Train), One Block Bus in front and all around, NEW YORK CITY Subway very close. With Garage $2900.00. Without garage $2800.00. Minimum rent for 2 bedrooms here is $3800.00. Tenant (MUST) pays all utilities, water, heating and electricity. Available after January 26th, 2026.

**FORE MORE INFORMATION PLEASE CONTACT**

**1-516-376-0631, 1-516-209-7186 (JUSTIN)**

# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

## *Favors Received*



*Inserted by: Firm Believer, Atlanta*

## *Favors Received*



*Inserted by: Firm Believer, Atlanta*

## *Favors Received*



*Inserted by: Firm Believer, New York*

## *Favors Received*



*Inserted by: Firm Believer, New York*




# 'അതിരടി'യുടെ ക്യാരക്ടർ പോസ്റ്റ് പുറത്തിറങ്ങി

**ബേ**സിൽ ജോസഫ്, ടൊവിനോ തോമസ്, വിനീത് ശ്രീനിവാസൻ എന്നിവർ കേന്ദ്ര കഥാപാത്രങ്ങളായി എത്തുന്ന മൾട്ടി സ്റ്റാർ ചിത്രം 'അതിരടി'യുടെ ആദ്യ ക്യാരക്ടർ പോസ്റ്റർ പുറത്ത്. ബേസിൽ ജോസഫ് അവതരിപ്പിക്കുന്ന കഥാപാത്രത്തിന്റെ മാസ് ലുക്കിലുള്ള പോസ്റ്റർ ആണ് പുറത്തുവന്നിരിക്കുന്നത്. 2026 ഓണം റിലീസായി എത്തുന്ന ചിത്രം നിർമിക്കുന്നത് ഡോ. അനന്തു എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ ഡോ. അനന്തു എസും ബേസിൽ ജോസഫ് എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ ബേസിൽ ജോസഫും ചേർന്നാണ്. നവാഗതനായ അരുൺ അനിരുദ്ധൻ ആണ് ചിത്രം സംവിധാനം ചെയ്യുന്നത്. സംവിധായകനും ഛായാഗ്രാഹകനുമായ സമീർ താഹിറും ടൊവിനോ തോമസും ആണ് ചിത്രത്തിന്റെ കോ-പ്രൊഡ്യൂസർമാർ. ഒരു മാസ് കളർഫുൾ കാമ്പസ് എന്റർടെയ്നർ ആയിരിക്കും അതരടിയെന്ന സൂചനയാണ് ആദ്യ ക്യാരക്ടർ പോസ്റ്ററും നൽകുന്നത്. കോളജ് വിദ്യാർത്ഥിയുടെ ലുക്കിലാണ് ക്യാരക്ടർ പോസ്റ്ററിൽ ബേസിൽ ജോസഫിനെ അവതരിപ്പിച്ചിരിക്കുന്നത്.

ബേസിൽ ജോസഫ്, ടൊവിനോ തോമസ്, വിനീത് ശ്രീനിവാസൻ എന്നിവരെ ഏറെ രസകരമായും മാസ് ആയും അവതരിപ്പിച്ച ടൈറ്റിൽ ടീസറും ഈ ചിത്രം ഒരു പക്കാ ക്യാമ്പസ് ഫൺ എന്റർടെയ്നർ ആയിരിക്കുമെന്ന സൂചനയാണ് നൽകിയത്. മിന്നൽ മുരളിക്കുശേഷം ബേസിൽ ജോസഫും ടൊവിനോ തോമസും വീണ്ടും ഒന്നിക്കുന്ന ചിത്രം എന്ന നിലയിലും ചിത്രം പ്രേക്ഷക ശ്രദ്ധയാകർഷിക്കുന്നുണ്ട്. വളരെ സ്റ്റൈലിഷ് ആയി ഒരുക്കിയ ടൈറ്റിൽ ടീസറും ക്യാരക്ടർ പോസ്റ്ററും ചിത്രത്തിന് വലിയ ശ്രദ്ധയാണ് സമൂഹ മാധ്യമങ്ങളിൽ നേടിക്കൊടുക്കുന്നത്.

ബേസിൽ ജോസഫ് ഒരുക്കിയ മിന്നൽ മുരളിയുടെ രചയിതാക്കളിൽ ഒരാളായ അരുൺ അനിരുദ്ധന്റെ സംവിധായകനായുള്ള അരങ്ങേറ്റ ചിത്രമാണ് അതിരടി. മിന്നൽ മുരളിക്കുശേഷം ടൊവിനോ തോമസ്, ബേസിൽ ജോസഫ്, സമീർ താഹിർ, അരുൺ അനിരുദ്ധൻ എന്നിവർ വീണ്ടും ഒന്നിക്കുന്ന ചിത്രം എന്ന പ്രത്യേകതയും ഇതിനുണ്ട്. പോൾസൺ സ്കറിയ, അരുൺ അനിരുദ്ധൻ എന്നിവർ ചേർന്നാണ് ചിത്രം രചിച്ചത്.

ഛായാഗ്രഹണം-സാമുവൽ ഹെൻറി, സംഗീതം-വിഷ്ണു വിജയ്, എഡിറ്റർ-ചമൻ ചാക്കോ, പ്രൊഡക്ഷൻ ഡിസൈനർ-മാനവ് സുരേഷ്, കോസ്റ്റ്യൂം-മഷർ ഹംസ, മേക്കപ്പ്-റൊണക്സ് സേവ്യർ, പ്രൊഡക്ഷൻ കൺട്രോളർ-ആന്റണി തോമസ്, പബ്ലിസിറ്റി ഡിസൈൻ-റോസ്റ്റഡ് പേപ്പർ.




# 'പ്ലാൻ' ചിത്രീകരണം പൂർത്തിയായി

**മ**ലയാള സിനിമയിൽ പുതുമയുള്ളൊരു പ്രമേയം, തികഞ്ഞ പ്ലാനിങ്ങോടുകൂടി ചീത്രീകരിച്ച പ്ലാൻ എന്ന മലയാള സിനിമയുടെ ചിത്രീകരണം മൂന്നാർ, കൊച്ചി, ദുബായ് എന്നിവിടങ്ങളിലായി പൂർത്തിയായി. ചിത്രത്തിന്റെ പോസ്റ്റ് പ്രൊഡക്ഷൻ വർക്കുകൾ പുരോഗമിക്കുന്നു. രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്നത് ഫിലിപ്പ് ബേണിങ്ങ്ഹിൽ, സുധീർ സാലി എന്നിവർ ചേർന്നാണ്.

ക്രിയേറ്റീവ് വർഷോപ്പ് ഹൗസ്റ്റൺ എന്ന ബാനറിൽ സൗമ്യ ഫിലിപ്പ്, ഫിലിപ്പ് ബേണിങ്ങ്ഹിൽ എന്നിവർ ചേർന്നാണ് ചിത്രം നിർമിച്ചത്. പ്രവാസി മലയാളികളുടെ വിയർപ്പിന്റെ വിലയും സ്വർണക്കടത്തു വ്യാപാര രംഗത്തെ ചതിക്കുള്ളിലെ വഞ്ചനയും തുറന്നുകാട്ടുന്ന ചിത്രമാണിത്. ഒപ്പം നല്ലൊരു പ്രണയകഥ കൂടി പറയുന്നു. പ്രേക്ഷകരെ പിടിച്ചിരുത്തുന്ന ഉദ്വേഗഭരിതമായ രംഗങ്ങൾ കോർത്തിണക്കി തികച്ചും പുതുമയുള്ളൊരു ചിത്രം തയാറാക്കിയിരിക്കുകയാണ് സംവിധായകർ.

ഛായാഗ്രഹണം-ടോൺസ് അലക്സ്, എഡിറ്റിംഗ് ആൻഡ് കളറിംഗ്-ഷൺ എ യു ശ്രീജിത്ത്, സംഗീതം-ശ്രീശങ്കർ, പശ്ചാത്തല സംഗീതം-ഡിൽജോ ഡൊമിനിക്, ഗാനരചന-റോബിൻ പള്ളുരുത്തി, ശ്രീകാന്ത് അശോകൻ, ശരത് ചന്ദ്രൻ, ശൈല പി.കെ, ആലാപനം-വിനീത് ശ്രീനിവാസൻ, അഫ്സൽ ഇസ്മയിൽ, സയനോര, നന്ദ, പ്രണവ്യ മോഹൻദാസ്, ടൈറ്റിൽ വിഎഫ്എ



ക്സ്-സുധീർ സാലി, മേക്കപ്പ്-സുധീഷ് കൈവേലി, ആർട്ട് ഡയറക്ഷൻ-പൊന്നൻ കുതിരക്കൂർ, കോസ്റ്റ്യൂം ഡിസൈനർ-ശാന്തിപ്രിയ, അസോസിയേറ്റ് കാമറാമാൻ-കിച്ചു, ഫോക്കസ് പുള്ളർ-ജോയ് വെള്ളത്തുവേൽ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-എ. എസ് അജ്മൽ, സ്റ്റണ്ട്-അഷറഫ് ഗുരുക്കൾ, കൊറിയോഗ്രാഫർ-ഹർഷദ് എം.എച്ച്, പ്രൊഡക്ഷൻ കൺട്രോളർ -ജിനിഷ്, അസിസ്റ്റന്റ് ഡയറക്ടേഴ്സ് -ജയൻ മെൻഡസ്, അബു ദിനാൽ എ. വി., പ്രൊഡക്ഷൻ മാനേജർ-അഡ്വ. സിജോ ഫിലിപ്പ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്-ഹനീഷ് അൻവർ, പ്രൊഡക്ഷൻ അസിസ്റ്റന്റ്സ്-സഹദേവൻ, ഷംസു, റെക്സിൻ, അസ്മ, സ്റ്റിൽസ് -അവിനാഷ് മണിഗകണ്ഠം, ലൈറ്റ്സ് -കിച്ചു ആൻഡ് ജിഷാദ്, സോഷ്യൽ മീഡിയ കോ-ഓർഡിനേറ്റർ-ജോഷുവ ബിജു. ദിനോ സണ്ണി, സൂരജ് പോപ്പ്, ധനു ദേവിക, വെട്ടുക്കിളി പ്രകാശൻ, ജിതിൻ, ശാന്തി പ്രിയ, മനു കടക്കോടം, ഹർഷ, പൊന്നൻ കുതിരക്കൂർ, ജയൻ മെൻഡസ്, വിനീഷ് ദാസ്, ഷഹർഭാൻ നോ റേഷ, റെക്സിൻ, സിജോ ഫിലിപ്പ്, കൊച്ചി മച്ചാൻ, ദിനാർ, ഷംസു പി.എസ്സ്, തെരേസ, അമൽ, തോമസ്, ബേബി നോർഷ എന്നിവർ അഭിനയിക്കുന്നു.

# 'നിഴൽ വേട്ട' തുടങ്ങി

**ഡ്രീം**മൂവി മേക്കേഴ്സിന്റെ ബാനറിൽ രഞ്ജിത്ത് കെ.ആർ. നിർമിച്ച് ബിപിൻ നമ്പ്യാർ സംവിധാനം ചെയ്യുന്ന 'നിഴൽ വേട്ട' എന്ന സിനിമയുടെ പൂജ കോഴിക്കോട് ബെന്നി ചോയ്സ് ഓഡിറ്റോറിയത്തിൽ നടന്നു. ചടങ്ങിൽ വിനോദ് കോവൂർ, ഡോക്ടർ രജത്ത്കുമാർ, വിജയൻ കാരന്തൂർ, ജയരാജ് കോഴിക്കോട്, ഷിബു നിർമാല്യം, കലാസുബ്രഹ്മണ്യം, ദീപ്തി മിത്ര ഒപ്പം സിനിമയിലെ സാങ്കേതിക പ്രവർത്തകരും പങ്കെടുത്തു.

പ്രശസ്ത നടീനടന്മാർക്കൊപ്പം ഈ ചിത്രത്തിൽ ദിനേശ് പണിക്കർ, വിനോദ് കോവൂർ, ഡോക്ടർ രജത്ത് കുമാർ, അരിസ്റ്റോ സുരേഷ്, വിജയൻ കാരന്തൂർ, ജയരാജ് കോഴിക്കോട്, ഷിബു നിർമാല്യം, കലാ സുബ്രഹ്മണ്യം, ദീപ്തി മിത്ര തുടങ്ങിയവരും അഭിനയിക്കുന്നു. നജീബ് ഷാ ഛായാഗ്രഹണം നിർവഹിക്കുന്നു. വയലാർ ശരത് ചന്ദ്ര വർമ എഴുതിയ വരികൾക്ക് സലാം വീരോളി സംഗീതം പകരുന്നു. പ്രോജക്ട് ഡിസൈനർ-ഷിബു നിർമാല്യം, പ്രൊഡക്ഷൻ കൺട്രോളർ-രൂപേഷ് വെങ്ങളം, കല-ഗാഗുൽ ഗോപാൽ, മേക്കപ്പ്-പ്യാരി മേക്കോവർ,




വസ്ത്രാലങ്കാരം-ബാലൻ പുതുകുടി, പ്രൊഡക്ഷൻ മാനേജർ-സുജല ചെത്തിൽ. ഒരു പോലീസ് ഇൻവെസ്റ്റിഗേഷൻ സസ്പെൻസ് ത്രില്ലർ ചിത്രമായ 'നിഴൽ വേട്ട'യുടെ ചിത്രീകരണം ഉടൻ ആരംഭിക്കും.




# 'ഡീയസ് ഈറെ', 'തുടക്കം', 'സർവം മായ' എന്നീ സിനിമകളിൽ അഭിനയിച്ച ജയകുറുപ്പിന്റെ അഭിനയ വിശേഷങ്ങൾ



**ജീ**വൻ പോയാലും താൻ ഇവിടംവിട്ട് എങ്ങും പോവില്ലെന്നും മരണം ഒരു തുടക്കം മാത്രമാണെന്നും അമ്മയെ വിശ്വസിപ്പിച്ച മനു എന്ന മകൻ. ദൈവംതമ്പുരാനുപോലും തന്റെ മകനെ വിട്ടുകൊടുക്കില്ലെന്ന് ഉറപ്പിച്ച എൽസമ്മ എന്ന അമ്മ. ഇവരുടെ അങ്ങേയറ്റം വേറിട്ട ആത്മബന്ധത്തിന്റെ കഥ കൂടിയാണ് രാഹുൽ സദാശിവൻ സിനിമ 'ഡീയസ് ഈറെ'. കഥ തുടങ്ങുമ്പോൾ കനിയുടെ വീട്ടിലെ വെറുമൊരു വേലക്കാരി. സിനിമയുടെ അവസാന 32 മിനിറ്റുകളിൽ ട്വിസ്റ്റും സസ്പെൻസും വാരിവിതറി നിരന്തരം ഞെട്ടിച്ച് അനുഭൂതിയുടെ ആകാശങ്ങളിലേക്കു പടർന്നുപന്തരിക്കുന്ന വിസ്മയ കഥാപാത്രം!

''മലയൻകുഞ്ഞിലെ ശാന്തമ്മയ്ക്കുശേഷം എന്നെ ആളുകൾ കുറച്ചുകൂടി തിരിച്ചറിയാനും എനിക്ക് ആളുകളിലേക്ക് എത്താനും അവസരമൊരുക്കിയ, സംതൃപ്തി പകർന്ന കഥാപാത്രം. ഇതിൽ അത്രത്തോളം പെർഫോം ചെയ്യാനുണ്ടായിരുന്നു'' - എൽസമ്മയായി നിറഞ്ഞാടിയ ജയകുറുപ്പ് പറഞ്ഞു.

സംവിധായകൻ രാഹുലുമായുള്ള ആദ്യ കൂടിക്കാഴ്ചയിൽ കഥയുടെ ഔട്ട്‌ലൈൻ, എന്റെ കഥാപാത്രം എന്നിവയെക്കുറിച്ചും ഇതിൽ ചെറിയരീതിയിലുള്ള ഫൈറ്റുണ്ടെന്നും സൂചിപ്പിച്ചിരുന്നു. ഈ കഥാപാത്രത്തിനുവേണ്ടി മറ്റൊരാളെ മനസിൽപോലും കരുതിയിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പക്ഷേ, രണ്ടു തല്ലു കൊടുക്കുന്നതിനപ്പുറത്തേക്ക് ഫൈറ്റ് ഇത്ര ഹെവിയാണെന്നു വിചാരിച്ചിരുന്നില്ല. ക്ലൈമാക്സിലെ എന്റെ ആത്മഭാഷണവും വചനങ്ങളും മൂന്ന് ആംഗിളുകളിൽനിന്ന് മൂന്നു മോഡുലേഷനുകളിൽ ഷൂട്ട് ചെയ്യാനാണു പ്ലാനെന്നും രാഹുൽ പറഞ്ഞിരുന്നു. വചനങ്ങൾ എഴുതിവെച്ചിരിക്കുന്നതുപോലെ പഠിച്ചു. മകനെക്കുറിച്ചുള്ള ആത്മഭാഷണം ഒരു കഥപറയുംപോലെ ഓർമയിൽനിന്നു വരുന്നതാണെങ്കിലും എഴുത്തുകാരൻ എഴുതിവെച്ച അതേ ഭംഗിയോടെ അതേ വാക്കുകളിൽ നമ്മൾ കൊടുക്കുമ്പോഴാണല്ലോ കേൾക്കുമ്പോഴും അതിന്റേതായ സുഖമുണ്ടാവുക. ഞാൻ ആദ്യം കൊടുത്ത മോഡുലേഷനിലുള്ളതാണു സിനിമയിൽ എടുത്തത്. ഒറ്റ ടേക്കിൽ അത് ഓകെയായി. രാഹുലും കാമറാമാൻ ഷെനാദും ഉൾപ്പെടെ എല്ലാവരും കൈയടിച്ചു.

മുറിക്കകത്തു കയറി രഹസ്യങ്ങളറിഞ്ഞ രോഹനെ എത്രയുംപെട്ടെന്ന് ഇല്ലാതാക്കുകയാണ് എൽസമ്മയുടെ ലക്ഷ്യം. അതിനായി വലിയ ഒരു കുഴി എടുക്കണമെങ്കിൽ വലിയതോതിലുള്ള അധ്വാനം അതിനുപിന്നിലുണ്ടാകണം. അതു നമ്മുടെ എനർജിയിലും കാണിക്കണം. അഭിനേത്രി എന്ന നിലയിൽ അതു മനസിലാക്കി ആ ഫീൽ വരുത്തി. 'ആഞ്ഞു വെട്ടിക്കോ' എന്ന് ആർട്ടിലെ പ്രശാന്ത് അമരവിള പറഞ്ഞു. അങ്ങനെ ചെയ്തപ്പോഴേക്കും ഞാൻ നന്നായി കിതച്ചു. കുഴിയെടുത്തു കഴിഞ്ഞ് കട്ട് പറഞ്ഞപ്പോൾ രാഹുലും ഷെനാദും ഇറങ്ങിവന്ന് 'ചേച്ചിക്ക് ഇതായിരുന്നോ പണി'യെന്നു ചോദിച്ചു! വീടിനുള്ളിലെ ഫൈറ്റിന് എനിക്കു ഡ്യൂപ്പ് റെഡിയായിരുന്നു. പക്ഷേ, ഇനി ഫൈറ്റും ഞാൻ തന്നെ ചെയ്താൽ മതിയെന്നായി രാഹുൽ. ആ സമയത്തു വല്ലാത്ത ഒരു ഊർജം എനിക്കുണ്ടായിരുന്നു. കുഴിവെട്ടുന്നിടത്തും കോടാലിയുമേന്തി രോഹനെ വെട്ടാനോടിവരുമ്പോഴും ഏതോ ഒരു ശക്തി ആവാഹിച്ചതുപോലെയുള്ള പ്രകടനമാണ് കാഴ്ചവെച്ചത്.

കോടാലികൊണ്ടു വെട്ടുമ്പോൾ അലമാരി ഇടിഞ്ഞുവീഴുന്ന സീൻ വീടിനു പുറത്തുവെച്ച് പ്രാക്ടീസ് ചെയ്തപ്പോൾ ഒന്നുരണ്ടു വട്ടം ഞാൻ കാൽവഴുതി വീണു. ഇതൊക്കെ ചെയ്യാനാണല്ലോ എന്നെ ഇതിലേക്കു വിളിച്ചതെന്ന ബോധ്യത്തിൽ, ക്രൂവിലുള്ളവരുടെ പിന്തുണയിൽ, ആ സീൻ ഡ്യൂപ്പില്ലാതെ ഞാൻ പൂർത്തിയാക്കി. എപ്പോഴും ആക്ടീവായിരുന്നു പ്രണവ്. ആ സീനുകളൊക്കെ ഞങ്ങൾക്കു യോജിച്ചു ചെയ്യാനായി.

ക്ലൈമാക്സിൽ ഞാൻ തലയടിച്ചു വീഴുന്ന സീൻ ഫൈറ്റ് മാസ്റ്റർ എന്നെ സുരക്ഷിതമാക്കി ചെയ്യിച്ചു. രാഹുലിന് അതത്ര ഓകെ ആയില്ല. ഒരുവട്ടം കൂടി വീഴുന്നതുകൊണ്ടു കുഴപ്പമുണ്ടോ എന്നായി രാഹുൽ. ഇത്രയും വലിയ ഒരു വേഷം അദ്ദേഹം വിശ്വസിച്ച് ഏൽപ്പിച്ചത് എന്നെക്കൊണ്ടു ചെയ്യാൻ പറ്റും എന്നുള്ളതുകൊണ്ടാണല്ലോ. രണ്ടു ടേക്കിൽ ആ സീൻ ഓകെയായി. ഒരു സിനിമയിലും മുമ്പു ഞാൻ ഫൈറ്റ് ചെയ്തിരുന്നില്ല. 55-60 പ്രായമാണ് എൽസമ്മയ്ക്ക്. ഈ പ്രായത്തിൽ ഫൈറ്റ് സീനുകളുള്ള ഒരു കഥാപാത്രം അടുത്തെങ്ങും മറ്റൊരഭിനേത്രിയും ചെയ്തിട്ടുണ്ടാവില്ല.



അടച്ചിട്ട മുറിയിൽ രോഹൻ കയറി എന്ന് എൽസമ്മയ്ക്കു ബോധ്യമാകുന്ന ഒരു സന്ദർഭമുണ്ട് സിനിമയിൽ. അപ്പോൾ പെട്ടെന്നുണ്ടായ ഭാവമാറ്റമൊക്കെ ആ നിമിഷത്തിൽ അങ്ങനെ വന്നുപോയതാണ്. രാഹുൽ പറഞ്ഞു തന്നതും സീനിൽ ഞാൻ കൊടുത്തതും പൊരുത്തപ്പെട്ടതു തുടർന്നുള്ള സീനുകൾ ചെയ്യാൻ ഊർജമായി. ക്ലൈമാക്സിൽ പ്രണവ് കൈതരുന്ന സീനിൽ ഞാൻ പ്രണവിനെ നോക്കിയശേഷം പെട്ടെന്നു മുഖം താഴ്ത്തിയിട്ടാണു കൈകൊടുക്കുന്നത്. നമ്മൾ അറിയാതെ നമ്മുടെ ശരീരം ചിലത് ആവശ്യപ്പെടില്ലേ. അങ്ങനെ ചെയ്തുപോയതാണത്. അതു രാഹുലിനു നന്നായി ഇഷ്ടപ്പെട്ടു. ഒരു ഇംഗ്ലീഷ് പാട്ട് ചേർത്ത് ആ സീൻ എന്നെ കാണിച്ചു. അതിൽ ഞാൻ മുഖവും കണ്ണുകളും താഴ്ത്തിയിരുന്നു. 'ഇതാണ് ആർട്ടിസ്റ്റ്' എന്നു രാഹുൽ പറഞ്ഞതു കേട്ടപ്പോൾ വല്ലാത്തൊരു ഫീലായിരുന്നു. 'ഉള്ളൊഴുക്കി'ലെ എന്റെ കഥാപാത്രവും 'കൊണ്ടലി'ലെ എന്റെ മുഖത്തിന്റെ ഡാർക്ക് മേക്കപ്പുമാണ് ഇതിലേക്കു വിളിക്കാൻ പ്രേരണയായതെന്നു രാഹുൽ പറഞ്ഞിട്ടുണ്ട്.

പ്രീഡിഗ്രികാലത്താണ് അഭിനയത്തുടക്കം. ബന്ധു നളിനിയുടെ തൃപ്പൂണിത്തുറ ശ്രീചക്ര നൃത്തവിഹാറിൽ നാരദമോക്ഷം ബാലെയിൽ. പിന്നീടാണു നാടകത്തിലെത്തിയത്. കോട്ടയം അക്ഷയ, ചേർത്തല സാഗരിക, ചങ്ങനാശേരി പ്രതിഭ, സൃഷ്ടി തുടങ്ങിയ സമിതികളിൽ അഭിനയിച്ചു. സൃഷ്ടിയുടെ 'ആത്മനിവേദനം' എന്ന നാടകത്തിൽ ഭർത്താവായി വേഷമിട്ട നാരായണക്കുറുപ്പിനെ പിന്നീടു വിവാഹം ചെയ്തു. അച്ഛൻ കൊച്ചിൻ ഷിപ് യാർഡ് ജീവനക്കാരൻ സി.ആർ. കുമാരൻ. അമ്മ ശാന്തമ്മ. ലിജോ ജോസ് പെല്ലിശേരിയുടെ 'ജെല്ലിക്കെട്ടാ'ണ് എന്റെ ആദ്യ സിനിമ. അതിൽ ബാങ്ക് മാനേജരുടെ കഥാപാത്രം. പിന്നീടു 'സാജൻ ബേക്കറി'. ശ്രദ്ധിക്കപ്പെട്ടതു ഫഹദിന്റെ 'മലയൻകുഞ്ഞി'ൽ. അതിൽ അനിക്കുട്ടന്റെ അമ്മ, ശാന്തമ്മ. അതിന്റെ ഷൂട്ട് കഴിഞ്ഞപ്പോഴാണു 'പാൽതൂ ജാൻവറി'ലേക്കും 'ഉള്ളൊഴുക്കി'ലേക്കും വിളിച്ചത്. 'പാൽതൂ ജാൻവറി'ൽ ജോണി ആന്റണിയുടെ ഭാര്യവേഷം. ഉള്ളൊഴുക്കിൽ പാർവതിയുടെ അമ്മവേഷം. 'കൊണ്ടലി'ൽ രാജ് ബി. ഷെട്ടിയുടെയും പെപ്പെയുടെയും അമ്മവേഷം. പിന്നീടു 'ക്രിസ്റ്റി', 'ക്രിസ്റ്റഫർ', 'അയൽവാശി'. 'പേരല്ലൂർ പ്രീമിയർ ലീഗ് വെബ്സീരീസി'ൽ വിജയരാഘവന്റെ ഭാര്യാവേഷം. ക്രിസ്റ്റഫറിൽ മമ്മൂക്കയുമായി കോംബിനേഷനുണ്ട്.

'സൂക്ഷ്മദർശിനി'യിൽ ബേസിലിനെ പഠിപ്പിച്ച ടീച്ചറിന്റെ വേഷം. 'പൊൻമാനി'ൽ സജിന്റെ അമ്മയായി അഭിനയിച്ചു. ലൂസിയമ്മ എന്ന കഥാപാത്രം. 'ഗർർ' സിനിമയിൽ ചാക്കോച്ചന്റെ അമ്മവേഷം. 'ഓഫീസർ ഓൺ ഡ്യൂട്ടി'യിൽ മനോജ് കെ.യുവിന്റെ ഭാര്യാവേഷം. 'ഉള്ളൊഴുക്ക്' കണ്ടിട്ടാണ് 'ഹൃദപൂർവ'ത്തിലെ ലതച്ചേച്ചിയാകാൻ സത്യൻസാർ വിളിച്ചത്.

സിനിമയിലെ കഥാപാത്രങ്ങൾക്കു കൃത്യമായ മോഡുലേഷനിൽ ശബ്ദം കൊടുക്കുന്നതിനു നാടകപരിചയം സഹായിച്ചു. ഇതിൽ വചനങ്ങളും ആത്മഭാഷണവും അവതരിപ്പിക്കാൻ അതു തുണയായി. സിനിമയാണ് എന്നെ കുറച്ച് സ്വതന്ത്രയാക്കിയത്. മുമ്പ് എനിക്കുവേണ്ടി പ്രതികരിക്കുകയോ സംസാരിക്കുകയോ ചെയ്യുന്ന ഒരാൾ ആയിരുന്നില്ല ഞാൻ. സിനിമയിൽ വന്നപ്പോൾ എന്റെ കാര്യങ്ങൾ പറയാൻ ഞാൻ മാത്രമേയുള്ളൂ എന്നു തിരിച്ചറിഞ്ഞു. ഇന്നതു വേണം, ഇന്നതു വേണ്ടാ എന്നു പറയാനുള്ള ഇച്ഛാശക്തി കിട്ടിയതു സിനിമയിലെത്തിയശേഷമാണ്.

അഭിനയ ജീവിതത്തിലെ പുതിയ വിശേഷങ്ങളെക്കുറിച്ച് ജയകുറുപ്പ് വാചാലയായി. അഖിൽ സത്യന്റെ 'സർവം മായ' റിലീസായി. അതിൽ അജുവിന്റെ അമ്മവേഷം. ഇപ്പോൾ അഭിനയിക്കുന്നതു ലാൽ സാറിന്റെ മകൾ വിസ്മയയുടെ 'തുടക്കം' എന്ന സിനിമയിൽ. സംവിധാനം ജൂഡ് ആന്റണി. നരിപ്പറ്റ രാജു മാഷിന്റെ സംവിധാനത്തിൽ 'ഇടുക്കിയുടെ ചരിത്രം-തോറ്റവരുടെ യുദ്ധങ്ങൾ' എന്ന ഡോക്യുഫിക്ഷൻ നാടകവും ചെയ്യുന്നു. അതിൽ മറിയ എന്ന കഥാപാത്രം.

കിട്ടുന്ന കഥാപാത്രങ്ങൾ നന്നായി ചെയ്യാനാവണം. കാരണം, അവയിലേറെയും ഉൾക്കാമ്പുള്ള വേഷങ്ങൾ തന്നെ. ഏറെയും പ്രായമുള്ള അമ്മ വേഷങ്ങൾ. അമ്മമാരുടെ പെരുമാറ്റരീതികൾ ഏകദേശം ഒരേപോലെയാണല്ലോ. പക്ഷേ, ഒരേ മാനറിസങ്ങൾ പിടിക്കാതെ, ഒരേ ടൈപ്പായി പോകാതെ മാറ്റിമാറ്റി ചെയ്യാനാണ് എപ്പോഴും ശ്രദ്ധിക്കുന്നത്. ഭർത്താവിനും മക്കളായ കാർത്തിക, കീർത്തന, കാശിനാഥൻ എന്നിവർക്കുമൊപ്പം കട്ടപ്പനയിലാണ് എന്റെ താമസം.

# കൊച്ചി വിമാനത്താവളത്തിൽ നവീകരിച്ച കലാങ്കണം ഉദ്ഘാടനം ചെയ്തു

നെടുമ്പാശേരി: കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നവീകരിച്ച കലാങ്കണം ഉദ്ഘാടനം ചെയ്തു. സിയാൽ ആഭ്യന്തര ടെർമിനലിൽ ബോർഡിംഗ് ഗേറ്റ് ഏഴിന്റെ പരിസരത്താണ് കേരളത്തിന്റെ സമൃദ്ധമായ കലാ-സാംസ്കാരിക പാരമ്പര്യം പ്രതിഫലിപ്പിക്കുന്ന കലാങ്കണം പണി കഴിപ്പിച്ചിട്ടുള്ളത്. ക്ഷേത്രമാതൃകയിലുള്ള നിർമ്മിതിയിൽ കഥകളി, ചാക്യാർകൂത്ത്, നങ്ങ്യാർകൂത്ത്, ഓട്ടൻതുള്ളൽ, മോഹിനിയാട്ടം, തെയ്യം എന്നിങ്ങനെ വിവിധ കലാരൂപങ്ങളുടെ മാതൃകകളാണുള്ളത്.

സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് കലാങ്കണം ഉദ്ഘാടനം ചെയ്തു.എക്സിക്യൂട്ടീവ് ഡയറക്ടർമാരായ ജയരാജൻ, സജി കെ. ജോർജ്, സിഎഫ്ഒ സജി ഡാനിയേൽ, എയർപോർട്ട് ഡയറക്ടർ ജി. മനു, പദ്ധതിയുടെ കൺസൾട്ടന്റ് വൈക്കം പി. രാജശേഖരൻ എന്നിവരും സിയാലിലെ വിവിധ വകുപ്പു മേധാവികളും ചടങ്ങിൽ പങ്കെടുത്തു.

ഉപയോഗമില്ലാതെ കിടന്ന ഒരു സ്ഥലത്തെ സജീവമായ കലാ സമുച്ചയമാക്കി മാറ്റിയ ഈ സംരംഭം യാത്രക്കാരുടെ ശ്രദ്ധാകേന്ദ്രമായി മാറുകയാണ്. ഉദ്ഘാടനത്തിനുശേഷം നിരവധി യാത്രക്കാരാണ് കലാങ്കണം സന്ദർശിക്കാനെത്തുന്നത്. ടെർമിനലിലെ ഫോട്ടോ സ്പോട്ടായി കലാങ്കണം മാറുകയാണ്.

## കോൺഗ്രസ് സ്ഥാനാർത്ഥി നിർണയം: മധുസൂദൻ മിസ്ത്രി അദ്ധ്യക്ഷൻ

ന്യൂഡൽഹി: കേരളമടക്കം നിയമസഭാ തെരഞ്ഞെടുപ്പു നടക്കാനിരിക്കുന്ന സംസ്ഥാനങ്ങളിൽ സ്ഥാനാർത്ഥി നിർണയത്തിന് എഐസിസി സ്ക്രീനിങ് കമ്മിറ്റികളെ നിശ്ചയിച്ചു. രാഹുൽ ഗാന്ധിയുടെ വിശ്വസ്തനും ഗുജറാത്തിൽ നിന്നുള്ള മുതിർന്ന കോൺഗ്രസ് നേതാവുമായ മധുസൂദൻ മിസ്ത്രിയാണു കേരളത്തിലെ സ്ക്രീനിങ് കമ്മിറ്റി അദ്ധ്യക്ഷൻ. 2022-ൽ കോൺഗ്രസിന്റെ അദ്ധ്യക്ഷ തെരഞ്ഞെടുപ്പിൽ പാർട്ടിയുടെ കേന്ദ്ര തെരഞ്ഞെടുപ്പു അതോറിറ്റിയുടെ ചെയർമാനായിരുന്നു മിസ്ത്രി. കർണാടകയിൽനിന്നുള്ള രാജ്യസഭാംഗവും ജമ്മു കശ്മീരിന്റെ ചുമതല വഹിക്കുന്ന എഐസിസി ഭാരവാഹിയുമായ സയ്യിദ് നസീർ ഹുസൈൻ, രാജസ്ഥാനിൽനിന്നുള്ള രാജ്യസഭാംഗം നീരജ് ദാംഗി, എഐസിസി സെക്രട്ടറി അഭിഷേക് ദത്ത് എന്നിവരാണ് കേരളാ സമിതിയിലെ മറ്റംഗങ്ങൾ.

പിസിസി അദ്ധ്യക്ഷൻ, പ്രതിപക്ഷ നേതാവ്, സംസ്ഥാനത്തു നിന്നുള്ള എഐസിസി ജനറൽ സെക്രട്ടറിമാർ, ചുമതല വഹിക്കുന്ന എഐസിസി ഭാരവാഹി എന്നിവർ സമിതിയിൽ അനൗദ്യോഗിക അംഗങ്ങളാകും. കേരളത്തിനു പുറമേ, കോൺഗ്രസ് പ്രതീക്ഷ പുലർത്തുന്ന അസമിൽ എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധിയാണ് സ്ക്രീനിങ് കമ്മിറ്റി അദ്ധ്യക്ഷയെന്നതു കൗതുകമായി. സപ്തഗിരി ശങ്കർ ഉലക, ഇശാൻ മസൂദ്, സിരിവെല്ല പ്രസാദ് എന്നിവരാണ് അംഗങ്ങൾ.

## നോയിഡയിൽ ആദ്യ എഐ മെഡിക്കൽ ക്ലിനിക്

നോയിഡ: ഉത്തർപ്രദേശിലെ ഗ്രേറ്റർ നോയിഡയിൽ ഇന്ത്യയിലെ ആദ്യ എഐ മെഡിക്കൽ ക്ലിനിക് പ്രവർത്തനം തുടങ്ങി. ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലാണ് ക്ലിനിക്. ഡോക്ടർമാർക്കും രോഗികൾക്കും നേരിട്ട് എഐ അടിസ്ഥാനമാക്കിയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് പ്രധാന ലക്ഷ്യം.സാങ്കേതികവിദ്യയുടെ ഉപയോഗം, രോഗികളുടെ സുരക്ഷ വർദ്ധിപ്പിക്കുകയും ചികിത്സാ സമയം കുറയ്ക്കുകയും കൂടുതൽ കൃത്യമായ മെഡിക്കൽ തീരുമാനങ്ങളെടുക്കാനും സഹായിക്കുമെന്ന് അധികൃതർ അറിയിച്ചു. ഇന്ത്യയിലും വിദേശത്തുമുള്ള നൂറിലധികം വിദഗ്ദ്ധർ ക്ലിനിക്കിന്റെ ഓൺലൈൻ ഉദ്ഘാടനത്തിൽ പങ്കെടുത്തു.

## സാമിന്റെ 'കഥ പറയുന്ന കല്ലുകൾ'

(16-ാം പേജിൽനിന്നും)

തെസ്സലോനിക്കി 1430 മുതൽ അഞ്ചു നൂറ്റാണ്ടുകൾ ഓട്ടോമാൻ സാമ്രാജ്യത്തിന്റെ ഉരുക്കുമുഷ്ടിയിലമർന്നു. ബാൾക്കൻ യുദ്ധഫലമായിട്ടാണ് തുർക്കികളുടെ ആധിപത്യം യൂറോപ്പിൽനിന്നും അപ്രത്യക്ഷമായത്.

സാമും സംഘവും തെസ്സലോനിക്കിയിൽ നിന്ന് ബരോവയിലെത്തി. മാസിഡോണിയയിലാണ് ഉത്തരഗ്രീസിലെ പുരാതന നഗരമായ വിറിയ എന്ന ബരോവ. ബരോവ യൂറോപ്പിൽ ക്രിസ്തുമതത്തിന്റെ പ്രഭവകേന്ദ്രങ്ങളിൽ ഒന്നായിരുന്നു. അലക്സാണ്ടർ ചക്രവർത്തിയുടെ മരണശേഷം ബി.സി. 168-ൽ ബരോവ റോമാ സാമ്രാജ്യത്തിന്റെ ഭാഗമായിത്തീർന്നിരുന്നു.

എ.ഡി. 1941-ൽ ഗ്രീസ് നാസിജർമനിയുടെ അധീനതയിലായി. തുടർന്നു നാസികൾ മാസിഡോണിയയിൽ നിലനിന്നിരുന്ന യഹൂദകുടുംബങ്ങളെ അപ്രത്യക്ഷമാക്കി.

ഗ്രീസിലെ ചരിത്രപ്രധാനങ്ങളായ സ്ഥലങ്ങളാണ് കാവാലയും ഫിലിപ്പിയും. ഉത്തര ഗ്രീസിലെ സമുദ്രനഗരമായ കാവാലയെ 'ഈജിയൻ കടലിന്റെ റാണി' എന്ന് വിളിക്കപ്പെട്ടിരുന്നു. മലയാളം ബൈബിളിൽ ഈ സ്ഥലത്തെ നവപ്പൊലി എന്നു പറയുന്നു. ബി.സി 350-ൽ മാസിഡോണിയൻ രാജാവും അലക്സാണ്ടർ ചക്രവർത്തിയുടെ പിതാവുമായ ഫിലിപ്പ് രണ്ടാമൻ നവപ്പൊലി പിടിച്ചടക്കി വലിയൊരു തുറമുഖമാക്കി.

ബി.സി. 42-ൽ റോമൻ സാമ്രാജ്യത്തിലെ ഏറ്റവും വലിയ ആഭ്യന്തരസമരമായിരുന്നു ഫിലിപ്പി യുദ്ധം. റോമൻ സെനറ്റർമാർ ആയിരുന്ന ബ്രൂട്ടസും കാഷ്യസും ചേർന്നാണ് റോമൻ ഭരണാധികാരിയായിരുന്ന ജൂലിയസ് സീസറിന്റെ വധം ആസൂത്രണം ചെയ്തത്. റോമൻ സൈന്യത്തിന്റെ നേതാക്കന്മാരായിരുന്ന മാർക്ക് ആന്റണിയും ഒക്റ്റേവിയനും ഒരുവശത്തും ബ്രൂട്ടസും കാഷ്യസും മറുവശത്തുമായിരുന്നു. ലോകചരിത്രത്തെ സ്വാധീനിച്ച ഫിലിപ്പി യുദ്ധത്തിൽ നാല്പതിനായിരം സൈനികർ വധിക്കപ്പെട്ടു. മാർക്ക് ആന്റണിയും ഒക്റ്റേവിയനും യുദ്ധത്തിൽ വിജയിച്ചു. ഒക്റ്റേവിയൻ പിന്നീട് അഗസ്റ്റസ് സീസർ എന്ന നാമധേയത്തിൽ ആദ്യ റോമൻ ചക്രവർത്തിയായി. അഗസ്റ്റസ് സീസറിന്റെ കാലത്താണ് യേശു ഭൂജാതനായത്.

കാവാലയ്ക്ക് പടിഞ്ഞാറായിട്ടാണ് പുരാതന ഫിലിപ്പി നഗരം. ഫിലിപ്പി ഇന്ന് ഐക്യരാഷ്ട്ര സഭയുടെ ചരിത്ര സ്മാരക പ്രദേശമാണ്. അവിടെയുള്ള മറ്റൊരു ശ്രദ്ധാകേന്ദ്രമാണ് പുരാതനമായ ആംഫിതിയേറ്റർ. ക്രിസ്തുമതം യൂറോപ്പിലേക്ക് പ്രവേശിക്കുന്നത് ഫിലിപ്പി എന്ന കവാടത്തിലൂടെയാണ്.

ബൈബിളിൽ ലൂദിയ എന്ന സ്ത്രീയെപ്പറ്റി പറയുന്നുണ്ട്. അവർ സ്നാനപ്പെട്ട സ്ഥലത്ത് ഒരു ചാപ്പൽ നിർമ്മിച്ചു. അവിടെ വിശ്വാസികൾ കുഞ്ഞുങ്ങളെ സ്നാനപ്പെടുത്താൻ കൊണ്ടുവരാറുണ്ട്. സാം ലൂദിയ പള്ളി സന്ദർശിച്ചപ്പോൾ, അദ്ദേഹം ഒരു പുരോഹിതനാണെന്ന് ധരിച്ച് ഒരു റഷ്യൻ അമ്മ അവളുടെ കൈക്കുഞ്ഞിനെ അനുഗ്രഹിക്കണമെന്ന് ആവശ്യപ്പെട്ടു. സാം മലയാളത്തിൽ ഒരു പ്രാർത്ഥന ചൊല്ലി കുഞ്ഞിനെ അനുഗ്രഹിച്ചു. അമ്മയ്ക്ക് തൃപ്തിയായി.

സാമും സംഘവും കാവാലയിൽ നിന്ന് ബസ് മാർഗ്ഗം തുർക്കിയിലേക്കു തിരിച്ചു. തുർക്കിയിൽ പ്രവേശിക്കുന്നതിനു വേറെ വിസ വേണം. വേറെ ബസ്സും വേണം. തുർക്കിയുടെ ചന്ദ്രക്കലയും നക്ഷത്രവുമുള്ള ചുവന്ന പതാക സാമിനെ സ്വാഗതം ചെയ്തു.

തുർക്കിയിൽ അവർ എത്തുന്നത് ച്ചനക്കാലിയിലാണ്. അവിടെ ഹോമറിന്റെ ഇതിഹാസ ഗ്രന്ഥത്തിലെ കഥാപാത്രമായ, ഭീമാകാരമായ ഒരു കറുത്ത കുതിര അവരെ സ്വീകരിച്ചു. രാമായണ കഥയോട് പല സാമ്യമുള്ള കഥയാണ് ഹോമറിന്റെ ഇലിയഡ്. ഗ്രീക്ക് സാഹിത്യത്തിലെ ഏറ്റവും മികച്ച കൃതിയാണിത്. കവിതാരൂപത്തിലുള്ള ഇതിന്റെ ഇതിവൃത്തം ഇരുരാജ്യങ്ങൾ തമ്മിലുള്ള യുദ്ധമാണ്. ക്രിസ്തുവിനു മുമ്പ് എട്ടാം നൂറ്റാണ്ടിലാണ് ഇലിയഡ് രചിക്കപ്പെട്ടത്.

തുടർന്നു സാം തുർക്കിയുടെയും ബൈബിളിന്റെയും യേശുവിന്റെ ശിഷ്യനായ യോഹന്നാനേയുംപറ്റി ഈ പുസ്തകത്തിൽ വളരെ ലളിതമായും വിജ്ഞാനപ്രദമായും വിശദമായും പറയുന്നു. ആ വിജ്ഞാനം സഞ്ചാരികൾക്ക് വഴികാട്ടിയാണ്. Book available at National books, More information contact author.Sam Jeev 586 339 2551.

## വെനസ്വേലയിൽ അമേരിക്കൻ അധിനിവേശം: പ്രസിഡണ്ടിനെ ജയിലിൽ അടച്ചു

ന്യൂയോർക്ക്: ലാറ്റിനമേരിക്കൻ രാജ്യമായ വെനസ്വേലയെ ആക്രമിച്ച യുഎസ്, സോഷ്യലിസ്റ്റ് പാർട്ടി നേതാവു കൂടിയായ പ്രസിഡണ്ട് നിക്കോളാസ് മഡുറോയെയും (63) ഭാര്യ സീലിയ ഫ്ളോറെസിനെയും (69) പിടികൂടി രാജ്യത്തിനു പുറത്തേക്കു കടത്തി. അമേരിക്കൻ സൈന്യം പിടികൂടിയ വെനസ്വേലയുടെ പ്രസിഡണ്ട് നിക്കോളാസ് മഡുറോയെ ന്യൂയോർക്കിലെ ജയിലിൽ അടച്ചു.

വെനസ്വേലയുടെ എണ്ണവ്യാപാരം ഇനി യുഎസ് എണ്ണക്കമ്പനികൾ ഏറ്റെടുക്കുമെന്നു ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ചു. അതിനിടെ, മഡുറോയാണ് ഏക പ്രസിഡണ്ട് എന്ന് വെനസ്വേലയിൽ ഇടക്കാല പ്രസിഡണ്ടായി ചുമതലയേറ്റ ഡെൽസി റോഡ്രിഗോ പ്രഖ്യാപിച്ചു. സാമ്രാജ്യത്വ എണ്ണക്കവർച്ചയുടെ ഭാഗമായാണ് മഡുറോയെ തട്ടിക്കൊണ്ടുപോയതെന്നും വെനസ്വേല സർക്കാർ പറഞ്ഞു. 'ഇനിയൊരിക്കലും ഞങ്ങൾ ഏതെങ്കിലും സാമ്രാജ്യത്തിന്റെ കോളനിയാവില്ല' - ഡെൽസി പറഞ്ഞു.



വെനസ്വേലയുടെ ഭരണം യുഎസ് നടത്തുമെന്നും ഇടക്കാല പ്രസിഡണ്ട് യുഎസ് താൽപര്യങ്ങൾ സംരക്ഷിക്കുമെന്നും ട്രംപ് അവകാശപ്പെട്ടതിനു പിന്നാലെയാണു ഡെൽസിയുടെ പ്രസ്താവന. വെനസ്വേലയുടെ നഗരത്തെരുവുകൾ ജനുവരി നാലിന് ഞായറാഴ്ച ശാന്തമായിരുന്നു. വെനസ്വേലയുടെ ഭരണം യുഎസ് നടത്തുമെന്നു ട്രംപ് പ്രഖ്യാപിച്ചെങ്കിലും ഇതെങ്ങനെ സാധ്യമാകും എന്നു വ്യക്തമല്ല. ശനിയാഴ്ച വൈകിട്ടാണു മഡുറോയെയും വഹിച്ചുകൊണ്ടുള്ള സൈനികവിമാനം ന്യൂയോർക്ക് സിറ്റിക്കുസമീപം ഇറങ്ങിയത്. തുടർന്നു ഹെലികോപ്റ്ററിലാണു ബ്രൂക്ലിനിലെ മെട്രോപൊളിറ്റൻ ഡിറ്റൻഷൻ സെന്ററിലേക്കു കൊണ്ടുപോയത്. 1990-ൽ യുഎസ് സേന പിടികൂടിയ പാനമയുടെ സൈനിക ഭരണാധികാരി ജനറൽ മാനുവൽ നോറിയേഗ 20 വർഷം യുഎസ് ജയിലിലായിരുന്നു. പിന്നീട് ഏഴ് വർഷം ഫ്രഞ്ച് ജയിലിലും കഴിഞ്ഞു. യുഎസ് സേനാക്രമണത്തിൽ മഡുറോയുടെ സുരക്ഷാസേനയിലെ ഏറെപ്പേരും കൊല്ലപ്പെട്ടെന്ന് വെനസ്വേലയുടെ പ്രതിരോധമന്ത്രി ജനറൽ വ്ളാഡിമിർ പട്രിനോ അറിയിച്ചു. എത്രപേർ കൊല്ലപ്പെട്ടെന്ന് അദ്ദേഹം വ്യക്തമാക്കിയില്ല. വെനസ്വേലയിൽ യുഎസ് നടത്തിയ കടന്നുകയറ്റത്തിൽ ഇന്ത്യ ആശങ്ക അറിയിച്ചു. അതേസമയം യുഎസ് നീക്കത്തെ ഇന്ത്യ അപലപിച്ചിട്ടില്ല.

## വോട്ടർ പട്ടിക പരിഷ്കരണം: ചെറിയ തെറ്റുകൾക്ക് ഹിയറിംഗില്ല

തിരുവനന്തപുരം: വോട്ടർപട്ടികയിൽ ചെറിയ തെറ്റ് വരുത്തിയവരെ ഹിയറിംഗിന് വിളിക്കില്ല. പേരിലെ അക്ഷരത്തെറ്റ്, വയസ് രേഖപ്പെടുത്തിയതിലെ പിശക് തുടങ്ങിയ പിഴവുകൾ വരുത്തിയവർക്ക് നോട്ടീസും ഹിയറിംഗും ഉണ്ടാകില്ല. വോട്ടർപട്ടികയിലെ ഇത്തരം വ്യാപക പിശകുകൾ ബിഎൽഒയുടെ ഉത്തരവാദിത്വത്തിൽ തിരുത്താൻ നിർദേശം നൽകി. 2002-ലെ എസ്ഐആർ പട്ടികയിലെ വിവരങ്ങളുമായി ചേർച്ചയില്ലാത്ത (നോ മാപ്പിംഗ്) 19.32 ലക്ഷം വോട്ടർമാരിൽ 17.71 ലക്ഷത്തിന് നോട്ടീസ് തയാറാക്കുന്നു. എന്നാൽ 18,915 പേർക്കു മാത്രമേ ഇതുവരെ നോട്ടീസ് വിതരണം ചെയ്തിട്ടുള്ളു. ഇവർക്കുള്ള ഹിയറിംഗ് ഏഴിനു തുടങ്ങും. ബിഎൽഒമാർ രണ്ടുദിവസത്തിനകം വീടുകളിലെത്തി നോട്ടീസ് നൽകും. നോട്ടീസ് നൽകിക്കഴിഞ്ഞാൽ ഏഴുദിവസത്തിനു ശേഷമാണ് ഹിയറിംഗ്. തെരഞ്ഞെടുപ്പു കമ്മീഷൻ ആവശ്യപ്പെടുന്ന രേഖകൾ നൽകുന്ന വോട്ടർമാരെ ഹിയറിംഗിൽനിന്ന് ഒഴിവാക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ യോഗത്തിൽ രാഷ്ട്രീയ പാർട്ടികൾ ആവശ്യപ്പെട്ടു. നോ മാപ്പിംഗ് വിഭാഗത്തിലെ 5.12 ലക്ഷം പേർ ഇതിനകം രേഖകൾ നൽകി. ഇവരെ ഹിയറിംഗിൽനിന്ന് ഒഴിവാക്കിയേക്കും. നോ മാപ്പിംഗ് വിഭാഗത്തിലെ എല്ലാവർക്കും നോട്ടീസ് നൽകണമെന്നാണ് നിയമമെങ്കിലും ആരെയൊക്കെ ഹിയറിംഗിൽനിന്ന് ഒഴിവാക്കണമെന്ന് ഇആർഒമാർക്ക് തീരുമാനിക്കാമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കർ പറഞ്ഞു. കിടപ്പുരോഗികൾ, നടക്കാൻ പ്രയാസമുള്ളവർ, ഭിന്നശേഷിക്കാർ തുടങ്ങിയവരെ വിളിച്ചുവരുത്താതെ പകരക്കാരെ ഹിയറിംഗിന് നിയോഗിക്കാൻ അനുമതി നൽകുന്നതും ഇആർഒയുടെ വിവേചനാധികാരമാണ്.

## ആന്റണി രാജുവിന് മൂന്നു വർഷം തടവ്

(3-ാം പേജിൽനിന്നും)

തന്റെ സീനിയറായ അഡ്വ. സെലിൻ വിൽഫ്രഡുമായി ചേർന്നാണ് ആൻഡ്രു സാൽവദോറിന്റെ വക്കാലത്ത് ഏറ്റെടുത്തത്. തൊണ്ടിമുതൽ ആന്റണി രാജുവിന് കൊടുത്തുവിട്ട ക്ലർക്കാണ് കേസിലെ ഒന്നാംപ്രതി കെ.എസ്. ജോസ്. കോടതി നടപടികൾക്കു ശേഷം പുറത്തുവന്ന ആന്റണി രാജുവിനെ കോൺഗ്രസ് പ്രവർത്തകർ തടയാൻ ശ്രമിച്ചത് സംഘർഷത്തിനിടയാക്കി.

അതേസമയം, തൊണ്ടിമുതൽ തിരിമറി കേസിൽ കോടതി മൂന്നു വർഷത്തേക്കു ശിക്ഷിച്ച ആന്റണി രാജു നിയമസഭാംഗത്വത്തിൽനിന്ന് അയോഗ്യനായി. രണ്ടുവർഷത്തിൽ കൂടുതൽ ശിക്ഷ ലഭിച്ചാൽ ഉടനടി എംഎൽഎ സ്ഥാനത്തുനിന്ന് അയോഗ്യനാകുമെന്ന സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണിത്. മത്സരിക്കാനും ആന്റണി രാജുവിന് ആറു വർഷത്തെ വിലക്കുണ്ട്.

അയോഗ്യത പുനഃസ്ഥാപിക്കണമെങ്കിൽ ഇപ്പോഴത്തെ ശിക്ഷയും ശിക്ഷാവിധിയും മേൽക്കോടതി റദ്ദാക്കുകയോ സ്റ്റേ ചെയ്യുകയോ വേണം. ഇതിന് സാധ്യത കുറവാണെന്നാണ് നിയമവിദഗ്ധർ പറയുന്നത്.


Miami
Knanaya Catholic Association of South Florida (KCASF)
Christmas
NEW YEAR
CELEBRATION &
16th KCCNA
MIAMI
Convention
KICK OFF
Saturday, January 10th 2026 at 7.00 pm
at Kananaya Community Center
14790, Sw 24th St, Davie, FL33325
Chief Guests
bin Elackatt
ayor of
ssouri City, TX
James Illikal
KCCNA President
6.00 pm General Body Meeting
6.45 pm Snacks
7.00 pm Meeting
▲ KCCNA Convention Registration Kick Off
▲ Entertainment Programs
▲ Dinner (Live Food)
Aby Thekkanatt
President
Manju Veliyantharayil
Secretary
Jibish Maniyattel
Treasurer
Fr. Saji Pinarkayil
Spiritual Director
Jacob Padavathil
Vice President
Sherin Panamthanath
Joint Secretary
Arun Powathil
National Council Member
Roshini Kaniyamparambil
Women's Forum President
KCYL & Yuvajanavedhi Directors
Simi Thanath
Simla Koovaplackal
Kids CLub Directors
Deepu Kandarappallil
Nixon Pralel
Rogi Kaniyamparambil
Building Board Chairman
Angelina Powathil
Kids Club President
Agnes Panamthanath
KCYL President
Emmanuel Ottappallil
Yuvajanavedhi President


സ്വർണ്ണച്ചാമരം
പ്രൊഫ. ബാബു തോമസ് പൂഴിക്കുന്നേൽ
പുസ്തക പ്രകാശനം
സൗഹൃദ സായാഹ്നം
2026 ജനുവരി 12 തിങ്കൾ 4 മണി | ചൈതന്യ, തെള്ളകം
ജീവിതത്തിന്റെ നേർസാക്ഷ്യങ്ങളിൽനിന്ന് ബാബു തോമസ് കണ്ടെടുത്ത കഥാപാത്രങ്ങൾ സ്വർണച്ചാമരം വീശിയെത്തുമ്പോൾ നിങ്ങളുടെ മനസ്സ് പറയും "ഇത് വെറും കഥകളല്ല, അക്ഷരങ്ങളിൽ സ്ഫുടം ചെയ്ത അനുഭവങ്ങളാണ്."
കേരള എക്സ്പ്രസ് അക്ഷരശ്രേഷ്ഠ പുരസ്കാരം നൽകി പ്രൊഫ. ബാബു തോമസിനെ ആദരിക്കുന്നു.
വായനയുടെ സൗന്ദര്യം
പ്രസാധനം | വിതരണം
vara
art gallery, Kottayam
Mob: 93870 73135
മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് പേര് രേഖപ്പെടുത്തിയ പ്രത്യേക ഗിഫ്റ്റ് ബോക്സിൽ നാല് കോപ്പികൾ. 1000 രൂപ
സംഘാടനം കേരളാ എക്സ്പ്രസ് KERALA EXPRESS ചിക്കാഗോ
Weekly Newspaper National Edition from Chicago
Design: Vara Art Gallery, Ktm. 93870 73135
സൗഹൃദ വേദി
റോഷി അഗസ്റ്റിൻ (ബഹു. ജലവിഭവ വകുപ്പ് മന്ത്രി)
മോൻസ് ജോസഫ് MLA
തോമസ് ചാഴികാടൻ Ex. MP
പ്രൊഫ. ഷീല സ്റ്റീഫൻ
ഫാ. എബ്രഹാം പറമ്പേട്ട്
ഫാ. മാത്യു മണക്കാട്ട്
ഫാ. തോമസ് പുതിയകുന്നേൽ
സി.എൽ. തോമസ്
ജോസ് കണിയാലി
ബേബി ഊരാളിൽ
ജെയ്ബു കുളങ്ങര
ഡെന്നി ഊരാളിൽ
മാത്യൂസ് ഓരത്തേൽ
സൗഹൃദ സമിതി
ഡോ. അനിൽ സ്റ്റീഫൻ
ഡോ. നവീന നരിതൂക്കിൽ
ചാക്കോ കുരുവിള
തോമസ് എബ്രഹാം
ഇന്നസെന്റ് ചൂരവിള
സൈമൺ ആറുപറ
രാജു ആലപ്പാട്ട്
ബേബി മുല്ലക്കര
ടോം സാജൻ
ജോർജ് സെബാസ്റ്റ്യൻ
ടോണി ജോസ്